# ശാസ്ത്രം–ചരിത്രം
# മതം–ക്രിസ്തു

ടൈറ്റസ് കാർത്തികപ്പള്ളി

വേദാഭിമാനി

SASTHRAM-CHARITHRAM-MATHAM-CHRISTHU
(Malayalam)

Author : **Titus Karthikappally**

©Vedabhimani

First Edition : January 2013

Cover Design : Titus karthikappally

Published by :
Vedabhimani Publications
Karthikappally
Alappuzha
Kerla - 690516
Ph : 0479 - 3201787
Mob: 9847232598, 9847990939
e-mail : vedabhimani@gmail.com

**All rights reserved.** No portion of this book may be translated or reproduced in whole or in part in any form without the written permission of the publishers.

Copies : 20000

Rupees : **80 /-**



സാർവ്വത്രിക അംഗീകാരം ലഭിച്ച ബൈബിൾ-ശാസ്ത്രസാഹിത്യകാരനാണ് ടൈറ്റസ് കാർത്തികപ്പള്ളി. പേഴ്സണൽ വോയ്സ്, സയൻസ് ആന്റ് റിലീജൻ, ദി യൂത്ത്, ബൈബിൾ ടുഡേ തുടങ്ങിയ വിദേശ പ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ബൈബിൾ സയൻസ് അസോസിയേഷനുമായി ബന്ധപ്പെട്ട് ബൈബിൾ വിഷയങ്ങൾക്ക് ശാസ്ത്രീയ വിശദീകരണം നൽകിയിട്ടുണ്ട്. *എക്സിഹോമോ, സൈക്കി, പ്രശ്നവേദി, ശാസ്ത്രവും മാർഗ്ഗവും, പട്ടത്വസഭകളും ദൈവസഭയും, ദൈവം പറഞ്ഞ കാര്യങ്ങൾ* തുടങ്ങിയ ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ രചിച്ച ടൈറ്റസ് കാർത്തികപ്പള്ളി വേദാഭിമാനി പബ്ലിക്കേഷൻസ്, ലൈഫ്ട്രാക്ക് ഗോസ്പൽ ടീം സ്ഥാപകനും വേദാഭിമാനി പത്രത്തിന്റെ ചീഫ് എഡിറ്ററുമാണ്.

# ശാസ്ത്രം-ചരിത്രം-മതം-ക്രിസ്തു


1. ജീവോല്പത്തിയും പരിണാമസിദ്ധാന്തവും 8
2. യാദൃച്ഛികവാദവും ദൈവവും 19
3. ജീവശാസ്ത്രവും ജീവനുള്ളദൈവവും 25
4. പ്രപഞ്ചവും ബുദ്ധിമാനായ സൃഷ്ടികർത്താവും 30
5. വംശാവലിയും സൃഷ്ടിവാദവും 39
6. ആശയവാദവും ഭൗതീകവാദവും 41
7. ആത്മാവും ദൈവവും 45
8. പ്രകാശവസ്ത്രം 50
9. കൺമുന്നിൽ പ്രഭാവലയം 53
10. മരണാനന്തര ജീവിതം 55
11. മരണാനന്തര ജീവിതവും ആധുനികശാസ്ത്രവും 60
12. മനുഷ്യൻ 66
13. മനുഷ്യനും പാപവും 73
14. യേശുക്രിസ്തുവും ആധുനികശാസ്ത്രവും 78
15. മതവും യേശുക്രിസ്തുവും 83
16. ക്രിസ്തുവും മതപരിവർത്തനവും 86
17. മതപരിവർത്തനവും സുവിശേഷസ്വാതന്ത്ര്യവും 92
18. ശാസ്ത്രവും ക്രിസ്തുമാർഗ്ഗവും 97
19. മനുഷ്യന്റെ ശാസ്ത്രനേട്ടങ്ങൾ 103
20. അറിവ് പരിമിതം അപൂർണ്ണം 107
21. ഞാൻ കണ്ടെത്തിയ സത്യം 110
22. ദൈവമില്ലാത്ത ജീവിതം 115
23. യേശുക്രിസ്തു ആത്മസ്നേഹിതൻ 120
24. ഓർക്കുക മറക്കരുത് 126

# തിരിച്ചറിവ്

**ക**ടിഞ്ഞാണില്ലാത്ത ലോകത്ത് സ്വപ്നലോകം തേടിയുള്ള യാത്ര. ആരുടെയും നിയന്ത്രണങ്ങൾക്കു വിധേയപ്പെടാതെ ചരടില്ലാത്ത ഒരു പട്ടമായി മാറാനാഗ്രഹം. നിയന്ത്രണമാകുന്ന ചരടിന്റെ പ്രസക്തി മനസിലാകുന്നില്ല. അവസാനം ചില്ലുകൊട്ടാരംപോലെ തകർന്ന് തരിപ്പണമാകുന്നത് നിത്യകാഴ്ച. എവിടെയെങ്കിലും പോയി മൂക്കുകുത്തി തകർന്നുവീഴുമ്പോഴാണ് ബോധോദയമുണ്ടാകുന്നത്. ഒരു ചരട് എന്നെ നിയന്ത്രിക്കുവാനുണ്ടായിരുന്നെങ്കിൽ ഈ ഗതികേട് വരികയില്ലായിരുന്നുവെന്ന് പരിതപിക്കുമ്പോഴേക്കും സമയം അതിക്രമിച്ചിരിക്കും.

എത്തിച്ചേരേണ്ട തീരമേതെന്ന് അറിയാതിരുന്നാൽ, ദിശയറിയാനുള്ള യന്ത്രമില്ലാതെ മേഘാവൃതമായ രാത്രിയിൽ നടുക്കടലിൽ അലയുന്ന കപ്പലിനോടു തുല്യമാകും നമ്മുടെ അവസ്ഥ. അല്ലെങ്കിൽ, വെള്ളപ്പാച്ചിലിൽ അകപ്പെട്ട പൊങ്ങുതടിപോലെ ഒഴുക്കിന്റെ കൂടെ ചലിക്കുന്നു. എവിടെ വേണമെങ്കിലും എത്താം, എത്താതിരിക്കാം.

ലക്ഷ്യം മുൻപേ തീരുമാനിക്കേണ്ടതുണ്ട്. ഓരോ ദിവസവും കൊഴിഞ്ഞുവീഴുമ്പോൾ, ലക്ഷ്യത്തിലേക്ക് ഒരു ചുവടെങ്കിലും അടുക്കാൻ ശ്രമിക്കണം. ലക്ഷ്യമില്ലെങ്കിൽ നമുക്ക് ഏതുവഴിയും ഒരുപോലെയാണ്; ഏതു ദിശയും തെരഞ്ഞെടുക്കാം. പക്ഷേ, ലക്ഷ്യങ്ങളും ആദർശങ്ങളുമി

ല്ലെങ്കിൽ എങ്ങനെ മുന്നേറാനാണ്? ലക്ഷ്യത്തിന്റെ അഭാവം പരാജയത്തിലേക്കാവും നയിക്കുക.

ജീവിതമാകുന്ന യുദ്ധഭൂമിയിൽ വിജയിക്കുവാൻ വേണ്ട ആയുധങ്ങൾ നിങ്ങളുടെ ആവനാഴിയിൽ ശേഖരിച്ചില്ലെങ്കിൽ ജീവിതം പരാജയമായി മാറും. ശക്തി ദൗർബല്യങ്ങൾ തിരിച്ചറിയുക. തിരിച്ചറിവ് സ്വയം ഉണ്ടാകുന്നത് നന്ന്. ആ തിരിച്ചറിവിൽ ദൈവത്തെ കണ്ടെത്താൻ കഴിയുന്നത് മഹാഭാഗ്യം. ദൈവവിശ്വാസം മതപരമായ-അന്ധവിശ്വാസമാണെന്നാണ് പലരുടെയും ധാരണ. എന്നാൽ ദൈവം, പാപം, ആത്മാവ്, മരണാനന്തരജീവിതം ഇവ സുനിശ്ചിതങ്ങളായ യാഥാർത്ഥ്യങ്ങളാണ്. തുടർന്നുള്ള വായനയിൽ ഈ സത്യം നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയും. മുൻവിധികൾ ഉപേക്ഷിച്ച് ശാന്തമായി ശ്രദ്ധയോടെ വായിക്കണമെന്നുമാത്രം. യഥാർത്ഥ അറിവ് ഉണ്ടാകുക എന്നതാണ് അതിപ്രധാനമായകാര്യം. മനുഷ്യൻ സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ ഒരു ദിവസം നിൽക്കേണ്ടിവരും എന്നുള്ളത് വാസ്തവമാണ്. നിത്യകാലത്തെ അഭിമുഖീകരിക്കാൻ ലഭിക്കുന്ന ഒരേ ഒരു അവസരം മാത്രമാണ് ജീവിതം. അതിനാൽ സത്യം അന്വേഷിക്കുക-കണ്ടെത്തുക-അനുഭവിക്കുക. പുസ്തകവായനയിലൂടെ അത് നിങ്ങളുടെ ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീരട്ടെ.

# 1

# ജീവോല്പത്തിയും പരിണാമസിദ്ധാന്തവും

**ആ**ദിമ ഭൂമിയിലെ അസ്വസ്ഥതകളും വിഷങ്ങളും ജീവൻ പ്രത്യക്ഷപ്പെടുന്നതിനുള്ള ലക്ഷണങ്ങളായിരുന്നു എന്നാണ് പരിണാമസിദ്ധാന്തം പറയുന്നത്. മൂന്നു ഘട്ട ങ്ങളിലായി ജീവൻ രൂപംകൊണ്ടു. ഓരോ യുഗത്തിലും വരാൻ പോകുന്ന മനുഷ്യന് ജീവിക്കാൻ പാകത്തിൽ ഭൂമിയെ രൂപപ്പെടുത്തി (അത് എങ്ങനെ എന്ന് ചോദിക്ക രുത്)

ആദ്യത്തെ നൂറുകോടി വർഷത്തേക്ക് ജീവന്റെ ഭൗതീകഘടകങ്ങൾ അന്തരീക്ഷത്തിൽ ഒന്നിച്ചു ചേർന്നു. ഇളം ചൂടുണ്ടായിരുന്ന ആദിമകടലിൽ ജീവൻ ഉത്ഭവിക്കാ റായിരുന്നു. ജീവഘടകങ്ങളുടെ രൂപവും വലിപ്പവും പ്രവർത്തനവും അതിനിഗൂഢമായ സങ്കീർണ്ണതകളിലേക്ക് നീങ്ങി. അങ്ങനെ ജീവനുണ്ടാകുവാനുള്ള അവസരം ഭൂമി യിൽ നിലനിന്നു.

ആദിമഭൂമിയുടെ അന്തരീക്ഷത്തിലും കടലിലും നിറ ഞ്ഞുനിന്ന നീരാവി, ഹൈഡ്രജൻ, അമോണിയ, മീഥേൻ തുടങ്ങിയ ഘടകങ്ങൾ ഇടിമിന്നലിലൂടെ വൈദ്യുതി,

അൾട്രാവയലറ്റു രശ്മികളുടെ വികിരണം, അഗ്നിപർവ്വത ങ്ങളുടെ ചൂട് എന്നിവ നിമിത്തം പുനർവിന്യാസം നട ക്കുകയും അതുവഴി ജൈവവസ്തുക്കൾ ഉത്ഭവിക്കപ്പെടു കയും ചെയ്തു. ഈ വിധം രൂപപ്പെട്ട ജൈവപദാർത്ഥം അമിനോ ആസിഡ് എന്ന ജൈവസംയുക്ത ഘടകമാണ്. എല്ലാ ജൈവവസ്തുക്കളുടേയും മൂലഘടകമാണത്. ക്രമേണ ഇങ്ങനെ രൂപപ്പെടുന്ന ജൈവവിഭവങ്ങൾ കട ലിൽ സമൃദ്ധമായി. ജൈവഘടനയുടെ കുഴമ്പു പോലെ യായി ആദിമ കടൽ. ഇങ്ങനെ ജീവഘടനകൾ ഒന്നിച്ചുകൂ ടിയിരുന്നെങ്കിലും ഈ സ്ഥിതിയിലും ജീവൻ ഉത്ഭവിച്ചി രുന്നില്ല. അതിനുശേഷം പ്രകൃതിയിലെ ഊർജ്ജം ജൈവ ഘടനകളെ യോജിപ്പിച്ചു. നവീനവും സങ്കീർണ്ണവുമായ പദാർത്ഥങ്ങൾ രൂപപ്പെടുത്തി. ഇവയ്ക്ക് അത്ഭുതകരമായ കഴിവ് ഉണ്ടായിരുന്നു. പുനരുല്പാദന സിദ്ധിമൂലം അവ പെരുകി. അനസ്യൂതം ഈ പ്രക്രിയ നടന്നു... ബുദ്ധിജീ വികൾക്കുവേണ്ടി ഈ പറഞ്ഞുവന്ന പരിണാമസിദ്ധാന്തം ഒന്നുകൂടെ ശാസ്ത്രീയമായി വിശദീകരിക്കാം... ഭൂപരിണാ മത്തിന്റെ പ്രഥമദശയിലെ അത്യുഷ്ണത്തിൽ ദ്രവസ്തു ക്കൾ അവയുടെ സൂക്ഷ്മ കണികാ രൂപത്തിൽ വിഘടിച്ചു നിന്നിരുന്നു. കാലക്രമത്തിൽ ഭൂമി തണുത്തു തുടങ്ങിയ പ്പോൾ ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ എന്നീ മൂല കങ്ങൾ മാത്രാഭേദങ്ങളിൽ യോജിച്ച് വെള്ളം, അമോണിയം, മീഥേൻ എന്നിവയുടെ തന്മാത്രകൾ ഉണ്ടായി.

ഒരു അലോഹ മൂലവസ്തുവായ കാർബണിന്റെ ആവിർഭാവത്തോടെ ജീവപ്രതിഭാസത്തിന്റെ വിദൂരഛായ യുടെ നിഴലാട്ടം ഊർജ്ജരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അങ്ങ്ഗാര മൂലകങ്ങൾ തന്മാത്രകളുമായി കൂടിച്ചേർന്ന് ലളി തഘടനയുള്ള മോണോസാക്കറൈസ്ഡ്, അമിനോ ആസിഡ്, ഗ്ലിസറോൾ എന്നിവയുടെ വലിയ തന്മാത്രകൾ

ഉണ്ടായി. ജീവസ്തുക്കളിലെ പൊതുഘടകമായ കാർബണിന്റെ സവിശേഷതകളാണ് ഭൂമിയിൽ ജീവന്റെ നാളം കൊളുത്താൻ സഹായിച്ചത് എന്നതാണ് ഒപ്പാറിൻ സിദ്ധാന്തം. അങ്ങനെ ഊർജ്ജത്തിന്റെ ഏറ്റം ചൈതന്യവത്തായ ജീവൻ എന്ന പ്രതിഭാസത്തിന്റെ ആധാരശില കാർബൺ (കരി) ആകുന്നു.

കൂടുതൽ സങ്കീർണ്ണവും വലുതുമായ തന്മാത്രകൾ ഉൾക്കൊള്ളുന്ന സങ്കീർണ്ണഘടനയുള്ള പഞ്ചസാര, മാംസ്യം, കൊഴുപ്പ്, ന്യൂക്ലിക് ആസിഡ് എന്നിവ ഉണ്ടായതോടുകൂടി സൃഷ്ടിയുടെ പേറ്റുനോവാരംഭിച്ചു. ജൈവകോശമർമ്മത്തിൽ കാണുന്നതരം അമ്ലമാണ് ന്യൂക്ലിക് ആസിഡ്. പ്രോട്ടീനും ന്യൂക്ലിക് ആസിഡും ചേർന്ന് ന്യൂക്ലിയോ പ്രോട്ടീൻ എന്ന അതിസങ്കീർണ്ണ ജൈവവസ്തു - പ്രോട്ടോവൈറസുകൾ സംജാതമായി - സൃഷ്ടിയുടെ പ്രകാശനാളം...." ഇതാണ് പരിണാമസിദ്ധാന്തത്തിന്റെ രത്നചുരുക്കം.

മുകളിൽ പറഞ്ഞിരിക്കുന്ന പരിണാമസിദ്ധാന്തത്തിന് നിലനില്പ് സാദ്ധ്യമാണോ എന്ന് നോക്കാം. വൈറസിന് ഏറ്റവും പ്രാകൃതവും ലളിതവുമായ ജീവഘടനയാണുള്ളത് (ശരീരം വളരെ നേർത്തൊരു മാംസപാളികൊണ്ട് പൊതിഞ്ഞിട്ടുള്ള ഏതാനും D.N.A തന്മാത്രകളോ, R.N.A തന്മാത്രകളോ മാത്രമാണെന്ന് തെളിഞ്ഞിട്ടുണ്ട്). അതേ സമയം ഇവയ്ക്ക് സ്വന്തമായ നിലനില്പില്ലെന്നും തെളിഞ്ഞിട്ടുള്ള കാര്യമാണ്. അങ്ങനെ ചിന്തിക്കുമ്പോൾ... മാവാണോ, മാങ്ങയാണോ ആദ്യമുണ്ടായത്.... കോഴിക്കു മുമ്പ് എങ്ങനെ മുട്ട ഉണ്ടായി എന്ന തരത്തിൽ ചോദ്യങ്ങൾ ഉണ്ടാകുന്നു. ഈ സാഹചര്യത്തിലാണ് ആദിമ ജീവവസ്തു വൈറസാവാൻ തരമില്ലെന്ന് പരിണാമവാദികൾ സമ്മതിക്കുന്നത്.

ജീവോല്പത്തിയെപ്പറ്റിയുള്ള മനുഷ്യന്റെ ചിന്തകൾ മാത്രമാണ് പരിണാമസിദ്ധാന്തം. പദാർത്ഥ വിജ്ഞാനത്തിന്റെയും പരിണാമസിദ്ധാന്തത്തിന്റെയും വെളിച്ചത്തിൽ ജീവോല്പത്തിയെപ്പറ്റി മനുഷ്യൻ ചിന്തിക്കുന്നു. എന്നാൽ അവയ്ക്ക് വ്യക്തമായ തെളിവുകൾ ഒന്നും തന്നെയില്ല. നിർജ്ജീവകോശത്തിൽ ജീവൻ എങ്ങനെയുണ്ടായിയെന്നോ, ജീവൻ നിലനിൽക്കത്തക്കവിധം സാഹചര്യങ്ങൾ എപ്രകാരം ക്രമീകരിക്കപ്പെട്ടുവെന്നോ വിശദീകരിക്കുവാൻ പരിണാമവാദികൾക്ക് ഇന്നുവരെ സാധിച്ചിട്ടില്ല. യുക്തിവിചാരങ്ങളേക്കാൾ അന്ധവിശ്വാസജടിലങ്ങളായ സങ്കല്പങ്ങളിലാണ് ഇത് പടുത്തുയർത്തിയിരിക്കുന്നത്. ഇതാണ് സത്യത്തിന്റെ വഴി എന്ന് ഇക്കൂട്ടർ അവകാശപ്പെടുന്നുവെങ്കിലും സത്യത്തിന്റെ വഴിയിൽ ഒരിക്കൽ പോലും ഉറച്ചു നില്ക്കുവാൻ ഇക്കൂട്ടർക്ക് കഴിഞ്ഞിട്ടില്ല എന്നത് ഖേദകരം തന്നെ.

പരിണാമസിദ്ധാന്തികൾക്ക് ആകെക്കൂടി ചൂണ്ടിക്കാണിക്കുവാൻ കഴിയുന്ന തെളിവ് സ്റ്റീഫൻ മില്ലറുടെ പരീക്ഷണങ്ങൾ മാത്രമാണ്. പൗളിഗിന്റെ നിർദ്ദേശാനുസരണം അദ്ദേഹം മിഥേൻ, അമോണിയ, ജലം, ഹൈഡ്രജൻ എന്നിവ ഒരു ഗ്ലാസ്സ് ഗോളത്തിൽ ശേഖരിച്ചുകൊണ്ട് അതിൽകൂടി ഒരു വൈദ്യുതി ഡിസ്ചാർജ് കടത്തിവിട്ടു. ഏകദേശം 20 അമിനോ അമ്ലങ്ങൾ ഉണ്ടായി. ഗ്ലൈഡിംഗ്, അലാമിൻ A, അലാമിൻ B, അമിനോ എന്നിവയാണ് അവയിലേറ്റവും സ്ഥിരതയുള്ളതായി കാണപ്പെട്ടത്. പാവ്ലോവ്സ്കി, പാസിൻസ്കി, ഹെയസ്, വാൾട്ടൺ, മെയർ തുടങ്ങിയ ശാസ്ത്രകാരന്മാരും ഇതു പരീക്ഷിച്ചു നോക്കി അന്തരീക്ഷത്തിൽ അമിനോ അമ്ലങ്ങളുടെ ഘടകങ്ങൾ കണ്ടെത്തി. ഒരു ശാസ്ത്രപഠിതാവിന് ഈ പരീക്ഷണങ്ങളിൽ നിന്ന് എന്താണ് മനസ്സിലാക്കാൻ സാധിക്കുന്നത്?

അകാർബണിക രാസവസ്തുക്കളിൽ നിന്നു ലളിതമായ ചില കാർബണിക ഘടകങ്ങളെ ഉൽപാദിപ്പിക്കാമെന്നു മാത്രം.

ഭൂമിയിൽ ജീവന്റെ ഉത്ഭവത്തിനുകാരണമായ ഘടകം കാർബണാണെന്നു പറയുന്നു. നാസയുടെ പര്യവേഷണ വാഹനമായ ക്യൂരിയോസിറ്റി നടത്തിയ പരിശോധനയിൽ ചൊവ്വയിൽ കാർബൺ സംയുക്തങ്ങൾ കണ്ടെത്തുകയുണ്ടായി. കലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞനായ ജോൺ ഗ്രോട്ട്സിംഗർ പറയുന്നത് ഓർഗാനിക് കാർബണും ജലവുമുണ്ടെങ്കിൽ ജീവന്റെ നിലനിൽപ്പിന് അനുകൂല സാഹചര്യമായി എന്നാണ്. ഈ സാഹചര്യങ്ങൾവച്ച് ജീവൻ രൂപംകൊള്ളുമായിരുന്നുവെങ്കിൽ എന്തുകൊണ്ട് ജീവന്റെ നിലനിൽപ്പിന് അനുകൂല സാഹചര്യങ്ങളുള്ള ചൊവ്വയിൽ അങ്ങനെ സംഭവിക്കുന്നില്ല? ഓർഗാനിക് കാർബണും ജലവും എന്നല്ല, ഒന്നിനാലും ജീവൻ ഉല്പാദിപ്പിക്കുവാനോ അതിന്റെ നിലനിൽപ്പിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുവാനോ ഇന്നുവരെ ഒരു ശാസ്ത്രത്തിനും കഴിഞ്ഞിട്ടില്ല.

അങ്ങനെയെങ്കിൽ സ്വയമെ സ്വരുപിക്കപ്പെടാൻ വയ്യാത്തത്ര സങ്കീർണ്ണമായ ജീവതന്മാത്രകണങ്ങൾ എവിടെ നിന്നു വന്നു? അതിന് ആധുനിക ശാസ്ത്രകാരന്മാർ മറുപടി നൽകുന്നുണ്ട്. മുകളിലെങ്ങോ സൃഷ്ടിക്കപ്പെട്ട് ഉല്ക്ക വഴി ഭൂമിയിൽ എത്തിച്ചേർന്നതായിരിക്കാം എന്നാണ് ചിലരുടെ അഭിപ്രായം. സ്പേസിന്റെ അന്തരാളങ്ങളിൽ ബ്രഹ്മാണ്ഡമായ അളവിൽ തന്നെ ജീവസദൃശ്യമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യമുണ്ടെന്നാണ് സ്പെക്ട്രോസ്കോപ്പിക വിശ്ലേഷണ പഠനങ്ങൾ വെളിവാക്കിയിട്ടുള്ളത്. നാസയിലെ ശാസ്ത്രജ്ഞനായ ഡോ. സിറിൾ

പൊന്നുംപെരുമ ഈ അഭിപ്രായത്തെ സ്വാഗതം ചെയ്യുകയുണ്ടായി. പ്രപഞ്ചോല്പത്തിയുടെ രഹസ്യം തേടി അമേരിക്ക വിട്ടയച്ച ഉപഗ്രഹത്തിൽ നിന്നും കിട്ടിയ വിവരങ്ങൾ ശക്തമായ പൊട്ടിത്തെറിയോ ഊർജ്ജവിസ്ഫോടനമോ നടന്നിരിക്കാനുള്ള സാധ്യത തള്ളിക്കളയുന്നതായിട്ടാണ് കാണാൻ സാധിക്കുന്നതെന്ന് നാസയിലെ ശാസ്ത്രജ്ഞർതന്നെ അഭിപ്രായപ്പെടുകയുണ്ടായി. അതേസമയം ബാഹ്യാകാശത്തു നിന്നും ഭൂമിയിൽ വീണിട്ടുള്ള അനേകം ഉല്ക്കാവശിഷ്ടങ്ങൾ പരിശോധിച്ചതിൽ പലതിലും ജീവകണങ്ങൾ ആയിരുന്നിരിക്കാൻ സാധ്യതയുള്ള കാർബണിക യൗഗികങ്ങൾ കണ്ടെടുക്കാനും കഴിഞ്ഞിട്ടുണ്ട്. അതിനാലായിരിക്കും മുകളിൽ ചൂണ്ടിക്കാണിച്ച നിഗമനങ്ങളിൽ എത്തിച്ചേരുവാൻ ശാസ്ത്രകാരന്മാർ നിർബന്ധിതരായത്.... പരിണാമസിദ്ധാന്തത്തിന്റെ സത്യസന്ധമായ മറ്റൊരു ചുവടുമാറ്റമാണ് ഇവിടെ നാം കാണുന്നത്.

ചിന്തിക്കുക - ജീവശാസ്ത്ര പ്രക്രിയകളിലെ സുപ്രധാനമായ രണ്ട് ഘടകങ്ങളാണ് D.N.A യും A.T.P യും. ഇവയിൽ D.N.A യെക്കുറിച്ച് നമുക്ക് അറിവുള്ളതിനാൽ വിശദീകരിക്കുന്നില്ല. എന്നാൽ ജീവികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം സംഭരിക്കുകയും വേണ്ടിടത്ത് നൽകുകയും ചെയ്യുന്ന അസ്ഥിരമായ രാസയൗഗികമാണ് A.T.P (അഡിനോസിൻ ട്രൈഫോസ്ഫേറ്റ്) ഈ സങ്കീർണ്ണരാസതന്മാത്രയുടെ ആന്തരീകഘടനയ്ക്കുള്ളിൽ ഊർജ്ജം സംഭരിക്കാനും വേണ്ടപ്പോൾ വിട്ടുകൊടുക്കാനുമുള്ള സംവിധാനമുള്ളതിനാലാണ് ഇതിനെ ജൈവബാറ്ററി എന്ന് പറയുന്നത്.

സുസ്ഥിര സ്വഭാവിയാണ് D.N.A എങ്കിൽ A.T.P അസ്ഥിരസ്വഭാവിയാണ്. പ്രകടമായ ഇത്തരം അടിസ്ഥാന സ്വഭാ

വവൈരുദ്ധ്യം പ്രദർശിപ്പിക്കുന്ന രണ്ട് വ്യത്യസ്ത തന്മാത്രകളെ ഒരേകാലത്തുതന്നെ പ്രകൃതിനിർദ്ധാരണത്തിൽ തെരഞ്ഞെടുത്തുവെന്നത് തീരെ യുക്തിക്ക് നിരക്കുന്ന കാര്യമല്ല. D.N.A യും A.T.P യും പരസ്പര പൂരകങ്ങളായാണ് കോശത്തിൽ വർത്തിക്കുന്നത്. ഒന്നിന്റെ അഭാവത്തിൽ മറ്റേതിന് പ്രവർത്തിക്കാനാവില്ല. ഇവ രണ്ടും കൂടെ ഒരുമിച്ച് തിരഞ്ഞെടുക്കുന്ന സ്ഥിതിവിശേഷം പരിണാമത്തിന്റെ അടിസ്ഥാനതത്ത്വമായ 'സ്പിരിറ്റിന്' എതിരായ ഒന്നാണ്.

പരിണാമസിദ്ധാന്തത്തിന്റെ വക്താക്കളുടെ അഭിപ്രായങ്ങൾ തന്നെ ഇവിടെ പഠനവിധേയമാക്കേണ്ടതുണ്ട്. ശരീരത്തെ സംബന്ധിച്ച നമ്മുടെ ജ്ഞാനം വർദ്ധിച്ചപ്പോൾ ആവശ്യമില്ലാത്ത അവയവങ്ങൾ കുറഞ്ഞു എന്ന് പറയുന്ന സർ ആർതർ കെയ്ത് ആവർത്തന വാദത്തിൽ തുടർന്നു പറയുന്നത് ശ്രദ്ധിക്കുക. .....എന്നാൽ എല്ലാ ഘട്ടത്തിലുമുള്ള ഭ്രൂണത്തിന്റെ ലക്ഷണങ്ങൾ ശരിയായി അറിയുവാൻ ഇപ്പോൾ സാധിക്കുന്നു. മനുഷ്യഭ്രൂണത്തിന് ഒരു ഘട്ടത്തിലും മനുഷ്യകുരങ്ങിന്റെ ലക്ഷണം ഇല്ല തന്നെ. അതുകൊണ്ട് പ്രസ്തുത സിദ്ധാന്തം കുഴപ്പത്തിലാണ്" (The human body; Page 236-338 ). ഡാർവിന് കുരങ്ങിന്റെയോ മനുഷ്യകുരങ്ങിന്റെയോ മനുഷ്യന്റെയോ ശരീരഘടനയെപ്പറ്റി നേരിട്ടുള്ള യാതൊരറിവും ഇല്ലായിരുന്നു. പ്രസ്തുത വിഷയത്തെ സംബന്ധിച്ചു നിലവിലുണ്ടായിരുന്ന ഗ്രന്ഥങ്ങൾ ഡാർവ്വിൻ നോക്കിയിട്ടില്ല. അദ്ദേഹം സ്വീകരിച്ച അറിവുകൾ അബദ്ധജടിലങ്ങളുമാണ്. ഇങ്ങനെ പറയുന്നത് Royal College of Surgeon's Human and Comparative Anatomy പ്രൊഫസറായ Wood Jones ആണ് (British Medical Journal, Page 33). ബ്രിട്ടീഷ് ബയോളജിസ്റ്റായ പ്രൊഫസർ ബാറ്റ്സൺ പറയുന്നു. സുദീർഘ വർഷങ്ങൾ കഴിഞ്ഞിട്ടും

വർഗ്ഗോല്പത്തിയെ സംബന്ധിച്ച യാതൊരു തെളിവും കണ്ടെത്താൻ സാധിച്ചിട്ടില്ല. ഡോ. വാലസ് പറയുന്നു, "വർഗ്ഗങ്ങൾ തമ്മിലുള്ള വിടവ് നികത്താൻ കഴിയാത്തതിലാണ് ഡാർവിന്റെ പരാജയം സ്ഥിതി ചെയ്യുന്നത്." ഇന്നുള്ള അറിവിന്റെ പശ്ചാത്തലത്തിൽ ജീവനുള്ളവയേയും ഇല്ലാത്തവയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണികൾ ഒന്നുമില്ല" (Encyclopedia Britanica Art Biology). ലണ്ട് സർവ്വകലാശാലയിലെ ബൊട്ടാണിക്കൽ ജനറ്റിക്സ് ഹെർബർട്ട് നിൽസൺ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. വർഗ്ഗോല്പത്തിയെ സംബന്ധിച്ച് കഴിഞ്ഞ മൂന്ന് ദശവർഷക്കാലത്തെ ഗവേഷണത്തിൽ നിന്നും ഏതെങ്കിലും വ്യത്യസ്തജീവി പരിവർത്തനഫലമായി ഉളവായതായി തെളിയിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് പരിണാമവാദം വർഗ്ഗോല്പത്തിയെ സംബന്ധിച്ചുള്ള ഗവേഷണപരമായ പരീക്ഷണങ്ങളിൽ തെളിയിച്ചിട്ടുള്ളതല്ലായെന്ന് തീർത്തു പറയേണ്ടിയിരിക്കുന്നു. ഹൈഡ്രജനിൽ നിന്നല്ല യുറേനിയം ഉണ്ടായത്. അതുപോലെ അമീബയിൽ നിന്നും ഹോമോ ഉണ്ടായി എന്നും മറ്റുമുള്ള പരിണാമത്തിൽ അധിഷ്ഠിതമല്ല ജീവശാസ്ത്രം (Herditas, Vol. XX, page - 236) ആധുനിക ശാസ്ത്രകാരന്മാരുടെ നിഗമനങ്ങൾ ഒന്നിച്ചു ചേർത്തു പരിശോധിച്ചാൽ ഒരു കാര്യം വ്യക്തം അതായത് ഓരോ ജീവിയും അതതിന്റെ നിലയിൽ പ്രവർത്തിക്കുന്നതിന് തികവുള്ളതായി കാണുന്നു. ഭാവിയിലുണ്ടാകാവുന്ന പരിണാമത്തിന്റെ മധ്യവർത്തിയായി അവയിലൊന്നും കാണപ്പെടുവാൻ സാധ്യമല്ല. കാര്യങ്ങൾ ഇങ്ങനെയായിരിക്കെ പരിണാമസിദ്ധാന്തത്തിന് നിലനില്പ് സാധ്യമല്ലല്ലോ.

എല്ലാ വർഗ്ഗങ്ങളും ഒരേകാലത്തു തന്നെ ഉളവായി എന്ന സൃഷ്ടിവാദത്തെ എതിർക്കുന്ന പരസ്പരവിരുദ്ധങ്ങ

ളായ പരിണാമ സിദ്ധാന്തത്തിന്റെ (വ്യാജശാസ്ത്രം) വേരുകൾ തേടി പോകുമ്പോൾ കാണുവാൻ സാധിക്കുന്ന കാര്യങ്ങൾ പരിശോധിച്ചാൽ അവ അബദ്ധജടിലമാണെന്ന് മനസ്സിലാകും.

ഇപ്പോൾ പരിണാമസിദ്ധാന്തം സുസ്ഥിരമായ സത്യവഴി വിട്ട് പുതിയ മേഖലകളിലേക്ക് അപഥസഞ്ചാരം നടത്തുകയാണ്, അക്കങ്ങൾ എണ്ണി തെറ്റുമ്പോൾ വീണ്ടും ഒന്നിൽ നിന്നും തുടങ്ങുന്നതുപോലെ. പ്രപഞ്ചോല്പത്തിയെപ്പറ്റിയുള്ള പരീക്ഷണനിരീക്ഷണങ്ങൾ ഇപ്പോഴും പ്രാരംഭദിശയിൽ തന്നെയാണ്.

ഡാർവിന്റെ Origin of Species എന്ന ഗ്രന്ഥമാണ് പരിണാമവാദത്തിന്റെ ആധികാരിക രേഖ. 1857–ൽ പ്രസിദ്ധീകരിച്ച 'Origin of Species' എന്ന ശാസ്ത്രസാങ്കല്പിക ഗ്രന്ഥത്തിൽ പതിനഞ്ച് അദ്ധ്യായങ്ങളുണ്ട്. 374 പേജുകളും. (The Modern Library. New York) അതിലെ പതിമൂന്നാമത്തെ പേജിൽ 'as I believe' എന്ന പദപ്രയോഗം കാണുന്നു. പത്തൊമ്പതാമത്തെ പേജിൽ 'I belive' എന്നും! പ്രസ്തുത പുസ്തകം ഉടനീളം പരിശോധിച്ചാൽ ഡാർവിന്റെ അഭിപ്രായങ്ങളുടെ ഒരു ശേഖരണം ഉണ്ടെന്നല്ലാതെ ആ അഭിപ്രായങ്ങളെ തെളിയിക്കുന്ന ഒരു വാചകംപോലും ഇല്ല. ഞാനങ്ങനെ വിശ്വസിക്കുന്നു" "എന്നെനിക്കു തോന്നുന്നു" "ഞാൻ ഊഹിക്കുന്നു" "എന്നു കരുതുന്നു" "ഒരു പക്ഷേ" "ചിലപ്പോൾ" "ആയിരിക്കാം" എന്നീ പദപ്രയോഗങ്ങളല്ലാതെ വാദഗതിയെ തെളിയിക്കുന്ന വസ്തുതകൾ ഒന്നും ഉപയോഗിച്ചിട്ടില്ല.

ജീവികൾ പൂർവ്വജീവികളിൽ നിന്നു മാത്രമെ ഉളവാകുന്നുള്ളു എന്നതു പ്രകൃതിനിയമമാണെന്നു പരിണാമവാദികൾ സമ്മതിക്കുന്ന സ്ഥിതിക്ക് ഒന്നാമത്തെ ജീവി

തനിയെ ഉളവാകുക എന്നത് പ്രകൃതി നിയമത്തിനു വിരുദ്ധമല്ലേ? പ്രകൃതിനിയമത്തിനു വിരുദ്ധമായി ജീവൻ തനിയെ ഉളവായി എന്ന വാദം ശാസ്ത്രത്തിനു അംഗീകരിക്കുവാൻ കഴിയാത്തതാണ്.

നട്ടെല്ലില്ലാത്ത ജന്തുക്കൾ നട്ടെല്ലുള്ളവയായും, മത്സ്യങ്ങൾ ഉഭയചരജന്തുക്കളായും (വെള്ളത്തിലും കരയിലും വസിക്കുവാൻ കഴിവുള്ള തവളയെപ്പോലുള്ള ജീവികളാണു ഉഭയചരജന്തക്കൾ) ഉഭയചര ജന്തുക്കൾ ഇഴജന്തുക്കളായും ഇഴജന്തുക്കൾ സ്തന്യപങ്ങൾ (കുഞ്ഞുങ്ങളെ പാലൂട്ടുന്നവ) ആയും പരിണമിക്കുവാൻ ഘടനയിലുണ്ടായതായി സങ്കല്പിക്കേണ്ട സമൂലമായ പരിവർത്തനങ്ങളും അവിശ്വസനീയമായ രൂപഭേദങ്ങളും എങ്ങനെ സംഭവിച്ചു എന്ന് വിഭാവന ചെയ്യുവാൻ പോലും യാതൊരു ന്യായവും കാണുന്നില്ല. ശാസ്ത്രപുരോഗതിയ്ക്കുള്ള ബ്രിട്ടീഷ് സംഘടനയുടെ അദ്ധ്യക്ഷനായ പ്രൊഫ. ജെ. ഡോയൽ പറയുന്നു. ....ലോകത്തിൽ ജീവനുള്ളവയെല്ലാം ഒരേ ഒരു ആരംഭത്തിൽ നിന്നും ഉണ്ടായി എന്നും ആ ആദിമജീവൻ നിർജ്ജീവ വസ്തുക്കളിൽ നിന്നും ഉണ്ടായി എന്നും ഒരു സിദ്ധാന്തമുണ്ട്. ഇതിനെ “പൊതുവായി പരിണാമവാദം” എന്ന് പറയുന്നു. എന്നാൽ ഈ വാദത്തെ പിൻതാങ്ങുന്ന തെളിവുകൾ വേണ്ടത്ര ശക്തിയുള്ളവയല്ലാത്തതിനാൽ പരിണാമവാദം പഠനത്തിനുള്ള അനുമാനമായി പരിഗണിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നില്ല. “......ഒരു അണുജീവിയുടെയെങ്കിലും പരിണാമത്തെ തെളിയിക്കുവാൻ നമുക്ക് കഴിയാത്തതുകൊണ്ട്, ആയിരം ദശലക്ഷം വർഷങ്ങൾകൊണ്ട് പ്രപഞ്ചം പരിണമിച്ചുണ്ടായി എന്ന് പറയുന്നത് ബുദ്ധിപരമായ അഹങ്കാരമാണ്.”

*British Association for Advancement of Science.*

ഇവിടെ ജ്ഞാനം (ശാസ്ത്രം) എന്നു വ്യാജമായി പറയുന്നതിന്റെ ശക്തി വിരുദ്ധമായ വ്യർത്ഥാലാപങ്ങൾക്കും തർക്കസൂത്രങ്ങൾക്കും (1 തിമൊ. 6:20) എതിരെ ബൈബിൾ മുന്നറിയിപ്പ് നൽകിയിരുന്നു. എങ്കിലും മുങ്ങിമരിക്കുന്ന മനുഷ്യൻ വൈക്കോലിൽ പിടിച്ച് തൂങ്ങുന്നതുപോലെ പലരും ഇപ്പോഴും പരിണാമ സിദ്ധാന്തത്തിൽ പറ്റിപ്പിടിച്ചു കഴിയുന്നു എന്നത് അത്ഭുതാവഹമാണ്. മനുഷ്യോല്പത്തിയേയും അഖിലാണ്ഡത്തിന്റെ സൃഷ്ടിയേയും സംബന്ധിച്ച പരസ്പരവിരുദ്ധങ്ങളായ സിദ്ധാന്തങ്ങൾ സ്വീകാര്യമല്ല. പ്രപഞ്ചത്തിന്റെ അധികാരത്തെ ചോദ്യം ചെയ്യാതെ പ്രപഞ്ചത്തിൽ നിന്നും രൂപപ്പെടുത്തപ്പെട്ട ശാസ്ത്രം പ്രപഞ്ചസൃഷ്ടി ദൈവം നേരിട്ട് നടത്തിയിട്ടുള്ളതാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. അതല്ലാതുള്ള ശാസ്ത്രം വ്യാജമാണ്. കാരണം, “ഗോചരവും അഗോചരവുമായ സകല വസ്തുക്കളും സൃഷ്ടിപ്പിന്റെ യാഥാർത്ഥ്യം ചൂണ്ടിക്കാണിക്കുന്നു.” വിവിധ ധാതുക്കളുടെ സ്വയമായ സംയോജനത്താൽ മാത്രം ഈ പ്രപഞ്ചം ഉളവാകാൻ സാധ്യമല്ല. (ജയിംസ് ജീൻസ്, Eossor Wider Aspects of Cosmogony, p.55) ഏതെങ്കിലും വിധത്തിലുള്ള സൃഷ്ടിപ്പിനെ വിശ്വസിച്ചല്ലാതെ നമ്മുടെയോ ബാഹ്യലോകത്തിന്റെയോ അസ്തിത്വത്തിന്റെ മർമ്മം ഗ്രഹിക്കാൻ കഴിയുന്നതല്ല. സൃഷ്ടിപ്പിന് ഉദ്ദേശം, പ്ലാൻ, മാനസിക പ്രവർത്തനം ഇവ അത്യന്താപേക്ഷിതമാണ്. അതിനാൽ അവയെ പ്രതിനിധാനം ചെയ്യുന്ന ഒരു സ്രഷ്ടാവുണ്ടെന്നുള്ള വസ്തുത ഈ പ്രപഞ്ചം തന്നെ വെളിവാക്കുന്നു (സർ ഒലിവർലോഡ്ജ്, The great Design p-231).

# 2

# യാദൃച്ഛികവാദവും ദൈവവും

**പ്ര**പഞ്ചോല്പത്തിയെപ്പറ്റി സംസാരിക്കേണ്ടിവന്നിട്ടുള്ള സാഹചര്യങ്ങളിൽ യാദൃച്ഛികവാദം ഉന്നയിച്ച് കേൾവിക്കാരിൽ പലരും എന്റെ സംസാരത്തെ തടസ്സപ്പെടുത്തിക്കൊണ്ട്: "ധൂമപടലം കണക്കെ അനന്തമായ അന്തരീക്ഷത്തിൽ വ്യാപിച്ച് കിടന്നിരുന്ന പദാർത്ഥാണുക്കളായിരുന്നു പ്രപഞ്ചം എന്നും പ്രസ്തുത പദാർത്ഥങ്ങളുടെ സാന്ദ്രതയും സമ്മർദ്ദവും വിസ്ഫോടനത്തിന് കാരണമായി എന്നും സ്ഫോടനാനന്തരം വിവിധ ഗ്രഹങ്ങൾ സ്വയം രൂപം കൊണ്ടെന്നും തുടർന്ന് സുദീർഘമായ പല പരിവർത്തനദശകളും പിന്നിട്ട് പ്രപഞ്ചം ഇന്നു കാണുന്ന അവസ്ഥയെ പ്രാപിച്ചു എന്നും..." പറഞ്ഞശേഷം; "ഇതിൽ എവിടെയാണ് ദൈവത്തിന് കയ്യുള്ളതെന്ന്" അവർ ചോദിക്കുന്നു.

ഈ വാദം അയുക്തികവും അബദ്ധജടിലവും ആണ്. പദാർത്ഥാണുക്കളുടെ സാന്ദ്രീകരണവും സമ്മർദ്ദവുമാണ് വിസ്ഫോടനത്തിന് കാരണം എന്നു പറയുമ്പോഴും അത് വസ്തുസ്ഥിതിയെക്കുറിച്ചുള്ള വിവരണത്തിൽ കവിഞ്ഞ് യാതൊന്നുമാകുന്നില്ല. സാന്ദ്രീകരണത്തിനും സമ്മർദ്ദത്തിനുമുള്ള ഹേതു എന്താണെന്ന് പറഞ്ഞാലല്ലേ വ്യാഖ്യാന

മാകൂ... സ്ഫോടനത്തിന്റെ കാരണം കണ്ടെത്താൻ ശ്രമിക്കുമ്പോൾ, യാദൃശ്ചികവാദത്തിന്റെ പൊള്ളത്തരം നമുക്ക് ബോദ്ധ്യമാകും... എങ്ങനെയുണ്ടായി എന്ന ചോദ്യത്തിനോ എന്തുകൊണ്ടുണ്ടായി എന്ന ചോദ്യത്തിനോ വ്യക്തമായ മറുപടിയില്ല. ശാസ്ത്രത്തിന്റെ അംഗീകൃത സിദ്ധാന്തമായ കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും യാദൃച്ഛികത്വം കാരണമല്ല എന്ന് കാണാം.

ഒരു കുരങ്ങ് അലക്ഷ്യമായി നിരന്തരം ടൈപ്പ് റൈറ്ററിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി യാദൃച്ഛികമായി ഒരു കഥ രൂപം കൊണ്ടു എന്ന് പറയുമ്പോൾ യാദൃച്ഛികത്തിന് പിന്നിൽ കുരങ്ങന്റെ കൈകൾ ആണെന്ന് വരുന്നു. എന്നാൽ ഒരു ടൈപ്പ്റൈറ്റർ സ്വയം പ്രവർത്തനക്ഷമം ആകുകയും അത് ഒരു കഥയ്ക്ക് രൂപംകൊടുക്കുകയും ചെയ്തു എന്ന് പറയുമ്പോൾ ആയത് അവിശ്വസനീയം എന്നു വരുന്നു. പരമമായ കാരണത്തെ നിഷേധിക്കുകയും യാദൃച്ഛികത്വത്തെ കാരണമാക്കുകയും ചെയ്യുന്നവരുടെ പൊള്ളത്തരം ഈ ഉദാഹരണത്തിൽകൂടെ വ്യക്തമാകുന്നുണ്ടല്ലോ. കാരണം ഉണ്ടെന്ന വാദമോ കാരണം ഇല്ലെന്ന വാദമോ ഏതാണ് ശാസ്ത്രീയമെന്ന് നിങ്ങൾ തന്നെ ചിന്തിക്കുക.

പ്രപഞ്ചത്തിലെ അതിസൂക്ഷ്മമായ അണു മുതൽ വലിയ ഗോളങ്ങൾ വരെ അതിശയിപ്പിക്കുന്ന ഘടനയും വ്യവസ്ഥയും ഉള്ളതാണെന്ന് കാണാൻ ബുദ്ധിമുട്ടില്ല. അതിസൂഷ്മവും മഹത്തരവുമായ ഘടനയും വ്യവസ്ഥയും ഒരു സംഘാടകനും വ്യവസ്ഥാപകനും കൂടാതെ ഉണ്ടാവുകയില്ലെന്നത് തീർച്ചയാണ്. ഒരു എഞ്ചിൻ ഉണ്ടാകണമെങ്കിൽ അതിനു പിന്നിൽ ഒരു എഞ്ചിനീയർ ഉണ്ടായിരിക്കും. ഒരു ഗ്രന്ഥത്തിനു പിന്നിൽ ഒരു ഗ്രന്ഥകാരൻ ഉണ്ടായിരിക്കും.

ഇരുമ്പുഖനിയിൽ ഉണ്ടായ യാദൃഛികമായ വിസ്ഫോടന ത്തിന്റെ ഫലമായി കുറെ യന്ത്രങ്ങൾ ഉണ്ടായതായോ അച്ച ടിശാലയിലെ പൊട്ടിത്തെറിയെ തുടർന്ന് ഒരു അമൂല്യ ഗ്രന്ഥം ഉണ്ടായതായോ കേട്ടിട്ടില്ല. അങ്ങനെ ആരെങ്കിലും പറഞ്ഞാൽ-വാദിച്ചാൽ അവനെ ഭ്രാന്തൻ എന്ന് ആളുകൾ വിളിക്കും. അങ്ങനെയെങ്കിൽ അത്ഭുതാവഹമായ ഘടന യോടും വ്യവസ്ഥയോടും കൂടെ സ്ഥിതി ചെയ്യുന്ന പ്രപ ഞ്ചമാകുന്ന ഈ മഹായന്ത്രശാല ഒരു ആസൂത്രകനായ എഞ്ചിനീയറും നിർമ്മാതാവുമില്ലാതെ യാദൃച്ഛികമായി ഉണ്ടായി എന്നു വാദിക്കുന്നവരെ എന്തു വിളിക്കണം?

പ്രകൃതിക്ക് ചില നിയമവ്യവസ്ഥകളുണ്ടെന്നും പ്രകൃ തിയിലെ പ്രതിഭാസങ്ങൾ അവയ്ക്ക് അനുസൃതമായി മാത്രമേ പ്രകടമാകയുള്ളു എന്നും ശാസ്ത്രം പറയുന്നു. അതെ സമയം സൗകര്യപൂർവ്വം പ്രകൃതിവ്യവസ്ഥയ്ക്ക് രൂപംകൊടുത്ത ശക്തിയെ അവഗണിക്കുന്നു. എങ്കിലും സത്യം ഇല്ലാതാകുന്നില്ല. പ്രപഞ്ചം ഒരു നിശ്ചിത സമയത്ത് നിലവിൽ വന്നതാണെന്ന ശാസ്ത്രസിദ്ധാന്തത്തിനെതിരാ ണല്ലോ പ്രപഞ്ചം അനാദിയും അനന്തവുമാണെന്ന വാദം. പദാർത്ഥം അനാദിയും അനന്തവുമാണെന്ന് ദൈവനിഷേ ധികൾ കരുതുന്നുണ്ടെങ്കിൽ പരിവർത്തനവിധേയമായവ യ്ക്കെല്ലാം ആദി ഉണ്ടെന്ന് അംഗീകരിക്കപ്പെട്ട തത്വത്തെ മറികടക്കുവാൻ ഒരു പഴുതും ലഭ്യമല്ലായെന്ന് ഇനിയെ ങ്കിലും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിനാൽ പദാർത്ഥത്തെ സൃഷ്ടിച്ച പ്രകൃത്യാതീതമായ ശക്തിവിശേ ഷത്തിന്റെ അസ്തിത്വത്തെ അംഗീകരിക്കാതെ തരമില്ലെന്നു വരുന്നു.

ദൈവത്തെ കണ്ടിട്ടില്ല, ഉൾക്കൊള്ളുവാൻ കഴിയുന്നില്ല, മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്നീ കാരണങ്ങളാൽ

വിശ്വസിക്കയില്ല എന്ന വാദം ബാലിശമാണ്. ഉദാഹരണത്തിന് അതിപരിമിതങ്ങളായ മനുഷ്യഭരണകൂടങ്ങളെ മാത്രം എടുക്കാം. മന്ത്രിപദത്തിലോ, രാജസിംഹാസനത്തിലോ ഭരണകൂടത്തെ നയിച്ചുകൊണ്ടിരിക്കുന്ന വ്യക്തി നമ്മെപ്പോലുള്ള ഒരു മനുഷ്യൻതന്നെയാണ്. പ്രകൃതിയാലുള്ള കഴിവുകൾ അനുസരിച്ച് നമുക്ക് പ്രസ്തുത വ്യക്തിയുമായി വലിയ അന്തരം ഒന്നുമില്ല. അയാൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും കർത്തവ്യങ്ങളുമൊക്കെ ഗ്രഹിക്കുവാനും നിർവ്വഹിക്കാനുമുള്ള കഴിവും യോഗ്യതയും സാമാന്യനിലയിൽ ചിന്തിച്ചാൽ ഒരു പരിധിവരെ നമുക്കുമുണ്ട്. പക്ഷെ ഭരണകർത്താവ് ഭരണപീഠത്തിലിരുന്ന് മുഴുവൻ ഭരണകൂടത്തിന്റെയും വ്യവസ്ഥകൾ നോക്കിക്കൊണ്ടിരിക്കുമ്പോൾ നാം പ്രസ്തുത വ്യവസ്ഥയിൽ നിന്ന് അകന്ന് നിലകൊള്ളുന്നു. തന്മൂലം പ്രസ്തുത വ്യക്തിയുടെ ഇടപാടുകളെ പ്രായോഗികമായി ശരിക്കും ഗ്രഹിക്കുവാൻ നമുക്ക് കഴിയുന്നില്ല. അതിനാൽത്തന്നെ ശാഖാപരമായ ഒരു സംഭവം നമ്മുടെ മുമ്പിൽ വരികയാണെങ്കിൽ അതിന്റെ ആവശ്യകതയും ഉദ്ദേശവും നമുക്ക് മനസ്സിലാക്കാൻ കഴിയാതെവരുന്നു. ഇപ്രകാരം മനുഷ്യനും മനുഷ്യനും തമ്മിൽ സ്ഥാനവ്യത്യാസം ഉണ്ടാകുമ്പോഴേക്കും ഇത്ര വലിയ മാറ്റം സംഭവിക്കുന്നു എങ്കിൽ ദൈവത്തിനും മനുഷ്യനും ഇടയ്ക്ക് എത്രമാത്രം അന്തരം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് നിങ്ങൾ തന്നെ ചിന്തിക്കുക. മനുഷ്യനും ദൈവവുമായി നിലപാടിൽ മാത്രമല്ല യാഥാർത്ഥ്യത്തിൽ തന്നെ വലിയ അന്തരം ഉണ്ടെന്ന സത്യം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ദൈവം പ്രപഞ്ചത്തിൽ ആകമാനം ഭരണം നടത്തുമ്പോൾ നാം അവന്റെ മഹാസാമ്രാജ്യത്തിലെ ഒരു മണൽത്തരി മാത്രമായ ഭൂമിയിലെ

അങ്ങേയറ്റം അഗണ്യമായ ഒരു മൂലയിൽ കഴിയുകയാണ്. അവന്റെ അറിവും കഴിവും യുക്തിയും സാമർത്ഥ്യവും അഖില ലോകത്തും വ്യാപരിച്ച് കിടക്കുമ്പോൾ നമ്മുടെ അറിവും കഴിവുമാകട്ടെ സ്വദേഹത്തിലെ ആന്തരീകയാഥാർത്ഥ്യങ്ങളോളംപോലും എത്തുന്നില്ല.

അവൻ അതിരറ്റ ശക്തിയുടെ ഉടമസ്ഥൻ ആയിരിക്കെ അതിന്റെ ഒരു അംശംപോലും നമ്മുടെ പക്കൽ ഇല്ലാതിരിക്കെ; വമ്പിച്ച അന്തരം നിലനിൽക്കേ അവന്റെ പ്രവർത്തനത്തെ, ഉദ്ദേശത്തെ നമുക്ക് എങ്ങനെ ഉൾക്കൊള്ളാൻ കഴിയും? വിമർശിക്കാനാവും? നാം നമ്മുടെതായ നിലയിൽ അവനെ വിമർശിക്കുകയും സ്വയം അഭിപ്രായം രൂപീകരിക്കയുമാണെങ്കിൽ അത് പൊട്ടക്കിണറ്റിൽ കിടക്കുന്ന തവള കേട്ടറിവിന്റെ അടിസ്ഥാനത്തിൽ സമുദ്രത്തിൽ കിടക്കുന്ന തിമിംഗലത്തെ വിമർശിക്കുന്നതിനേക്കാൾ അവിവേകവും വിഡ്ഢിത്തവുമായിരിക്കും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പ്രപഞ്ചാംശത്തിൽ മാത്രം ദൃഷ്ടി പരിമിതമായിരിക്കുന്ന; കേവലം ഉപരിപ്ലവമായിട്ടല്ലാതെ വീക്ഷിക്കുവാൻ കഴിവില്ലാത്തവനും, അവയുടെ ആന്തരീകയാഥാർത്ഥ്യങ്ങളോളം ചെന്നെത്തുവാനുള്ള യാതൊരു ഉപകരണവും കൈവശമില്ലാത്തവനുമായ ഒരു വ്യക്തി-ശാഖാപരമായ ഒരു സംഭവം കണ്ട് അതിന്റെ യുക്തിയേയും ഫലത്തേയും കുറിച്ച് അഭിപ്രായം രൂപീകരിക്കാൻ എങ്ങനെ അർഹനാകും? അങ്ങനെ വല്ല അഭിപ്രായവും രൂപീകരിക്കുവാൻ ഒരാൾ മുതിരുകയാണെങ്കിൽ അതെങ്ങനെ ശരിയാകും?

ഇപ്രകാരം പരിമിതി മനസ്സിലാക്കി സ്വയം അറിയുവാനും സത്യം കണ്ടെത്തുവാനും ശ്രമിക്കുന്ന ഒരു വ്യക്തി, പ്രപഞ്ചത്തിലെ സകല വസ്തുക്കളും അവയുടെ വ്യവ

സ്ഥാപിതമായ പ്രവർത്തനങ്ങൾക്കും പിന്നിൽ ഒരു ശക്തി പ്രവർത്തിക്കുന്നുണ്ടെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. കാരണം; ഗോചരവും അഗോചരവുമായ സകല വസ്തുക്കളും സൃഷ്ടിപ്പിന്റെ യാഥാർത്ഥ്യം ചൂണ്ടിക്കാണിക്കുന്നു. വിവിധ ധാതുക്കളുടെ സ്വയമായ സംയോജനത്താൽ മാത്രം ഈ പ്രപഞ്ചം ഉളവാകാൻ സാദ്ധ്യമല്ല. വസ്തുതകൾ വീക്ഷിച്ചാൽ മികച്ച നിലയിൽ ഉദ്ദേശപൂർവ്വമാണ് എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് കാണുവാൻ കഴിയും... ഓരോ സൃഷ്ടിയും അതിനൊരു സ്രഷ്ടാവുണ്ടെന്ന് വ്യക്തമായി വിളിച്ചോതുന്നു. സൃഷ്ടിയുടെ ഭദ്രതയും ആസൂത്രണവും ദൈവത്തിന്റെ ജ്ഞാനത്തെയും അവയുടെ ക്രമീകരണം, അതിന്റെ ഇച്ഛയെയും ഉദ്ദേശത്തെയും കുറിക്കുന്നു. അതെ സർവ്വജ്ഞനും സർവ്വശക്തനുമായ സ്രഷ്ടാവായ ദൈവത്തെ അറിയുന്നത് ജ്ഞാനവും നമസ്ക്കരിക്കുന്നത് നീതിയും സ്നേഹിക്കുന്നത് ഭാഗ്യവും ആകുന്നു (മത്താ. 22:37).

# 3

# ജീവശാസ്ത്രവും ജീവനുള്ള ദൈവവും

**പ**രിവർത്തനങ്ങൾ നിറഞ്ഞതാണ് മനുഷ്യജീവിതമെന്നതിനാൽ ജീവിതം പരിവർത്തനാത്മകമാണെന്ന് ബുദ്ധിജീവികൾ അഭിപ്രായപ്പെടാറുണ്ട്. അടിസ്ഥാനപരമായി ചിന്തിച്ചാൽ അഭികാമ്യമായതോ അല്ലെങ്കിൽ അഭിലഷണീയമായതോ ആയ പരിവർത്തനപ്രക്രിയ നിരന്തരം അനിവാര്യമായി നടക്കുന്നുവെന്ന് കാണാൻ സാധിക്കും. എന്നാൽ ജനനം മുതൽ മരണം വരെ നടക്കുന്നതായ കാര്യങ്ങൾ പരിശോധിച്ചാൽ പരിവർത്തനങ്ങൾ അനിച്ഛാപൂർവ്വകമെന്ന് പറയേണ്ടിവരും.

ഇപ്രകാരം അനിച്ഛാപൂർവ്വകമായ പരിവർത്തനത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയ മനുഷ്യൻ-ജീവികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന-അഖണ്ഡമായ സ്വഭാവ സാജാത്യ വൈജാത്യങ്ങൾ കണ്ട് തെറ്റിദ്ധരിച്ച് - ഭൂമിയിലെ സമസ്ത ജീവജാലങ്ങളും ഏതോ അതിസൂക്ഷ്മാണുവിൽ നിന്ന് ഉയിർകൊണ്ട് യുഗാന്തരങ്ങളിലൂടെ വളർന്നു വികസിച്ച് രൂപം പൂണ്ടതാണെന്ന തെറ്റായ നിഗമനത്തിൽ എത്തിച്ചേരുവാൻ ഇടയായി.

ഇങ്ങനെ തെറ്റായ, അവ്യക്തമായ പരീക്ഷണശാല യിൽ തെളിയിക്കുവാൻ കഴിയാത്ത–അബദ്ധ ചിന്തയിലൂട ലെടുത്ത പരിണാമ സിദ്ധാന്തം എന്ന പേരിലറിയപ്പെടുന്ന ഈ ആശയങ്ങൾ കഴിഞ്ഞ കാലങ്ങളിലും ഇപ്പോഴും വള രെയേറെ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കു ന്നുണ്ടെങ്കിലും പ്രസ്തുത സിദ്ധാന്തക്കാർക്കിട യിൽത്തന്നെ അഭിപ്രായ ഐക്യമില്ല എന്നുള്ളതും, പ്രക ടിപ്പിക്കുന്ന അഭിപ്രായങ്ങൾക്ക്–നിഗമനങ്ങൾക്ക് ഒരു വിശ ദീകരണം നൽകാൻപോലും അവർ പ്രാപ്തരല്ല എന്നു ള്ളതുമാണ് ഏറെ രസകരമായ വസ്തുത. എന്തിന് – വ്യത്യാസങ്ങൾ പലതും ദൈനംദിനം കാണുന്നു. എന്നാൽ അത് വർഗ്ഗോല്പത്തിയോ? അണുവിൽ നിന്ന് വർഗ്ഗ വ്യത്യാസങ്ങൾ ഉണ്ടായതെങ്ങനെ? തുടങ്ങിയ ചോദ്യ ങ്ങൾക്കു തെളിവുകൾ നിരത്തി ഒരു മറുപടി നല്കാൻപോലും ഇക്കൂട്ടർക്ക് കഴിഞ്ഞിട്ടില്ല. പ്രശസ്ത ബ്രിട്ടീഷ് ബയോളജിസ്റ്റ് സർ ബാറ്റ്സൻ “സയൻസ്” എന്ന പ്രസിദ്ധീകരണത്തിൽ ഇക്കാര്യം വ്യക്തമായി രേഖപ്പെടു ത്തിയിട്ടുണ്ട്.

സ്വഭാവ വൈരുദ്ധ്യം പ്രദർശിപ്പിക്കുന്ന രണ്ട് വ്യത്യസ്ത തന്മാത്രകളായ D.N.A യേയും A.T.P യേയും (D.N.A സുസ്ഥിരസ്വഭാവിയും A.T.P അസ്ഥിരസ്വഭാവിയു മാണ്) ഒരേകാലത്തുതന്നെ പ്രകൃതി നിർദ്ധാരണത്തിനു തെരഞ്ഞെടുത്തതെങ്ങനെ? എന്ന ചോദ്യത്തിന് മുമ്പിൽ പരിണാമ സിദ്ധാന്തക്കാർക്ക് മൊഴിമുട്ടുന്നു. ഇങ്ങനെ അടി സ്ഥാനതത്ത്വം പോലും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയ തോടെ പരിണാമവാദത്തിന് നിലനിൽപ്പില്ലാതെയായി. അതോടെ പരിണാമവാദികളായ ശാസ്ത്രകാര ന്മാർപോലും “പരിണാമവാദം തെളിയിക്കുവാൻ കഴിഞ്ഞി

ട്ടില്ലാത്തതും, തെളിയിക്കുവാൻ കഴിയാത്തതുമായ രൂപര ഹിതങ്ങളായ ചില ചിന്തകൾ മാത്രമാണെന്ന് (സർ ആർതർ കെയ്ത്-ദ ഹ്യൂമൻ ബോഡി) സമ്മതിക്കുവാൻ നിർബന്ധിതരായി.

പരിണാമവാദികൾ പോലും ഉയർത്തിക്കാട്ടുന്ന Severt-Zoffs theory of Aromorphosis, Singson's theory of quantum Evolution, Vandet's theory of progressive Evolution, Salet and Lanfont's theory of Regressive  Evolution, Vallois theory, George's theory, The theory of Dart, Broom and Robinson, The theory of strauss Jr. തുടങ്ങിയവ പരിശോധിച്ചാലും ഈ വസ്തുത ബോദ്ധ്യപ്പെടും എന്ന് മാത്രമല്ല; തെളിവുകൾ പരിണാമവാദ അനുമാനത്തിന് വിരുദ്ധമാണെന്നും കാണാൻ സാധിക്കും.

ബൊട്ടാണിക്കൽ ജനറ്റിക്സ്-ഹെർബർട്ട് നിത്സൻ പറയുന്നതുപോലെ ഹൈഡ്രജനിൽ നിന്നല്ല യുറേനിയം ഉണ്ടായത്. അതുപോലെ അമീബയിൽ നിന്നും ഹോമോ ഉണ്ടായി എന്നും മറ്റുമുള്ള പരിണാമത്തിൽ അധിഷ്ഠിതമല്ല ജീവശാസ്ത്രം... ഇപ്രകാരം ശാസ്ത്രകാരന്മാരുടെ നിഗമനങ്ങൾ ഒന്നിച്ച് ചേർത്തുവച്ച് പരിശോധിച്ചാൽ ഓരോ ജീവിയും അതതിന്റെ നിലയിൽ പ്രവർത്തിക്കുന്നതിന് തികവുള്ളതായി കാണുന്നു എന്നുള്ളതും, ഭാവിയിലുണ്ടാകാവുന്ന പരിണാമത്തിന്റെ മദ്ധ്യവർത്തിയായി അവയിലൊന്നും കാണപ്പെടുവാൻ സാദ്ധ്യതയില്ല എന്നുള്ളതുമാണ് മനസ്സിലാക്കാൻ കഴിയുന്ന ഏക സത്യം.

ഇങ്ങനെ മിഥ്യാവാദഗതികൾ പരാജയമേറ്റ് പിൻവാങ്ങുമ്പോൾ എല്ലാ വർഗ്ഗങ്ങളും ഒരേ കാലത്തുതന്നെ ഉളവായി എന്നും, ദൈവത്തിങ്കൽ നിന്നുമാണ് സകലത്തിന്റേയും ആരംഭം എന്നും സൃഷ്ടിവാദം ഉച്ചത്തിലുദ്ഘോഷിക്കുന്നു.

ഇത് ബുദ്ധിയുടെ പ്രമാണത്തിന് എതിരല്ലേ? ഇതിന് ശാസ്ത്രീയമായ എന്തെങ്കിലും അടിസ്ഥാനമുണ്ടോ? എന്ന് ചിലർ ചോദിക്കാറുണ്ട്. ബുദ്ധിപരമായി സത്യസന്ധത പുലർത്തികൊണ്ടുതന്നെ, ശാസ്ത്രീയമായി ചിന്തിച്ചാൽ ഒരു വസ്തുവും സ്വയം ഉണ്ടാകുന്നില്ല എന്നും ഒരു വസ്തുവും അതിന്റെ തന്നെ ആരംഭത്തിന് കാരണമാകുന്നില്ല എന്നും ഓരോന്നിന്റേയും അസ്തിത്വം മറ്റൊന്നിനോട് കടപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ലല്ലൊ. അതുപോലെ ഓരോ സംഭവത്തിനും ഒരു കാരണമുണ്ടായിരിക്കും എന്നതിനാൽ എല്ലാറ്റിനും ഒരു ആദികാരണം ഉണ്ടായേ മതിയാകൂ. ഇവിടെ ദ്രവത്വം ക്രമാനുഗതമായ ഒരു പദ്ധതിയാണെന്നും അതിലെ ഓരോ സംഭവവും പ്രസ്തുത സംഭവത്തെ ഉളവാക്കിയിട്ടുള്ള ഒരു കൂട്ടം വ്യവസ്ഥകളുടെ ഫലവുമാണെന്ന ഭൗതീക ശാസ്ത്രനിർമ്മിതിയുടെ അനുമാനം തെറ്റെന്നുവരുന്നു. കാരണം; കാരണമില്ലാതെ സംഭവങ്ങൾ ഉണ്ടാകുകയും അവ യാഥാർത്ഥ്യമായി എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ (ഉദാ: Inter Stellar gas-Hoyles ന്റെ പഠനങ്ങളിൽ ഇത് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്) പ്രസ്തുത സംഭവങ്ങളെക്കുറിച്ചുള്ള ഭൗതീകശാസ്ത്രത്തിന്റെ അവകാശവാദം നിരർത്ഥകമെന്നു വരുന്നു. ഇതിനാൽ കാരണം കൂടാതെ ഉളവായ ഒന്നാമത്തെ കാരണം ഉണ്ടെന്ന് സമ്മതിക്കുവാൻ ശാസ്ത്രം നിർബന്ധിതമായിരിക്കുന്നു.

അങ്ങനെ എല്ലാറ്റിന്റെയും ആദ്യ കാരണമായ ദൈവത്തെ സൃഷ്ടാവ് എന്ന നിലയിൽ അംഗീകരിച്ചേ മതിയാകൂ. അളവിന്റേയും രൂപത്തിന്റേയും മാനദണ്ഡം എവിടെ ഉണ്ടോ അതിന് പിന്നിൽ ഒരു സ്രഷ്ടാവ് ഉണ്ടായി

രിക്കും എന്നുള്ളത് ഒരു ശാസ്ത്രനിഗമനമാണ്. അതു പോലെ "ജഡ" വസ്തുവിൽ "ഗതി" ഉണ്ടാകണമെങ്കിൽ ഗതി നൽകണം. ഗതിയും രൂപവുമുള്ള സ്രഷ്ടാവ് ഉണ്ടാ യാലല്ലേ ഗതി നൽകാൻ പറ്റൂ... ഇങ്ങനെ യുക്തികൊണ്ടും സാമാന്യ ജ്ഞാനംകൊണ്ടും അപഗ്രഥിച്ചറിയാൻ ശ്രമി ച്ചാൽ ദൈവം (സ്രഷ്ടാവ്) മിഥ്യയല്ല യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ദൈവത്തെക്കുറിച്ച് പലവിധ യുക്തി പറയുന്ന പാമരന്മാരായ യുക്തിവാദികളുടെ ജല്പ നങ്ങൾ ഇതിനാൽ അന്തസാരശൂന്യമെന്നുവരുന്നു.

# 4

# പ്രപഞ്ചവും ബുദ്ധിമാനായ സൃഷ്ടികർത്താവും

ദൈവത്തെക്കുറിച്ച് അറിയാകുന്നത് (മനുഷ്യർക്ക്) വെളിവായിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിനുതന്നേ (റോമ. 1:19,20).

ദൈവം അദൃശ്യനായിരിക്കെ ദൈവം ഉണ്ട് എന്ന് നാം എങ്ങനെ അറിയുന്നു എന്ന് ഈ വാക്യങ്ങളിൽ വ്യക്തമാക്കുന്നു. നിശ്ചലാവസ്ഥയിലിരിക്കുന്ന വസ്തുവിനു സ്വതവെ ചലിക്കുവാൻ സാധിക്കുകയില്ലെന്നും ചലിച്ചുകൊണ്ടിരിക്കുന്ന വസ്തുവിനു സ്വതവെ നിശ്ചലാവസ്ഥ വീണ്ടെടുക്കുവാൻ സാധിക്കുകയില്ലെന്നും ന്യൂട്ടൻ എന്ന ശാസ്ത്രജ്ഞൻ സമർത്ഥിച്ചിട്ടുണ്ട്. (ന്യൂട്ടന്റെ ഒന്നാം ചലന നിയമം – (Newton's First Law of motion) വസ്തുമയമായ ഈ പ്രപഞ്ചം നിർജ്ജീവമായ ഒരു ശരീരത്തിനു തുല്യമാണ്. അതിനു സ്വതവേ പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല; ഒരു വാഹനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനു

എഞ്ചിനും, പെട്രോളും മാത്രമല്ല, വിദഗ്ധനായ ഒരു ഡ്രൈവറും ആവശ്യമാണ്. അതുപോലെ ഈ പ്രപഞ്ചത്തിന്റെ ഫലപ്രദമായ പ്രവർത്തനം കാണുമ്പോൾ പ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്ന ഒരു ദൈവം ഉണ്ടെന്നു നാം ഗ്രഹിക്കുന്നു.

പ്രപഞ്ചത്തിലെ വസ്തുക്കളെല്ലാം പരസ്പരം ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമിയെ സൂര്യനിൽനിന്ന് ഏതാണ്ടു 9.3 കോടി മൈൽ അകലെയുള്ള ഒരു വൃത്തത്തിൽ ചലിപ്പിച്ചുകൊണ്ടിരിക്കുന്നതു സൂര്യനും ഭൂമിയും തമ്മിലുള്ള ആകർഷണ ശക്തിയാണ്. 5000 മൈൽ വ്യാസം ഉള്ള ഒരു ഉരുക്കുദണ്ഡിനെ പൊട്ടിക്കുവാൻ മതിയായതാണ് ഭൂമിക്കും സൂര്യനും തമ്മിലുള്ള ആകർഷണ ശക്തി. ഈ ഭീമമായ ആകർഷണശക്തി എങ്ങനെ ഉണ്ടായി എന്ന് വിശദീകരിക്കാൻപോലും ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. ക്ഷീരപഥത്തിലുള്ള ഒരു ചെറിയ നക്ഷത്രമാണ് സൂര്യൻ. അതിനു ചുറ്റും ഭ്രമണം ചെയ്യുന്ന ഒരു ചെറിയ ഗ്രഹമാണു ഭൂമി. ക്ഷീരപഥത്തിൽ സൂര്യനെപ്പോലുള്ള 200 കോടിയോളം നക്ഷത്രങ്ങൾ ഉണ്ടെന്നു ശാസ്ത്രജ്ഞന്മാർ ഊഹിക്കുന്നു. ക്ഷീരപഥത്തിലുള്ള സൂര്യനും ഇതര നക്ഷത്രങ്ങളും ക്ഷീരപഥത്തിന്റെ കേന്ദ്രത്തിനു ചുറ്റും അനേകം കോടി മൈൽ ആരമുള്ള വൃത്തങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കുകയാണ്.

അവ വളരെ ശക്തിയോടെ പരസ്പരം ആകർഷിക്കുന്നു. എല്ലാ നക്ഷത്രസമൂഹങ്ങളും ഈ നിയമങ്ങൾക്കു വിധേയമാണ്. നക്ഷത്രങ്ങൾ പരസ്പര ആകർഷണത്തിന് വിധേയമായി കൂട്ടിയിടിച്ചാൽ നക്ഷത്രസമൂഹത്തിന്റെ സമനില നഷ്ടപ്പെടുകയും ചില നിമിഷങ്ങൾക്കുള്ളിൽ ഭൂമി വെന്ത് വാതകമായിത്തീരുകയും ചെയ്യും. അനേകായിരം

വർഷങ്ങളായി അഖിലാണ്ഡത്തെ സമനിലയിൽ (Balance or equilibrium) നിർത്തിയിരിക്കുന്നത് സർവ്വശക്തനായ ദൈവമല്ലാതെ മറ്റാരാണ്? വാനഗോളങ്ങളുടെ ചലനത്തെ നിരീക്ഷിച്ചശേഷം ദൈവം ഇല്ല എന്നു പറയുവാൻ തുനിയുന്ന ശാസ്ത്രജ്ഞൻ ഭ്രാന്തനാണെന്ന് പറയേണ്ടിവരും.

ജീവന്റെ നിലനിൽപിന് ആധാരമായ സാഹചര്യങ്ങളുടെ കൃത്യതയെ വിശദീകരിക്കുന്ന ഒരു ഘടകമാണ് ജലം. വളരെയധികം ജലം ഉൾക്കൊള്ളുന്ന ഏക ഗ്രഹമാണ് നമ്മുടെ ഭൂമി. ഭൂമിയുടെ ഉപരിതലവിസ്തീർണ്ണത്തിന്റെ 70 ശതമാനവും വൻകരകളെ ചുറ്റിക്കിടക്കുന്ന മഹാസമുദ്രങ്ങൾ, കടലുകൾ, തടാകങ്ങൾ എന്നിവയാൽ ആവൃതമാണ്. ജലാംശം ഉൾക്കൊള്ളുന്ന ചുരുക്കം ചില ഗ്രഹങ്ങളിൽ കാണപ്പെടുന്നത് കേവലം ഉപരിതലത്തിൽ മാത്രം കാണപ്പെടുന്ന നീരാവിയാണ്. ഭൂമിയിലേതുപോലുള്ള വലിയ ജലസംഭരണികൾ ഒന്നും തന്നെ അവയിലില്ല.

ഊഷ്മസ്ഥിതിയിൽ കാര്യമായ വ്യത്യാസം വരുത്താതെതന്നെ വളരെയധികം താപോർജ്ജത്തെ ആഗീരണം ചെയ്യാൻ കഴിവുള്ള ഏകപദാർത്ഥമാണ് ജലം. ജലത്തിന്റെ താപാഗീഗരണവേഗത ഉരുക്കിന്റേതിനേക്കാൾ പത്തുമടങ്ങ് കുടൂതലാണ്. പകൽ സമയത്ത് സമുദ്രം വളരെയധികം താപം വലിച്ചെടുക്കുന്നു. തന്മൂലം ഭൂമി ശീതളമായിത്തീരുന്നു. രാത്രിസമയത്ത് ഈ താപം പുറത്തേക്കു വരികയും അന്തരീക്ഷത്തെ അതിശൈത്യത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം അല്ലാതിരുന്നുവെങ്കിൽ ദിനരാത്രി ഊഷ്മസ്ഥിതികളിൽ അനൽപമായ വ്യതിയാനം ഉണ്ടാകുമായിരുന്നു. പകൽ സമയത്ത് വെള്ളം തിളയ്ക്കുവാൻ തക്കവണ്ണം ചൂടാകുന്ന ചില ഭൂവിഭാഗങ്ങൾ രാത്രി സമയത്ത് ജലത്തെ മരവിപ്പിക്കുവാൻ തക്കവണ്ണം

തണുക്കുകയും ചെയ്യുമായിരുന്നു. ജലം ഒന്നാന്തരമൊരു ഊഷ്മ ദൃഢീകരണിയാണ് (Temperature Stabilizer) ഭൂമിയിലുള്ള മഹാസമുദ്രങ്ങൾ നമ്മുടെ നിലനിൽപ്പിന്റെ അവിഭാജ്യഘടകം തന്നെയാണ്.

എങ്കിലും ഈ ജലത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുവാനുള്ള കഴിവുണ്ട്. എല്ലാപദാർത്ഥങ്ങളും ചൂടാക്കിയാൽ വികസിക്കുകയും തണുപ്പിച്ചാൽ ചുരുങ്ങുകയും ചെയ്യുന്നു. ഒരേ പദാർത്ഥം കൊണ്ടുള്ളതും ഒരേ വലിപ്പമുള്ളതുമായ രണ്ട് വസ്തുക്കളിൽ ഒന്ന് വളരെ തണുത്തതാണെങ്കിൽ അതിന് ഭാരമേറും. ഇത് വലിയ ഒരു കാര്യമായി തോന്നുന്നില്ലായിരിക്കാം. എന്നാൽ ജലത്തിന്റെ കാര്യത്തിൽ അങ്ങനെയല്ല. അപൂർവ്വം ചില അവസരങ്ങൾ ഒഴികെ ജലം മറ്റ് ഏതൊരു പദാർത്ഥത്തെയും പോലെ തന്നെ തണുക്കുമ്പോൾ ചുരുങ്ങുന്നു. എന്നാൽ മറ്റുള്ള എല്ലാ പദാർത്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി (റബ്ബർ, ആന്റിമണി എന്നിവ ഒഴികെ) $4^{o}C$ ആകുന്നതുവരെ ചുരുങ്ങുകയും പെട്ടെന്ന് അത്ഭുതകരമാംവിധം ഘനീഭവിക്കുന്നതുവരെ വികസിക്കുവാനാരംഭിക്കുകയും ചെയ്യുന്നു. $4^{o}C$ ശേഷം തുടർന്നും ചുരുങ്ങുകയായിരുന്നുവെങ്കിൽ അതിന്റെ ഭാരം വർദ്ധിക്കുകയും സമുദ്രാന്തർഭാഗത്തേക്ക് താഴുകയും ചെയ്യുമായിരുന്നു. മഞ്ഞ് കട്ടിയാവുമ്പോൾ ഭാരം കൂടുകയാണെങ്കിൽ അത് സമുദ്രത്തിന്റെ അടിയിലേക്ക് താഴുകയും ഇതിന്റെ പരിണിത ഫലമായി സമുദ്രാന്തർഭാഗത്തുള്ള ജലം തണുത്തുറയുകയും ജലജീവികളെല്ലാം നശിക്കുകയും സമുദ്രാന്തർഭാഗത്ത് അവ കുന്നുകൂടുകയും ചെയ്യും.

സമുദ്രങ്ങളുടേയും തടാകങ്ങളുടേയും ഉപരിതലത്തിൽ പൊന്തിക്കിടക്കുന്ന മഞ്ഞുകട്ടി സൂര്യന്റെയും അടിയിലുള്ള

ഉഷ്ണജലത്തിന്റെയും ചൂടുനിമിത്തം വേനൽകാലത്ത് ഉരുകുന്നു. 4°C കൂടുതൽ ഊഷ്മാവുള്ള ജലം ഘനം കൂടുതലുള്ളതായതിനാൽ സമുദ്രത്തിന്റെ അടിയിലേക്കു താഴുകയും തന്മൂലം അവിടെയുള്ള ജലം ചൂടുള്ളതായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരമുള്ള തപീകരണവും താഴ്ചയും (Coriolis effect) സമുദ്രജല പ്രവാഹത്തിന് കാരണമായിത്തീരുന്നു. സമുദ്രജലം ഘനീഭവിക്കാതെ ദ്രാവകമായിത്തന്നെ സ്ഥിതിചെയ്യുന്നതിന് ഈ പ്രവാഹങ്ങൾ സഹായിക്കുന്നു. "ജ്ഞാനത്താൽ യഹോവ ഭൂമിയെ സ്ഥാപിച്ചു, വിവേകത്താൽ അവൻ ആകാശത്തെ ഉറപ്പിച്ചു" (സദൃ. 3:19) എന്ന ദൈവവചനം എത്രയോ സത്യമാണ്.

ജലത്തിൽ സംഭവിക്കുന്നതിനു നേരേവിപരീതമാണ് കരയിൽ സംഭവിക്കുന്നത്. ഭൂമിയുടെ ഉപരിതലത്തോട് ചേർന്നുള്ള വായു പകലോന്റെ കിരണങ്ങളേറ്റ് ചൂടാകുന്നു. ചൂടുപിടിച്ച വായു മുകളിലേക്ക് ഉയരുന്നു. ഇപ്രകാരം സംഭവിക്കുന്നതുകൊണ്ട് ഭൂമിയുടെ ഉപരിതലത്തോട് അടുത്തുള്ള വായുവിന്റെ ഊഷ്മാവ് ജീവന്റെ നിലനിൽപ്പിന് അനുയോജ്യമായി സദാനിലകൊള്ളുന്നു. ജലത്തിന്റെ സ്വഭാവം തന്നെയായിരുന്നു വായുവിനും ഉണ്ടായിരുന്നതെങ്കിൽ ഭൂമിയുടെ ഉപരിതലോഷ്മാവ് അസഹനീയമാവുകയും ജീവൻ അപകടത്തിലാകുകയും ചെയ്യുമായിരുന്നു. ഭൗമോപരിതലത്തിൽ നിന്നും നൂറുകണക്കിന് അടി മുകളിലുള്ള വായു തീർത്തും തണുത്തതും ജീവന്റെ നിലനിൽപ്പിന് കൊള്ളാത്തതും ആകുമായിരുന്നു. അപ്പോൾ ജീവന് അനുയോജ്യമായ ഭാഗം കേവലം ഒരു ചെറിയ ഖണ്ഡം മാത്രമേ കാണുകയുള്ളായിരുന്നു. അതും അധികകാലത്തേക്ക് പറ്റാത്തതും ഭൗമജീവസന്ധാരണത്തിന്

ഉപകാരികളായി വർത്തിക്കുന്ന വൃക്ഷലതാദികൾക്കും ശൈത്യമേഖലയിൽ നിലനിൽക്കുന്നതിന് സാധിക്കാതെ പോകുമായിരുന്നു. പക്ഷികൾക്ക് ആഹാരവും വിശ്രമസ്ഥലവും പ്രാണവായുവും നഷ്ടമാകുമായിരുന്നു. ഉഷ്ണവായു മുകളിലേക്ക് ഉയരുന്നതുകൊണ്ടാണ് ഭൂമിയിൽ ജീവിതം സുസാദ്ധ്യമായിത്തീരുന്നത്.

ഉഷ്ണവായുവിന്റെ മുകളിലേക്കുള്ള ചലനം മൂലമുണ്ടാകുന്ന കാറ്റ് ഭൂമിയിലെ പരിതസ്ഥിതി വ്യൂഹത്തെ (Ecological System) സഹായിക്കുന്ന പ്രധാനപ്പെട്ട ഒരു ഘടകമാണ്. പട്ടണപ്രദേശങ്ങളിലും മറ്റും അത്യധികമായി ഉളവാക്കപ്പെടുന്ന കാർബൺഡയോക്സൈഡിനെ കാറ്റടിച്ച് മാറ്റുകയും അവിടെ അത്യാവശ്യമായിരിക്കുന്ന ഓക്സിജനെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. മനുഷ്യൻ വിഷലിപ്തമാക്കാത്ത സാധാരണ അന്തരീക്ഷത്തിൽ കാണപ്പെടുന്ന വാതക മിശ്രിതം ജീവന്റെ നിലനിൽപ്പിന് ധാരാളം മതിയാകുന്നതാണ്. എന്നാൽ അതിൽ വ്യത്യാസം സംഭവിച്ചാൽ (ഓക്സിജൻ കൂടുകയോ കാർബൺഡയോക്സൈഡ് കുറയുകയോ അന്തരീക്ഷ മർദ്ദത്തിൽ വ്യതിയാനം ഉണ്ടാകുകയോ ചെയ്താൽ) ജീവൻ അപകടത്തിലാകും. നമ്മുടെ അന്തരീക്ഷം കുറേക്കൂടി ഘനം കുറഞ്ഞതായിരുന്നുവെങ്കിൽ അനുദിനം കത്തിയെരിഞ്ഞു വീണുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് ഉല്ക്കകൾ ഭൗമോപരിതലത്തിൽ മരണവും നാശവും അഗ്നിപ്രളയവും ഉണ്ടാക്കുമായിരുന്നു.

### *പരിസരങ്ങൾ ജീവികൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടതോ ജീവികൾ പരിസരത്തിനൊത്ത് പൊരുത്തപ്പെട്ടതോ?*

നിലവിലുള്ള പരിസരങ്ങളുമായി പൊരുത്തപ്പെടുവാൻ തക്കവണ്ണം ജീവൻ തനിയെ പരിണമിച്ചുണ്ടായതാണെ

ങ്കിൽ എന്തുകൊണ്ട് എല്ലാ സാഹചര്യങ്ങളിലും ഇത് വിജയിക്കുന്നില്ല? മറ്റേതൊരു ഗ്രഹത്തേക്കാളും ജീവന്റെ നിലനിൽപ്പിന് അനുയോജ്യമായിരിക്കുന്നത് ഭൂമിയാണ്. ജീവന്റെ നിലനിൽപ്പിന് വിഘാതമായ അത്യുഷ്ണവും, അതിശൈത്യവും ഉണ്ടുതാനും. ഭൂമിയുടെ കേന്ദ്രബിന്ദു മുതൽ അന്തരീക്ഷത്തിന്റെ അതിർത്തിവരെയുള്ള ആയിരക്കണക്കിന് മൈൽ ദൈർഘ്യത്തിനുള്ളിൽ കേവലം ചുരുങ്ങിയ ഒരുഭാഗം മാത്രമേ ജീവന് അനുയോജ്യമായിട്ടുള്ളു. അതുകൊണ്ട് മിക്കവാറും എല്ലാ ജീവികളും ആ ഭാഗത്ത് ജീവിക്കുവാൻ നിർബന്ധിക്കപ്പെടുന്നു. നമ്മുടെ സൗരയൂഥത്തിൽ ഭൂമി മാത്രമെ പാർപ്പിനായിട്ട് സൃഷ്ടിക്കപ്പെട്ടിട്ടുള്ളു (യെശയ്യാവ് 45:18) എങ്കിലും അതിൽത്തന്നെ വളരെ ചെറിയ ഒരുഭാഗം മാത്രമേ അതിന് യോജിച്ചതുള്ളു. ഈ ഭാഗം ചെറുതാണെങ്കിലും ജീവസന്ധാരണത്തിന് ധാരാളം മതിയാവുന്നതാണ്. ഒരേക്കർ വിസ്തീർണ്ണവും 6 ഇഞ്ച് ഘനവുമുള്ള ഒരു സാധാരണ കൃഷിസ്ഥലത്തെ മണ്ണിൽ അനേകടൺ ജീവനുള്ള ബാക്ടീരിയാകളും ഏതാണ്ട് ഒരു ടൺ കുമിളുകളും 200 റാത്തൽ ഏക കോശ ജീവികളും, 100 റാത്തൽ യീസ്റ്റും ഏകദേശം അത്രയും തന്നെ ആൽഗകളും ഉണ്ടായിരിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ഈ പറഞ്ഞുവന്നതിനെ ഒന്ന് ഉപസംഹരിക്കാം. ഭൂഗോളത്തിന്റെ ശരാശരി ഊഷ്മസ്ഥിതിയിലുണ്ടാകുന്ന $1^0$ വ്യത്യാസം പോലും ജീവനെ സാരമായി ബാധിക്കുന്നതാണ്. $2^0$ വ്യത്യാസമുണ്ടെങ്കിൽ അത് ജീവനെ അപകടപ്പെടുത്തുകയും ചെയ്യും. ഈ യാഥാർത്ഥ്യമാണ് ജീവന്റെ നിലനിൽപ്പിന് കഴിയുന്നതും കഴിയാത്തതുമായ സാഹചര്യങ്ങളെ തമ്മിൽ വേർതിരിക്കുന്ന വ്യക്തമായ അതിർവരമ്പ്. ഇവിടെ സഹിഷ്ണതയ്ക്കുള്ള സ്ഥാനം തീർത്തും

നിസാരമത്രേ. ജീവന്റെ നിലനിൽപ്പിന് അനുയോജ്യമായ സാഹചര്യങ്ങളുള്ള ഏതെങ്കിലും ഗ്രഹങ്ങൾ ഈ പ്രപഞ്ചത്തിൽ ഉണ്ടെങ്കിൽത്തന്നെ അതിൽ ജീവനുണ്ടായിരിക്കാം എന്ന ധാരണ കേവലം ഊഹം മാത്രമാണ്.

ചിലർ ഊഹിക്കുന്നതുപോലെ അനേകം നക്ഷത്രങ്ങൾക്ക് ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന ഗ്രഹങ്ങൾ ഉണ്ടെങ്കിലും ജീവന്റെ നിലനിൽപ്പിന് സഹായകമാംവിധം കൃത്യ വലിപ്പത്തിലും അകലത്തിലും അവ ആയിത്തീരാനുള്ള സാധ്യത വളരെ കുറവാണ്. ഇതുപോലെ ജീവന്റെ നിലനിൽപ്പിന് അനുയോജ്യമായ സാഹചര്യങ്ങൾ തനിയെ ഉളവാകുന്നതിനുള്ള സാധ്യത തീരെ ഇല്ലായെന്നുതന്നെ പറയാം.

***"....അചഞ്ചലമായ ഗണിതശാസ്ത്ര തത്ത്വങ്ങളിൽ നിന്നും നമുക്ക് തെളിയിക്കുവാൻ കഴിയും നമ്മുടെ വിശ്വം ആസൂത്രണം ചെയ്യപ്പെട്ടതും സൃഷ്ടിക്കപ്പെട്ടതും അസാമാന്യമായ ഒരു പ്രതിഭയാലാണെന്ന്."***

"പ്രപഞ്ചവും പ്രപഞ്ചനിയമവും നിലനിൽക്കുന്നതിനെപ്പറ്റി ആലോചിക്കുന്തോറും അവയെ സൃഷ്ടിച്ച് പരിരക്ഷിക്കുന്ന ഒരു മഹാശക്തിയെപ്പറ്റി ഞാൻ ചിന്തിച്ചുപോകുന്നു. അങ്ങനെ ഒരു പ്രപഞ്ചശിൽപ്പി ഇല്ലാത്ത പ്രപഞ്ചത്തെ എനിക്ക് സങ്കല്പിക്കുവാൻ സാദ്ധ്യമല്ല" എന്ന് പറഞ്ഞ ഐൻസ്റ്റീനും, "പരമാണുവിന്റെ ഹൃദയത്തെപ്പറ്റി വിശദമായി മനസ്സിലാക്കാൻ സാധിക്കുന്ന നിമിഷത്തിൽ തന്നെ നമുക്ക് ഈശ്വരനേയും അടുത്തറിയുവാൻ കഴിയും" എന്നു പഠിപ്പിച്ച ഡോ. സി. വി. രാമനും, "ആകാശത്തെ നോക്കീട്ട് ദൈവമുണ്ടെന്നു ബോധിക്കാത്ത മഠയൻ ഏതാണ്?" എന്നു ചോദിച്ച സിസറോയും, "പ്രകൃതിയുടെ ഘടന ബുദ്ധിമാനായ ഒരു സൃഷ്ടികർത്താവിന്റെ ആവ

ശ്യകതയെ സ്പഷ്ടമാക്കുന്നുവെന്ന്" പ്രഘോഷിച്ച ഡേവിഡ് ഹ്യൂംസും നമുക്ക് കൈ ചൂണ്ടി കാണിച്ചുതരുന്നുണ്ട് ദൈവം എവിടെയാണെന്ന്. പ്രഥിതനായ ഹോമർ തന്റെ 'ഒഡിസ്സി' യിൽ എഴുതി: "ഓരോ മനുഷ്യനും ദൈവത്തിനുവേണ്ടി വിശക്കുന്നു" ആ വിശപ്പടക്കണമോ? എങ്കിൽ ഒരു കാര്യം ചെയ്യൂ. കണ്ണൊന്നു തുറന്നു നോക്കൂ, നല്ലപോലെ നോക്കൂ; മുൻവിധി മാറ്റി വസ്തുതകളെ വസ്തുതകളായി അംഗീകരിക്കുവാൻ തയ്യാറാകൂ. അപ്പോൾ കാണാം ദൈവത്തെ.

# 5

# വംശാവലിയും സൃഷ്ടിവാദവും

‘നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും’ (ഉൽപ്പത്തി 22:17). യഹോവ അബ്രഹാമിന് നൽകിയ അനുഗ്രഹമാണിത്. കാലങ്ങൾ പിന്നിട്ടപ്പോൾ അബ്രഹാമിന്റെയും മക്കളുടെയും പേരിൽ ജനതകൾ രൂപപ്പെട്ടു. ഇത് ലോകമറിയുന്ന ചരിത്രം. നിങ്ങളിൽ അബ്രഹാമിന്റെ അംശമുണ്ടോ? ജീനുകളിലൂടെ പുറകോട്ടു നോക്കുക. പൂർവ്വികർ ഓരോരുത്തരായി തെളിഞ്ഞുവരും. ശരീരകോശങ്ങളിലൂടെ നമുക്കവരെ തിരയാം. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവർ ജീവിക്കുന്നു, നമ്മളിലൂടെ, നമ്മുടെ മജ്ജയിലും രക്തത്തിലുമെല്ലാം അവരുടെ ചരിത്രം അടങ്ങിയിരിക്കുന്നു.

മനുഷ്യ ജീനുകളെക്കുറിച്ച് നടന്ന പഠനങ്ങളാണ് പുതിയ വംശാവലികൾക്ക് പിന്നിൽ. 800 പേരുടെ ഡി. എൻ.എ.കളാണ് ഗവേഷകർ പഠനവിധേയമാക്കിയത്. ‘ജനറ്റിക് ഫിംഗർ പ്രിന്റ്’ എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഗവേഷണം നടത്തിയത്. വളരെ വിശദമായ വിവരങ്ങളാണ് അതിലൂടെ ലഭിച്ചത്. വൈ ക്രോമസോമിനെ അടിസ്ഥാനമാക്കിയായിരുന്നു നിരീക്ഷണങ്ങൾ.

പരീക്ഷണ വിധേയരായ പുരുഷന്മാരിൽ വലിയ വിഭാഗത്തിന്റെയും പൂർവ്വികർ ഒന്നാണെന്നതിന് വ്യക്തമായ തെളിവുകളാണ് ലഭിച്ചത് എന്ന് ട്രിനിറ്റി കോളേജിലെ ജെനിറ്റിക്സ് പ്രഫസറായ ഡാൻ ബ്രാഡ്ലി പറഞ്ഞു. വംശാവലികൾക്കായുള്ള ഗവേഷണങ്ങൾ ഇനിയും തുടരുകയാണ്. പിതാവിൽ നിന്ന് പുത്രനിലേക്ക് പകർത്തപ്പെടുന്ന വൈ ക്രോമസോമിനെ അടിസ്ഥാനമാക്കിയാണ് ഇത്തരം ഗവേഷണങ്ങൾ പുരോഗമിക്കുന്നത്. രണ്ട് എക്സ് ക്രോമസോമുകൾ യോജിച്ച് പെൺവർഗമുണ്ടാകുന്നതിനാൽ തലമുറകളുടെ സങ്കലനത്തിനിടയിൽ പെൺകുട്ടികളെ കേന്ദ്രീകരിച്ചുള്ള ഗവേഷണം പ്രയാസമേറിയതാണ്. വംശാവലിക്കുള്ള പ്രാധാന്യം ആധുനിക മനുഷ്യന്റെ ചരിത്രം കൂടിയാണ്. ക്രിസ്തു വർഷത്തിന് എത്രയോ മുമ്പ് എഴുതപ്പെട്ട ബൈബിളിൽ ആദാം മുതലുള്ള വംശാവലി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.

ഒരു പക്ഷേ, കാലം പുരോഗമിക്കുമ്പോൾ ആദാമിന്റെ ജീനുകളെ നാം വേർതിരിച്ചെടുത്തേക്കാം. ശിലകളിലും കടലാസിലും രേഖപ്പെടുത്തിയതിനെക്കാൾ എത്രയോ വ്യക്തമായ ചരിത്രമാണ് നമ്മുടെ ശരീരത്തിലെ ജീനുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

# 6

# ആശയവാദവും ഭൗതീകവാദവും

**പ**ഞ്ചേന്ദ്രിയങ്ങൾക്കതീതമായി പ്രവർത്തിക്കുവാൻ കഴിയുന്ന പ്രതിഭാസത്തെക്കുറിച്ച് പഠനം നടത്തുന്ന ശാസ്ത്രമാണ് അതീത മനഃശാസ്ത്രം Para Psychology, Abnormal Psychology, Occupational Psychology, Experimental Psychology, Educational Psychology, Physiological Psychology, Clinical Psychology തുടങ്ങിയ മറ്റ് ഏത് ശാസ്ത്ര ശാഖയെപ്പോലെയും പാരാസൈക്കോളജിക്ക് അംഗീകാര മുണ്ട്. വിദേശരാജ്യങ്ങളിലെ സർവ്വകലാശാലകളിൽ ഇതൊരു പാഠ്യവിഷയമാണ്.

മൂന്നായി വകതിരിച്ചുള്ള പഠനമാണ് Para Psychology യിൽ നടക്കുന്നത്. Telepathy, Prerrecognition, Clairvoyance ഉൾപ്പെട്ട ഒന്നാം വിഭാഗം. രണ്ടാം വിഭാഗത്തിന് Psychokinesis എന്നു പറയുന്നു. Paranormal എന്ന മൂന്നാം വിഭാഗത്തിലാണ് ആത്മാവിനെ ആധാരമാക്കിയുള്ള പഠനങ്ങൾ നടക്കുന്നത്. സ്റ്റാൻ ഫോർഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലാണ് ഇതെക്കുറിച്ചുള്ള പഠനങ്ങൾ തുടർന്നുവരുന്നത്.

ഈ ശാസ്ത്രശാഖയുടെ അനന്തമായ സാധ്യതകൾ (ടെലിപ്പതി) ബഹിരാകാശ സഞ്ചാരികളിൽ പ്രയോജനപ്പെടുത്താനുള്ള തിരക്കിലാണ് അമേരിക്ക, റഷ്യ പോലെയുള്ള രാജ്യങ്ങൾ എന്നു പറയുമ്പോൾതന്നെ ഈ ശാസ്ത്രശാഖയുടെ പ്രാധാന്യം ഊഹിക്കാവുന്നതേയുള്ളു.

പ്രകൃതിയെക്കുറിച്ചുള്ള ശാസ്ത്രമാണ് ഭൗതീക ശാസ്ത്രം. ദ്രവ്യപരിണാമത്തെക്കുറിച്ച് (പദാർത്ഥത്തെയും ഊർജ്ജത്തെയും അടിസ്ഥാനമാക്കി) പ്രതിപാദിക്കാൻ ഭൗതിക ശാസ്ത്രത്തിന് കഴിഞ്ഞേക്കും. അഭൗതീകമായ ഒന്നിനെ വിശദീകരിക്കുവാനോ, നിഷേധിക്കുവാനോ തക്ക വണ്ണം ഭൗതീകശാസ്ത്രം വളർന്നിട്ടില്ല. എന്നാൽ നിഷേധിക്കാൻ കഴിയും എന്ന് പ്രസ്താവനയിറക്കുന്നവർ ഭൗതീകവാദത്തിന്റെ ഉപവിഭാഗങ്ങളായ ജിയോഫിസിക്സ്, ആസ്ട്രോ ഫിസിക്സ്, ന്യൂക്ലിയർ ഫിസിക്സ്, ബയോ ഫിസിക്സ് തുടങ്ങി ഏതു വിഭാഗത്തെ അടിസ്ഥാനമാക്കി ആര്–എപ്പോൾ–എങ്ങനെ–ഏതുപരീക്ഷണം വഴി ആയത് തെളിയിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു.

പ്രപഞ്ചത്തെപ്പറ്റി പഠിച്ച് ഒരു പൊതു നിഗമനത്തിൽ എത്തുക എന്ന ലക്ഷ്യത്തോടെയാണ് ഫിലോസഫിയുടെ തുടക്കം. ഭൗതീകവാദവും (പ്രകൃതി) ആശയവാദവും (ആത്മാവ്) ഇതിൽ നിന്ന് ഉടലെടുത്ത രണ്ടു ചിന്താഗതികളാണെന്ന വസ്തുത പലർക്കും അജ്ഞാതമാണെന്നു തോന്നുന്നു. ഒരു അമ്മയുടെ രണ്ടു മക്കൾ തമ്മിലുള്ള സംഘട്ടനം സ്വാഭാവികം. എന്നാൽ ഒന്നിന് മറ്റൊന്നിന്റെ അസ്തിത്വത്തെ നിഷേധിക്കാൻ സാധിക്കില്ല.

മാറ്ററിൽ തുടങ്ങി മൈന്റിൽ എത്തിനിൽക്കുന്ന ഭൗതീകശാസ്ത്രം ആത്മാവിനെ നിഷേധിക്കുവാനല്ല ഉൾക്കൊള്ളുവാനുള്ള ശ്രമമാണ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്.

(വായിക്കുക Nature, The new story of science, Mind and Matter, The relevence of Physics)ഭൗതീകശാസ്ത്രത്തിനു ഒട്ടേറെ പരിമിതികൾ ഉണ്ടെന്നും (Physics and Philosophy P. 364) എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങൾ എല്ലാം സത്യമായിക്കൊള്ളണമെന്നില്ലെന്നും-സത്യത്തിന്റെ വഴിയിൽ ഉറച്ചുനിൽക്കാൻ ഭൗതീകശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല എന്നു ബോധ്യമായതുകൊണ്ടായിരിക്കാം (Revolution in Modern Science P.173) യേൽ സർവ്വകലാശാലയിലെ Dr. H. Margenan, E.G. Neal തുടങ്ങിയ വിശ്വപ്രസിദ്ധ ശാസ്ത്രജ്ഞന്മാർ സമ്പൂർണ്ണ സത്യം ഭൗതികശാസ്ത്രത്തിലല്ലാ എന്ന് പറയുവാൻ മടികാണിക്കാത്തത്. The World View of Physics P. 432

മരണാസന്ന രോഗികളിൽ പരീക്ഷണം നടത്തുന്ന, കാൽടെക് ശാസ്ത്രജ്ഞൻ സാം പർണിയ പറയുകയാണ്: ‘മസ്തിഷ്കം മരിച്ചുകഴിഞ്ഞാലും ബോധം മരിക്കുന്നില്ല.’ മനുഷ്യന് ആത്മാവുണ്ട് / ഇല്ല എന്ന വിവാദം വീണ്ടും ആളിക്കത്തിച്ചിരിക്കുകയാണ് ഡോ. പർണിയ. മസ്തിഷ്കം തീരെ മരിച്ചു കഴിഞ്ഞതിനുശേഷമാണ് അതായത്, വൈദ്യശാസ്ത്രപരമായി ഒരാൾ മരിച്ചുകഴിഞ്ഞതിനുശേഷം അയാളുടെ ബോധം നശിക്കുന്നില്ലെന്ന് കണ്ടെത്തിയതായാണ് സാം പർണിയ അവകാശപ്പെടുന്നത്. കൂടുതൽ പഠനങ്ങൾ ബാക്കിയിരിക്കുകയാണ് എന്നിരിക്കെത്തന്നെ ഹൃദയം നിന്നുകഴിഞ്ഞ്, ശ്വസിക്കുകയോ മസ്തിഷ്കം ഏതെങ്കിലും തരത്തിൽ പ്രവർത്തിക്കുകയോ ചെയ്യാത്തപ്പോൾ പോലും, ചിന്തകളേയും കാര്യകാരണ പ്രവർത്തനങ്ങളേയും ഉണർത്തി നിർത്തുന്ന ഒരു ബോധം (ആത്മാവ്) നിലനിൽക്കാനുള്ള സാധ്യത ഉറപ്പായുണ്ട്.

ഒരു ആത്മാവ് ഉണ്ടായിരിക്കാനുള്ള സാധ്യതയെപ്പറ്റി ഡോ. സാം പർണിയ ആണയിടുമ്പോൾ മരിച്ചതിനുശേഷവും ജീവിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്ന് പറയുന്നത് കാലിഫോർണിയ സാൽക് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ഫ്രെഡ് ഗേജ്. മരിച്ച് മൂന്നു ദിവസം വരെ കഴിഞ്ഞ മസ്തിഷ്ക കോശങ്ങളിലാണ് ജീവൻ നിലനിൽക്കുന്നത്. മരിച്ച മസ്തിഷ്ക കോശങ്ങൾക്ക് (ന്യൂറൽ പ്രോജനിറ്റർ സെല്ലുകൾ) യഥാർത്ഥ നാഡീകോശങ്ങളായി വിഭജിച്ച് രൂപാന്തരപ്പെടുവാൻ കഴിയും. 72 വയസ്സിൽ മരിച്ച ഒരാളുടെ തലച്ചോറിൽ നിന്നുള്ള കോശങ്ങൾക്കുവരെ വിഭജിക്കാനും പുതിയ കോശങ്ങളായിത്തീരാനും കഴിവുണ്ടെന്ന് ഡോ. ഫ്രെഡും, തിയോ പാമറും കണ്ടെത്തി.

ഈ കണ്ടെത്തൽ രണ്ട് ധാരണകളെയാണ് മുറിച്ചത്. പൂർണ വളർച്ചയെത്തിയ മസ്തിഷ്ക കോശങ്ങൾക്ക് പുതു നാഡീകോശങ്ങൾ ഉൽപ്പാദിപ്പിക്കാനാവില്ല, മരണശേഷം ജീവൻ തുടരുന്നില്ല എന്നീ രണ്ട് മിത്തുകൾ.

# 7

# ആത്മാവും ദൈവവും

**ആ**ത്മാവ് അനാദി വസ്തുവാണെന്ന് ബുദ്ധിമാന്മാർ സമ്മതിക്കുകയില്ല. കാരണം അതിന് ആദിയുണ്ടെന്ന് സ്പഷ്ടം. ആത്മാവ് ശരീരത്തിൽ നിന്നുണ്ടാകുക സാദ്ധ്യമല്ലല്ലോ. അത് എന്തു കൊണ്ടാണെന്ന് ചോദിച്ചാൽ ശരീരം ആത്മാവിനേക്കാൾ ശ്രേഷ്ഠമല്ല എന്നതുതന്നെ. തുച്ഛമായതിന് ശ്രേഷ്ഠമായതിനെ എങ്ങനെ ജനിപ്പിക്കുവാൻ സാധിക്കും? ജീവനും ബുദ്ധിയുമില്ലാത്ത ജഡത്തിനു ജീവനും ബുദ്ധിയുമുള്ള ആത്മാവിനെ എങ്ങനെ ജനിപ്പിക്കാൻ കഴിയും? ആത്മാവിന് എല്ലാത്തിനെക്കുറിച്ചും ചിന്തിക്കുന്നതിനും കാലഭേദങ്ങളെ പരിഗണിക്കുന്നതിനും എന്നു തുടങ്ങി ദൈവത്തേയും നിത്യതയെക്കുറിച്ച് വിചിന്തനം ചെയ്യുന്നതിനും കൂടെ കഴിവുണ്ട്. ഇങ്ങനെയുള്ള ആത്മാവിനെ യാതൊന്നും ചെയ്യാൻ കഴിവില്ലാത്ത ശരീരം എങ്ങനെ നിർമ്മിക്കും? അങ്ങനെ ചിന്തിക്കുമ്പോൾ അത് ഏറ്റവും മഹത്തായ ഒരു ശക്തിയാൽ ഉണ്ടാക്കപ്പെട്ടതാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരും. ഈ ശക്തിയാണ് ദൈവം.

മനുഷ്യരുടേയും ജന്തുക്കളുടേയും പെരുമാറ്റങ്ങളെക്കുറിച്ചുള്ള പഠനം വാസ്തവത്തിൽ ആത്മാവിനെ

കുറിച്ചുള്ള പഠനം ആയിരുന്നു എന്നു നാം ഓർക്കണം. സൈക്കി എന്നതിന് ആത്മാവ്, യുക്തിചിന്ത എന്നിങ്ങനെ രണ്ടർത്ഥം കാണുന്നുണ്ട്. പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ ചിന്തകന്മാർ ആത്മാവ് എന്ന പ്രതിഭാസത്തിന് വളരെയേറെ പ്രാധാന്യം നല്കിയതായി കാണാം. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ഹൃദയമാണ് ആത്മാവിന്റെ ആസ്ഥാനം. ശരീരത്തിൽ സ്വതന്ത്രമായി വർത്തിച്ച് ശരീരത്തെ നിയന്ത്രിക്കുന്ന ഒരത്ഭുത പ്രതിഭാസമാണ് ആത്മാവ്. മാനസിക പ്രവർത്തനങ്ങൾക്ക് മസ്തിഷ്കവുമായി ബന്ധമുണ്ടെന്നും, സംജ്ഞാനാഡികളും, ചേഷ്ടനാഡികളും മാനസിക പ്രവർത്തനത്തെ നിയന്ത്രിക്കുന്നുവെന്നും, മസ്തിഷ്കത്തിന്റെ പീനൽ ഗ്രന്ഥിയാണ് ആത്മാവിന്റെ ആസ്ഥാനമെന്നും ദെക്കാർട്ടെ വാദിച്ചു. ആത്മാവ് എന്ന ഒന്ന് ഉണ്ടായിരിക്കാനുള്ള സാദ്ധ്യതയെ ചോദ്യം ചെയ്ത ലെബ്നിസ് 'മനസ്' എന്ന ഒന്നുണ്ടെന്നും അതിന്റെ പ്രവർത്തനങ്ങൾ ശാരീരിക പ്രവർത്തനങ്ങളുടെ ആകെതുകയാണെന്നും വാദിച്ചു. തുടർന്ന് ആത്മാവും മനസുമായുള്ള ബന്ധം നഷ്ടപ്പെടുത്തിയ മനശാസ്ത്രത്തിന് ഉത്തരം കണ്ടെത്താൻ ഫിസിയോളജിയേയും, ഫിസിക്സിനേയും ആശ്രയിക്കേണ്ടിവന്നു. ഇവിടെയാണ് പ്രശസ്ത ശാസ്ത്രജ്ഞനായ ജോൺ ബി. വാട്ട്സണന്റെ വാക്കുകൾക്ക് പ്രാധാന്യം ഉദിക്കുന്നത്. അതായത് ബോധമണ്ഡലം ദൃഷ്ടിഗോചരമല്ലെന്നും അതുകൊണ്ട് അതിനെ ശാസ്ത്രീയമായി പഠിക്കുവാൻ കഴികയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. Mass, electrical charge, velocity ഇവ ഇല്ലാത്തതും Material properties അല്ലാത്തതുമായ ചിന്ത (വിചാരം, വികാരം) കൈവെള്ളയിൽ ഒതുക്കാവുന്ന Spongy matter ആയ കൊച്ചുതലച്ചോറിൽ എങ്ങനെ പ്രവർത്തിക്കുന്നു?

ആയത് എങ്ങനെ ഉൾകൊള്ളുവാൻ കഴിയുന്നു? മനസും, തലച്ചോറും പരസ്പരം പ്രവർത്തിക്കുകയോ ചേഷ്ടിക്കുകയോ ചെയ്തു പരസ്പര ബന്ധമായ ഫലങ്ങൾ എങ്ങനെ ഉണ്ടാക്കുന്നു? മനസ് എന്നത് എവിടെ നിന്നും വരുന്നു? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിച്ചാൽ "Distinct and different essence" ആണ് Mind അഥവാ Spirit എന്ന് പറയുവാൻ നിർബന്ധിതമായി തീരും. തുടർന്നു ചിന്തിക്കുന്ന പക്ഷം ഇത് ഈശ്വരാംശം എന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ സാധിക്കും... "ഭൗതിക ശരീരത്തിൽ കുടികൊള്ളുകയും അഭൗതീകാവസ്ഥയിൽ സ്വതന്ത്രമായി വർത്തിക്കയും അഭൗതീകമണ്ഡലത്തിലെ കാര്യങ്ങൾ ഗ്രഹിക്കുന്നതോടൊപ്പം, ഭൗതിക ശരീരത്തിന് വ്യക്തിത്വം നല്കി മനുഷ്യനെ മനുഷ്യനാക്കി തീർക്കുകയും ചെയ്യുന്ന ഘടകമാണ് Sixth sense organ അഥവാ ആറാമിന്ദ്രിയം .... മനുഷ്യനെ മൃഗങ്ങളോട് താരതമ്യപ്പെടുത്തുവാൻ വയ്യാത്ത ഒരവസ്ഥാവിശേഷം ഇവിടെ സംജാതമാകുന്നു. മൃഗങ്ങൾ കേവലം ജന്മവാസനകളാൽ നിയന്ത്രിക്കപ്പെടുമ്പോൾ മനുഷ്യൻ ഇതിനാൽ നിയന്ത്രിക്കപ്പെടുന്നു. അഭൗതീകമായ ഈ അവയവത്തിന്റെ മറ്റൊരു സവിശേഷത; കാണുവാനും, കേൾക്കുവാനും, അനുഭവിച്ചറിയുവാനും, വിവേചിക്കുവാനും കഴിയും എന്നുള്ളതാണ്. സ്വപ്നം എന്ന വിഷയം ഇതിനോടനുബന്ധിച്ചു പഠനവിധേയമാക്കുന്ന ആർക്കും ഈ വസ്തുതകൾ ബോദ്ധ്യപ്പെടുന്നതാണ്. ഹൃദയം, തലച്ചോറ് തുടങ്ങിയവുമായി ഇതു ബന്ധപ്പെട്ടു കിടക്കുന്നു. പ്രാണൻ ശരീരവുമായി ഇതിനെ ബന്ധിച്ചിരിക്കുന്നു. മരണത്തോടെ പ്രാണനുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും കൂടു തുറന്ന് കിളി പുറത്തേക്ക് പോകുന്നതുപോലെ ആയത് സ്വതന്ത്രമാക്കപ്പെടുകയും

ചെയ്യുന്നു. ഇത് നശിക്കുന്നില്ല എന്നതിനാൽ അമർത്യവും അനന്തവുമാണെന്നു പറയാം.

ആത്മാവ് എവിടെ സ്ഥിതി ചെയ്യുന്നു എന്നതിനെ കുറിച്ച് ശരിയായ ഒരു നിഗമനത്തിൽ എത്തിച്ചേരുക ബുദ്ധിമുട്ടാണ്. ഇത് ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് എന്റെ നിഗമനം. ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്ന അവസ്ഥയിൽ നിത്യമായ സത്യം കണ്ടെത്തുന്നതുവരേയും ഇതസ്വസ്ഥമായിരിക്കും. പൂർണ്ണതയ്ക്കുവേണ്ടിയുള്ള ദാഹം ഉണ്ടായിക്കൊണ്ടേയിരിക്കും. ഈ ദാഹം ശമിപ്പിക്കുവാൻ മനുഷ്യൻ പല മാർഗ്ഗങ്ങൾ കണ്ടെത്തുകയും ആയത് അപകടത്തിൽ പര്യവസാനിക്കുകയും ചെയ്യുന്നു. എന്നാൽ സത്യമാർഗ്ഗത്തിൽ ചരിക്കുന്നവന് (ആറാമിന്ദ്രിയം ഈശ്വരാംശം എന്നതിനാൽ അതിന്റെ ആവശ്യം ദൈവത്തിനുമാത്രമേ നിറവേറ്റാൻ സാധിക്കൂ) ആഗ്രഹസംപൂർത്തിയും ലക്ഷ്യവും കൈവരിക്കുവാൻ സാധിക്കുന്നു.

പഞ്ചേന്ദ്രിയങ്ങൾ ഭൗതീക മണ്ഡലത്തിലെ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും ആറാമിന്ദ്രിയം അഭൗതീകമായ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും നമ്മെ സഹായിക്കുന്നു. ആറാമിന്ദ്രിയം ദൃഷ്ടിഗോചരമല്ലെന്നുള്ള വാദത്തിനു മറുപടിയായി പറയാനുള്ളത് പരിണാമമായാലും സൃഷ്ടിപ്പായാലും ശരി ഏതൊന്നുൾകൊള്ളുവാനും വിശ്വാസം അനിവാര്യമാണ്. (Evolutionists theory of evolution is based on faith; so is scientific creationism there is nothing wrong with faith) ഈ വിശ്വാസവും (എബ്രാ. 11:3) നമ്മുടെ പരിമിതമായ ബുദ്ധിയും കോർത്തിണക്കി ചിന്തിക്കുന്ന ആർക്കും അസ്തിത്വമർമ്മം ഗ്രഹിക്കുവാനും ജീവിതത്തിന് ഒരു നിർവ്വചനം കണ്ടെത്തുവാനും കഴിയും. ഇതിനു 3 വസ്തു

തകൾ കണക്കിലെടുക്കണം. 1) ആത്മാവ് 2) അത് ഉൾക്കൊണ്ടിരിക്കുന്ന ശരീരം 3) സ്രഷ്ടാവ്, ഇവ ഒഴിച്ചുനിർത്തി ജീവിതത്തിന് നിർവ്വചനം നൽകുവാൻ ശ്രമിക്കരുത്. അങ്ങനെ ശ്രമിച്ചാൽ അന്ധന്മാർ ആനയെ കാണാൻ പോയതു പോലെയിരിക്കും - വാലിൽ പിടിച്ചവർക്ക് ആന ചൂലുപോലെ, കാലിൽ പിടിച്ചവർക്ക് ആന തൂണുപോലെ, ചെവിക്കു പിടിച്ചവർക്ക് ആന മുറം പോലെ.... കഥ അറിയാതെ ആട്ടം കണ്ട ചിലർ കഥകളിക്കിട്ടപേരാണ് പൊട്ടൻകളി. അതുപോലെ ജീവിതം എന്ത് എന്നറിയാത്ത യുക്തിവാദികൾ ജീവിതത്തിന് നൽകിയ നിർവ്വചനമാണ് അർത്ഥശൂന്യവും അസംബന്ധവും എന്നുള്ളത്. അന്ധന്റെ പ്രായോഗിക വിജ്ഞാനം എന്നല്ലാതെ ഇതിനെക്കുറിച്ച് എന്തു പറയാൻ.... ആത്മാവു സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു...

# 8

# പ്രകാശവസ്ത്രം

വർഷങ്ങൾക്കുമുമ്പ് 'പ്രകാശവസ്ത്രം' ഉൾപ്പെടെ പല ബൈബിൾ വിഷയങ്ങളും (സങ്കീ. 104:1,2; എബ്രാ. 2:7; 2 കൊരി. 3:7) ഭാവനാസൃഷ്ടിയാണെന്ന് സമർത്ഥിച്ച് ബൈബിളിനേയും ദൈവത്തേയും നിഷേധിക്കുവാൻ വായനക്കാരെ ആഹ്വാനം ചെയ്യുന്ന ഒരു ഗ്രന്ഥം പുറത്തിറങ്ങുകയുണ്ടായി. അന്ന് പ്രശസ്തമായ ഒരു മാധ്യമത്തിലൂടെ ഞാൻ അതിനു മറുപടി പറഞ്ഞതാണെങ്കിലും വായനക്കാരുടെ താല്പര്യം പരിഗണിച്ച് വിഷയനിഷേധത്തിന് ശാസ്ത്രീയമായ വിശദീകരണം നൽകുന്നത് ഉചിതമായിരിക്കും എന്നു തോന്നുന്നു.

ഗോചരമായ നമ്മുടെ ശരീരത്തിനു സമാന്തരമായി ജൈവശക്തിയുടെ ചംക്രമണത്തിനുള്ള ഉപാധിയായ അഗോചരമായ ഒരു ഈതർ ശരീരം അഥവാ സൂഷ്മശരീരം കൂടെ നിലനിൽക്കുന്നുണ്ട്. ജീവകോശങ്ങളിൽ സമാന്തര ശരീരിയായി ഈ ഈതർ രൂപം നിലകൊള്ളുന്നു. ശരീരത്തിൽ നിന്നും ഏകദേശം നാലിഞ്ചു മുതൽ ആറിഞ്ചുവരെ അകലത്തിൽ ഈ തേജസ്സ് ആവരണം ചെയ്തു നിൽക്കുന്നു. ഇതിന് ഹെൽത്ത് ഓറ എന്നും പറയാറുണ്ട്. രോഗങ്ങൾക്കെതിരെ സ്വയം സജ്ജമാക്കപ്പെട്ട ശരീരമാണ് നമുക്കുള്ളത്. എന്നാൽ ഈ ശക്തി പരിവേഷ

ത്തിനുണ്ടാകുന്ന ന്യൂനതയാണ് രോഗമായി പരിണമിക്കുന്നത് എന്നു പറയപ്പെടുന്നു. ഏതു ശരീരഭാഗത്ത് ഈ ചൈതന്യവിശേഷത്തിന് കുറവുണ്ടാകുന്നുവോ, ആ ഭാഗം രോഗാതുരമാകുന്നു എന്നർത്ഥം. ഓറയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ നമ്മെ ഭൗതീകമായും ആത്മീകമായും സാരമായി ബാധിക്കുന്നു. ഈ ഈതർ ശരീരമാണ് മസ്തിഷ്കബോധത്തിനും അതിബോധലോകത്തിനും ഇടയിലെ അനന്തവും സൂഷ്മവുമായ പാലമായി പ്രവർത്തിക്കുന്നത്. ഒരു വ്യക്തിയെ സൈക്കിക് എന്നും നോൺ സൈക്കിക് എന്നും തരം തിരിക്കുന്നത് ഈ സൂഷ്മശരീരത്തിന്റെ അടിസ്ഥാനത്തിലാണ്.

ഫ്രെഡ് ഹോയൽ എന്ന ശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ സൂഷ്മശരീരം ബയോൺസ് കോശങ്ങൾകൊണ്ട് നിർമ്മിച്ചിരിക്കുന്നു എന്നും ഓർഗോൺ ഊർജ്ജംകൊണ്ട് സ്പന്ദിക്കുന്നു എന്നുമാണ്. റീഷൻ ബാക്ക് എന്ന ശാസ്ത്രജ്ഞന്റെ അഭിപ്രായപ്രകാരം വിദ്യുച്ഛക്തി, കാന്തികശക്തി, പ്രകാശം, താപം മുതലായവയുടെ സ്വഭാവത്തോടുകൂടിയ ഒരു ശക്തിവിശേഷം പ്രപഞ്ചത്തിൽ നിലനിൽക്കുന്നുണ്ട്. ഇതിന് ഓഡിക് ഫോഴ്സ് എന്നാണദ്ദേഹം പേരിട്ടിരിക്കുന്നത്. എല്ലാ ജന്തുക്കൾക്കും ലംബമായും തിരശ്ചീനമായും കാന്തിക ധ്രുവീകരണം അഥവാ ഓഡിക് പൊളാരിറ്റി ഉണ്ട്. ശരീരത്തിന്റെ ഇടതുഭാഗവും വലതുഭാഗവും വിപരീത കാന്തികശക്തിയാണ് പ്രകടിപ്പിക്കുക. അതുപോലെ ശരീരത്തിന്റെ മുകൾ ഭാഗവും കീഴ്ഭാഗവും വിപരീത ഓഡിക് പൊളാരിറ്റി പ്രകടിപ്പിക്കുന്നു. ചില ഓറ (തേജസ്സ്) സംഗമിക്കുകയും ചിലത് വികർഷിക്കുകയും ചെയ്യും. ഈ ആകർഷണ വികർഷണ പ്രക്രിയകൾ ഉപബോധമനസിലുണ്ടാക്കുന്ന പ്രതികരണങ്ങൾ “ഇടപഴകൽ” പ്രക്രിയയെ ബാധിക്കുന്നുണ്ട്. ചില മനുഷ്യരോട് സ്നേഹവും മറ്റു

ചിലരോട് വെറുപ്പും തോന്നുന്നതിന്റെ കാരണം ഇതായിരിക്കാം.

ചില വ്യക്തികളുടെ സജീവ സാന്നിദ്ധ്യം ഒരു സദസ്സിനെ പിടിച്ചിരുത്തുന്നതിന്റെ കാരണവും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. വ്യത്യസ്ത കാന്തിക വലയമുള്ള മനുഷ്യരുടെ വികർഷണ തേജസുകളെ സമന്വയിപ്പിക്കാൻ കഴിയുന്ന ഒരു ഉത്പ്രേരകശക്തിയായി ഇവരുടെ കാന്തിക തേജസ് പ്രവർത്തിക്കുന്നുണ്ട്. ഈ മഹത്സാന്നിധ്യത്തിൽ ജനക്കൂട്ടം മുഴുവൻ ഒരേ മനസോടെ ചിന്തിക്കുന്നു. മനുഷ്യ ദൈവങ്ങൾ ഒരു സമൂഹത്തെ ആകമാനം ആകർഷിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

ഓറ അല്ലെങ്കിൽ പ്രകാശവലയത്തിലൂടെ പ്രവഹിക്കുന്ന ശക്തിധാരയ്ക്ക് മാംസരൂപിയായ സ്ഥൂല ശരീരത്തിലും മാറ്റങ്ങൾ വരുത്താൻ കഴിയും. ധ്യാനം പ്രധാനമായ ഒരു നിയന്ത്രണോപാധിയാണെന്ന് ശാസ്ത്രജ്ഞൻമാർതന്നെ സമ്മതിക്കുന്നു. കൂടാതെ പ്രാർത്ഥനയാൽ തേജസിന് മാറ്റു കൂട്ടുവാനും ശാരീരിക നിലകളിൽ ഊർജ്ജ തീവ്രത കൂട്ടുവാനും ഉദ്ദീപിപ്പിക്കുവാനും കഴിയും എന്നവർ പറയുന്നു. ആദ്യമായി ഈ വസ്തുതകളെ വിശകലനം ചെയ്ത് സിദ്ധാന്തത്തിന്റെ പിൻബലം നൽകി അവതരിപ്പിച്ച ഡോ. മെസ്മർ, ജെഫ്രിഹോഡ്സൺ തുടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ വിശദീകരണം ശ്രദ്ധിക്കുക. ഒരു ശാക്തിക സമുദ്രത്തിലാണ് നാം ജീവിക്കുന്നത്. ഈ തേജോസമുദ്രത്തിലുണ്ടാകുന്ന വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും നമ്മെ സ്വാധീനിക്കുന്നു. അതീന്ദ്രിയവും നമുക്ക് അതീതവുമായ ഈ ശക്തി സ്രോതസുകളെ നിയന്ത്രിക്കുന്നത് ഇനിയും പേരിടാത്ത അല്ലെങ്കിൽ ദൈവം എന്ന് വിളിക്കാവുന്ന മനുഷ്യ ചിന്തയ്ക്കതീതമായ ശക്തി വിശേഷമാണ്.

# 9

# കൺമുന്നിൽ പ്രഭാവലയം

***പ്രകാശവസ്ത്രം എന്ന പഠനത്തെ സാധൂകരിക്കുന്ന പ്രശസ്ത സാഹിത്യകാരനായ എ. കെ. രാമചന്ദ്രന്റെ ഒരു അനുഭവം.***

ഗോമുഖിൽ നിന്ന് തപോവനത്തിലേക്കും നന്ദനവന ത്തിലേക്കും ഒരു കഠിനയാത്ര നടത്തി അവിടെ ഒരു കൂടാ രത്തിൽ രാത്രി വിശ്രമിക്കുമ്പോൾ യാദൃശ്ചികമായി മറ്റൊരു യാത്ര തരപ്പെട്ടു. 23000–ൽപ്പരം അടി ഉയരത്തിൽ കിടക്കുന്ന കീർത്തി, ഛൗഖംമ്പാ, റുഡുഗെയ്റ, ഖാറ്റലിങ്ങ് എന്നീ അപകടകാരികളായ ഗ്ലേഷിയറുകളിൽക്കൂടി, നോർജിംങ്, സേർബഹാദൂർ എന്നീ ഷേർപ്പകളുടെ സഹായത്തോടെ ഒരു ദിവസം മുഴുവനും നടന്ന് അവസാനം ഒരു ഗുഹ യിൽ ചെന്നെത്തി.

ഗുഹയിൽ അഞ്ച് സന്യാസിമാരുണ്ടായിരുന്നു. എനി ക്കവിടെ ഒരു രാത്രി തങ്ങാൻ അനുമതി കിട്ടി. ‘സാധു’ സംഘത്തിൽപ്പെട്ടവരാണ് ഈ സന്യാസിമാർ. തങ്കനിറം, നീണ്ടുവിടർന്ന താമരക്കണ്ണുകൾ, ഉച്ചിയിൽ കെട്ടിവച്ച മുടി, കൂട്ടിക്കെട്ടിവെച്ച താടി. ഒട്ടിയ വയറും വിരിഞ്ഞ രോമാവൃ തമായ മാറിടവും. ആറടിയോളം ഉയരം. നിരവധി അനുഭ

വങ്ങൾ എനിക്കവിടെ ഉണ്ടായി. രാത്രി രണ്ടുമണിവരെ ഞങ്ങൾ പലതും സംസാരിച്ചു. വിശ്രമിക്കാം എന്ന് പറഞ്ഞ് അവർ നിദ്രയ്ക്ക് തയ്യാറായി. അത്യപൂർവ്വമായ ഈ അവസരം ഉറങ്ങി നഷ്ടപ്പെടുത്തുവാൻ ഞാൻ തയ്യാറായില്ല. ഗുഹയുടെ അറ്റത്ത് രൂപപ്പെട്ടുകിടക്കുന്ന വലിയ വിടവിൽക്കൂടി ഞാൻ പുറത്തേക്കു നോക്കിനിന്നു. ആയിരക്കണക്കിന് അടി താഴെ അനന്തമായ മഞ്ഞുഭൂമി. പൂനിലാവും നക്ഷത്രങ്ങളും ആ ഹിമപ്രപഞ്ചത്തിൽ മാസ്മരസൗന്ദര്യം വാരിവിതറി. കുറച്ചധികം നേരം കഴിഞ്ഞപ്പോൾ ഞാൻ സന്യാസിമാരുടെ അടുത്തേക്ക് ചെന്നു. ധ്യാനരൂപത്തിൽ ഇരിക്കുന്ന സന്യാസിമാരുടെ കണ്ണുകൾ ആ ഇരുട്ടിൽ ഇടയ്ക്കിടക്ക് കനൽക്കട്ടകൾ പോലെ ജ്വലിക്കുന്നു! അവരുടെ ശരീരത്തിനു പുറമെ അഗ്നിപോലെ ഒരു പ്രഭാവലയം! ഞാൻ ഞെട്ടിത്തരിച്ചു നിന്നുപോയി.

വായുവിനെ സ്തംഭിപ്പിച്ച്, ഇച്ഛാശക്തിയും ഏകാഗ്രതയും ഏകോപിപ്പിച്ച്, കണ്ണുകൾക്ക് പ്രകൃത്യാ ലഭിച്ചിട്ടുള്ള ഒൻപത് ഡയമെൻഷനും ഒരേ സമയം പ്രവർത്തിപ്പിച്ച് കൃത്രിമമായ അഗ്നിയെ ശരീരാന്തർഭാഗത്ത് ഉത്പാദിപ്പിക്കുന്നു. ആക്റ്റിവേഷൻ വഴി പുറത്തുവരുന്ന അഗ്നിയെ നാഭിയിലെ ശുക്ലകോശത്തിലേക്ക് ആവാഹിച്ചെടുക്കുന്നു. ചൂടുപിടിച്ച ഈ ജീവദ്രാവകത്തെ കുണ്ഡിലിനി വഴി ശരീരത്തിന്റെ എല്ലാ കോശങ്ങളിലേക്കും എത്തിക്കുന്നു എന്നതാണ് ഇതിനുള്ള ശാസ്ത്രീയ വിശദീകരണം. യാത്രാവിവരണഗ്രന്ഥരചനയിൽ മുഴുകിയിരിക്കുന്ന എനിക്ക് ഇന്നും കൺമുമ്പിൽ തെളിയുന്ന ഒരത്ഭുതദൃശ്യം ഈ സന്യാസിമാരുടെ കനൽക്കട്ടപോലെയുള്ള നേത്രഗോളങ്ങളും ശരീരത്തിലെ അഗ്നിതേജസുമാണ്.

# 10

# മരണാനന്തര ജീവിതം

**കോ**ടാനുകോടി കോശങ്ങളുടെ സമമായ സംബന്ധമാണല്ലോ മനുഷ്യശരീരം എന്നു പറയുന്നത്. ആകൃതിയിലും പ്രകൃതിയിലും തികച്ചും വ്യത്യസ്തങ്ങളായ-വ്യത്യസ്തധർമ്മങ്ങൾ നിറവേറ്റുന്ന ശരീരത്തിലെ വിഭിന്ന അവയവങ്ങൾക്ക് രൂപം നൽകുന്ന കോശങ്ങൾ പൊതുസമാനങ്ങൾ ആണെന്നതു പ്രത്യേകം പ്രസ്താവ്യമത്രെ. ഗർഭധാരണ വേളയിൽ സ്ത്രീയുടെ അണ്ഡവും പുരുഷബീജവും പരസ്പരാശ്ലേഷണത്തിൽ മുഴുകുന്ന നിമിഷത്തിൽ നാൽപ്പത്തിയാറ് വർണ്ണ തന്തുക്കൾ ഒത്തിണങ്ങിയ ഒരു കോശം രൂപം കൊള്ളുന്നു. കോശത്തിൽ വിഭജനം (ഇരുസമഭാഗങ്ങളായി) നടക്കുന്നതിന്റെ (Binary Fission) ഫലമായി കോശങ്ങൾ വർദ്ധിക്കുന്നു. ഈ വിഭജനത്തിന്റെ പരിണിതവും പ്രത്യക്ഷഫലവും എന്നോണം ശരീരം രൂപം കൊള്ളുന്നു. കോശങ്ങൾ പൊതുസമാനങ്ങൾ ആണെങ്കിലും ഏകരൂപങ്ങൾ അല്ല. എന്നാൽ കോശത്തിനുള്ളിലെ വർണ്ണതന്തുക്കൾ (Chromosomes) എല്ലാം ഒരുപോലെയാണ്. ഈ വർണ്ണതന്തുക്കൾ ആണ് ശരീരത്തിന്റെ ശില്പികൾ. ശരീരധർമ്മങ്ങളുടെയും ആന്തരിക പ്രവർത്തനങ്ങ

ളുടെയും പൂർണ്ണമായ നിയന്ത്രണം വർണ്ണതന്തുക്കൾക്കാണെന്നു പറയാം.

കോശങ്ങളിൽ കാണുന്ന വർണ്ണതന്തുക്കളിലെ ജീൻസ് (D.N.A. തന്നെയാണ് Gens. അനേകായിരം D.N.A. തന്മാത്രകൾ കൊണ്ടാണ് വർണ്ണതന്തുക്കൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്) പ്രവർത്തന നിരതമാകുമ്പോൾ അതിന്റെ സമഗ്രസ്വഭാവത്തിന് ജീവൻ എന്നും, പ്രവർത്തനരഹിതമാകുമ്പോൾ അതിന് മരണം എന്നും പറയാം. ഇവിടെ D.N.A. അഥവാ ജീൻസ് ആണ് പ്രധാന ഘടകം എന്നു നാം മനസ്സിലാക്കിയല്ലോ. ജീവവ്യാപാരത്തിനാധാരമായ ഘടകമാകട്ടെ പ്രസ്തുത D.N.A. യിലെ രാസസംയുക്തമായ (Nitrogenous base) A.G.T.C. (അഡിനിൻ, ഗ്യാനിൻ, തൈമിൻ, സൈറ്റോസൈൻ) കോഡാണ്. ഇത് നാശത്തിനതീതമാണെന്ന് ശാസ്ത്രം പറയുന്നു. (മരണശേഷവും നശിക്കാതെ അവശേഷിക്കുന്ന ഇതിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത്- 1 കൊരി. 15:35-41; ഇയ്യോബ് 14:17; 2 കൊരിന്ത്യർ 5:10 തുടങ്ങിയ വാക്യങ്ങളോട് ബന്ധപ്പെടുത്തി കൂടുതലായി ഈ വിഷയത്തിൽ പഠനം നടത്തേണ്ടിയിരിക്കുന്നു.)

ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം: ഒരു D.N.A. തന്മാത്രയെങ്കിലും സജീവമായിരുന്നാൽ വസ്തുവിന് ജീവൻ ഉണ്ട് എന്നാണ് ആധുനികശാസ്ത്രം പറയുന്നത്. നോക്കുക- പ്രോട്ടീനും, ന്യൂക്ലിക്ക് ആസിഡും ചേർന്ന ന്യൂക്ലിയോപ്രോട്ടീൻ ആണല്ലോ സൃഷ്ടിയുടെ പ്രകാശനാളമായി ചൂണ്ടിക്കാട്ടുന്നത്. അത് എന്തുതന്നെയായാലും ന്യൂക്ലിയോപ്രോട്ടീൻ കൊണ്ടാണ് വർണ്ണ തന്തുക്കൾ നിർമ്മിച്ചിരിക്കുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. ഈ വസ്തുതകൾ ഉൾക്കൊണ്ടുകൊണ്ടാണ് ശാസ്ത്രജ്ഞന്മാർ മനുഷ്യനെ

"മുളപ്പിച്ചുണ്ടാക്കാനുള്ള" ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഡോ. അറ്റ്വുഡ്, ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ഡോ. ജി. സി. ഗാർഡൻ തുടങ്ങിയവർ കോശത്തിൽനിന്നും മനുഷ്യനെ മുളപ്പിച്ചെടുക്കാനുള്ള ശ്രമത്തിലായിരുന്നു. അതായത്, ഒരു കോശത്തിൽ നിന്ന് അതിന്റെ ന്യൂക്ലിയ സിനെ അൾട്രാവയലറ്റ് രശ്മി ഉപയോഗിച്ച് വേർപെടുത്തി ക്കളഞ്ഞിട്ട് മറ്റൊരു കോശത്തിൽനിന്ന് വേർപെടുത്തിയെ ടുത്ത ന്യൂക്ലിയസ് ആ ഭാഗത്ത് സംയോജിപ്പിച്ച് ഭ്രൂണം എന്ന നിലയിൽ വികസിപ്പിച്ച് വളർത്തിക്കൊണ്ട് വരുക. എന്നാൽ അറിവ് ഒന്നുകൂടെ വിശാലമായതോടെ ഭൗതീക ശരീരത്തിന്റെ അടിസ്ഥാന ഘടകത്തെ വികസിപ്പിച്ചുകൊ ണ്ടുവരാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നത്. (The new story of science P. 732) ഇവിടെ നാം മനസ്സിലാക്കേണ്ടത്, ജീവൻ എന്ന പ്രതിഭാസം അഥവാ സ്വഭാവവിശേഷം രൂപീകൃത മാകുന്നതിന് വേണ്ടുന്ന അടിസ്ഥാന ഘടകം പ്രവർത്ത നരഹിതമെങ്കിൽതന്നെയും മരണശേഷവും നശിക്കാതെ അവശേഷിക്കുന്നു എന്നുള്ളതാണ്. സാഹചര്യങ്ങൾ അനു കൂലമായാൽ സ്വയം വികസിക്കാനുള്ള ശേഷി (പ്രത്യു ല്പാദനപരമായി) ഇവയ്ക്കുണ്ട് അല്ലെങ്കിൽ കൈവരിക്കും എന്ന് ശാസ്ത്രം പറയുന്നു. വിഘടിച്ചു വികസിക്കുവാൻ വേണ്ടി ചുറ്റുപാടുകളെ പ്രയോജനപ്പെടുത്തുവാനും ഇവയ്ക്കു കഴിവുണ്ട്. (The science of life P. 176)... അങ്ങനെ ന്യൂക്ലിയോ പ്രോട്ടീന്റെ സഹായത്തോടെ ജീൻസ് പ്രവർത്ത നനിരതമാകുന്നതോടെ ജീവൻ കൈവരിച്ചു എന്നു പറയാം.

ഭൗതീക ശരീരത്തിന്റെ അടിസ്ഥാനഘടകം മരണശേ ഷവും നിലനിൽക്കുന്നുവെന്നും (Anthropic Cosmological Principle -Oxford University )... സാഹചര്യങ്ങൾ അനുകൂല

മായാൽ പ്രസ്തുത ശേഷിപ്പുകൾ അഥവാ അടിസ്ഥാന ഘടകം സജീവമാകുകയും ശരീരം പുനരുദ്ധരിക്കപ്പെടുകയും ചെയ്യുമെന്ന് പറയുമ്പോൾ അതിനെ ചോദ്യം ചെയ്ത്–അന്ധവിശ്വാസമെന്ന് പറഞ്ഞ് അധിക്ഷേപിക്കുന്നവർ–ഞാനുണ്ട് നീയില്ല എന്ന് ശിഷ്യനോട് പറഞ്ഞ തത്ത്വജ്ഞാനിയെപ്പോലെയാണ്.

ലളിതമായ ഒരു ചോദ്യം ഇവിടെ അവശേഷിക്കുന്നു. അതായത്, മനുഷ്യശരീരത്തിന്റെ അടിസ്ഥാന ഘടകത്തിൽ നിന്ന് മനുഷ്യനെ മുളപ്പിച്ചുണ്ടാക്കുവാൻ ശ്രമിക്കുന്ന ശാസ്ത്രത്തിന് സാഹചര്യങ്ങൾ അനുകൂലമായാൽ നശിക്കാതെ ശേഷിക്കുന്ന ഭൗതീക ശരീരഘടകത്തിൽ നിന്ന് മനുഷ്യൻ ഉയിർക്കൊള്ളില്ലെന്ന് എങ്ങനെ പറയാൻ കഴിയും? അതും പരിണാമദിശയിൽ യുഗങ്ങളേറെ താണ്ടിക്കടന്നപ്പോൾ അനുകൂലമായ ഒരനർഘനിമിഷത്തിൽ ജീവന്റെ നാമ്പ് തനിയെ വിരിഞ്ഞ് ഉയർന്നു എന്ന് വിശ്വസിക്കുന്നവർക്ക്?

ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: ....മൃതന്മാർ ജീവിക്കും... ശവങ്ങൾ എഴുന്നേൽക്കും ....ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ... ഹതന്മാരെ ഇനി മൂടിവയ്ക്കുകയുമില്ല. (യെശയ്യാവ് 26:19–21; സങ്കീർത്തനം 90:3; യോഹന്നാൻ 5:28; വെളിപ്പാട് 20:13) ഇവിടെ മൂടിവച്ചിരിക്കുന്നത് പുറത്തുവരും എന്ന പ്രസ്താവനയും, ഏല്പിച്ചുകൊടുത്തു, ഭൂമി പ്രേതന്മാരെ പ്രസവിക്കും തുടങ്ങിയുള്ള പരാമർശങ്ങളും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഭൂമിക്കുവരുന്ന അത്ഭുതകരമായ മാറ്റം അതായത് ഭൂമി ഗർഭപാത്രംപോലെ ആയിത്തീരുന്ന ഒരവസ്ഥാവിശേഷം ഇവിടെ ദൃശ്യമാണ്. ഇതോടനുബന്ധിച്ച് ബൈബിളിലെ 1 കൊരിന്ത്യർ 15:35–41 വരെയുള്ള വാക്യങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. പ്രത്യേ

കിച്ച് വിത്തും ശരീരവും എന്ന പരാമർശം. അകൃത്യഭാരം ചുമക്കുന്ന-വ്യക്തിത്വം വെളിപ്പെടുത്തുന്ന-നശിക്കാതെ അവശേഷിക്കുന്ന അടിസ്ഥാന ഘടകത്തെക്കുറിച്ചുള്ള പരാമർശമാണിത്. തീർച്ചയായും പ്രസ്തുത ഘടകത്തെ വിത്തിനോടുപമിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ഗർഭപാത്രത്തിൽ ഏക കോശത്തിൽ നിന്ന് ശരീരം രൂപംകൊള്ളുന്നതുപോലെ ഒരു പ്രത്യേക സാഹചര്യത്തിൽ (ദൈവത്തിന്റെ ആഹ്വാനത്തിങ്കൽ സങ്കീർത്തനം 90:3) ഭൂമി ഗർഭപാത്രം പോലെയാവുകയും വിത്തിൽനിന്നെന്നപോലെ ശേഷിപ്പുകളിൽനിന്ന് ശരീരം പുനരുദ്ധരിക്കപ്പെടുകയും ചെയ്യും എന്ന വസ്തുതയാണ് ഈ ഭാഗത്തുനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്.

മരണാനന്തരം മനുഷ്യന്റെ വ്യക്തിത്വം നിലനിൽക്കും എന്നിരിക്കെ... ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നത് വിശ്വാസയോഗ്യമല്ല എന്ന് നിങ്ങൾക്ക് തോന്നുന്നതെന്ത്? (അപ്പോസ്തലപ്രവൃത്തികൾ 26:8) ...ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു നന്മചെയ്തവർ ജീവനായും തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. (യോഹന്നാൻ 5:29) അതെ ...ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും (1 കൊരിന്ത്യർ 15:22) ...നിലത്തെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും, ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും (ദാനിയേൽ 12:2).

# 11

# മരണാനന്തര ജീവിതവും ആധുനിക ശാസ്ത്രവും

**പ്ര**കൃതിയിൽ അവസാനം ഉരുവായ ജീവി - മനുഷ്യൻ. അരൂപിയായ ദൈവത്തിന്റെ ദൃശ്യഭാവം - ഭയങ്കരവും അതിശയകരവുമായ സൃഷ്ടി (സങ്കീ. 139: 14).

മനുഷ്യശരീര സംബന്ധമായ ഗവേഷണങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ ശൂന്യാകാശ ഗവേഷണങ്ങളും നിഗമനങ്ങളും നിസാരങ്ങളാണെന്ന് ബോധ്യമാകും. അത്രമാത്രം സങ്കീർണ്ണമായ അത്ഭുതപ്രതിഭാസങ്ങളുടെ ആകെതുകയാണ് മനുഷ്യശരീരം.

ലോകത്ത് ഒരാളെപ്പോലെ ഒരാൾ മാത്രം. സവിശേഷങ്ങളായ രൂപങ്ങൾ കൊണ്ടും സ്വഭാവങ്ങൾകൊണ്ടുമാണ് മനുഷ്യർ വ്യത്യാസപ്പെട്ടിരിക്കുന്നത്. നൂറു ട്രില്യൻ കോശങ്ങൾ കൊണ്ടാണ് നമ്മുടെ ശരീരം നിർമിക്കപ്പെട്ടിരിക്കുന്നത്. ഓരോ കോശത്തിനുള്ളിലും കോശമർമ്മം ഉണ്ട്. അതിനുള്ളിലാണ് ശരീരത്തിന്റെ മുഴുവൻ വിവരങ്ങളും ശേഖരിച്ചു വച്ചിരിക്കുന്ന 23 ജോഡി ക്രോമസോമുകളിരിക്കുന്നത്. നിറം ആഗീരണം ചെയ്യാൻ കഴിവുള്ളതുകൊണ്ടാണ് കോശമർമ്മത്തിലുള്ള തന്തുക്കൾക്ക്

ക്രോമസോംസ് എന്ന പേരുണ്ടായത്. ക്രോമസോംസ് എന്ന ഗ്രീക്കു ശബ്ദത്തിന്റെ അർത്ഥം നിറം പിടിപ്പിച്ച ചരടുകൾ എന്നാണ്. ഈ വർണ്ണതന്തുക്കളാണ് ശരീരത്തിന്റെ ശില്പികൾ. എല്ലാ ശരീരധർമ്മങ്ങളെയും ആന്തരിക പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതും നിയതമാക്കുന്നതും ഈ വർണ്ണതന്തുക്കൾ തന്നെയാണ്.

ഒരു മനുഷ്യകോശത്തിൽ പതിനായിരത്തിനും ലക്ഷത്തിനുമിടയിൽ സന്ദേശങ്ങൾ കോഡുകളായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ജീനുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങൾ എഴുതി പകർത്തുന്നുവെങ്കിൽ, അത് അച്ചടിച്ച പുസ്തകത്തിന് പതിനായിരം എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ വലിപ്പം വരും.

ഇങ്ങനെ നിലനിൽക്കുന്ന നമ്മുടെ ശരീരത്തിന്റെ ഓരോ സൂക്ഷ്മസ്വഭാവത്തെയും പ്രവർത്തനങ്ങളെയുംകുറിച്ചുള്ള വിവരങ്ങൾക്കാകപ്പാടെ പറയുന്ന പേരാണ് ജീനോം. ബീജകോശങ്ങളും അണ്ഡകോശങ്ങളും ഒഴികെയുള്ള സകല കോശങ്ങളിലും ഒരു ജോഡി ജീനോം വച്ചിട്ടുണ്ട്. അണ്ഡത്തിലും ബീജത്തിലും ഓരോ സെറ്റേ ഉള്ളൂ. മനുഷ്യ ശരീരത്തെ സംബന്ധിയ്ക്കുന്ന മുഴുവൻ വിവരങ്ങളും ഈ ജീനോമിലുണ്ട്.

ജീനോമിനെ ഒരു പുസ്തകത്തോട് ഉപമിക്കാം. 23 അദ്ധ്യായങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ഓരോ അദ്ധ്യായത്തെയും ക്രോമസോം എന്നു വിളിക്കാം. ഓരോ അദ്ധ്യായത്തിലും അനേകായിരം കഥകൾ ഉണ്ട്. ഓരോ കഥകളെയും ഓരോ ജീൻ എന്നു പറയാം. കോശത്തിന്റെ പ്രവർത്തനങ്ങളെയും അതുവഴി ശരീരത്തെയും നിയന്ത്രിക്കുന്നത് ഈ ജീനുകളാണ്. കഥകളെ ഖണ്ഡികകളായിട്ടാണ് എഴുതി തയാറാക്കിയിരിക്കുന്നത്. ഓരോ ഖണ്ഡി

കയെയും എക്സോൺ എന്നും; ഓരോ വാക്കിനെയും ഓരോ കോഡ് എന്നും വിളിക്കും. ബെയ്സുകൾ എന്ന് വിളിക്കുന്ന നാല് തൻമാത്രകളാണ് നാല് അക്ഷരങ്ങൾ. അഡിനിൻ (എ), സിറ്റോസിൻ (സി), ഗുവാനിൻ (ജി), തയമിൻ (ടി) എന്നിവയാണ് ആ നാല് തന്മാത്രകൾ. നൂറുകോടി വാക്കുകൾ കൊണ്ടെഴുതിയ കൂറ്റൻ പുസ്തകമാണ് ജീനോം. ഈ പുസ്തകത്തെ വായിച്ചെടുക്കുന്ന രീതിയെയാണ് ജീനോം സ്വീകൻസിംങ് എന്നു വിളിക്കുന്നത്. മുഴുവൻ കഥകളെയും വായിച്ചാൽ മനുഷ്യശരീരത്തിന്റെ മുഴുവൻ രഹസ്യങ്ങളും മനസിലാക്കാൻ സാധിക്കും. 1995 മുതൽ വികസിച്ചുകൊണ്ടിരിക്കുന്ന നാനോ പോർ സ്വീകൻസിംങ് എന്ന രീതി പൂർണ വിജയമാകുന്നതോടെ പോക്കറ്റിൽ ഒതുങ്ങുന്ന പണത്തിന് മനുഷ്യന്റെ ജീനോം വായിച്ചെടുക്കുവാൻ സാധിക്കും.

മനുഷ്യന്റെ ജീനോം നിർണയിക്കുന്നത് ഇങ്ങനെയാണ്. ഒരു നേർത്ത സ്ഥരത്തിൽ സൃഷ്ടിച്ചിട്ടുള്ള ചെറിയൊരു തുളയിലൂടെ നമ്മുടെ പിളർത്തിയെടുത്ത ഡി.എൻ.എ. നാടയെ കടത്തിവിടുന്നു. എ.സി.ജി.ടി. തൻമാത്രകൾ എത്തുമ്പോൾ തുള അടയുന്നു. ഓരോ തന്മാത്രയുടെയും സ്വഭാവത്തിനനുസരിച്ച് സ്ഥരത്തിൽ വൈദ്യുതിയുണ്ടാകും. വൈദ്യുതി അളന്നാൽ തുളയിലൂടെ കടന്നുപോകുന്ന ബെയ്സ് എന്താണെന്നറിയാനാവും. ഇതിലൂടെ മുഴുവൻ ഡി.എൻ.എ.യും ഒറ്റയടിക്ക് വായിക്കാനാവും. ജീവന്റെ രചനയ്ക്കു ദൈവം ഉപയോഗിച്ച രഹസ്യഭാഷയാണ് മനുഷ്യൻ മനസിലാക്കിക്കൊണ്ടിരിക്കുന്നത് എന്നാണ് ആധുനിക ശാസ്ത്രം പറയുന്നത്. ഈ ആധുനിക ശാസ്ത്രനിഗമനങ്ങൾക്ക് സത്യവേദപുസ്തകത്തിന്റെ സംശയാതീതമായ, സമഗ്രമായ വിശദീകരണങ്ങൾ നമ്മുടെ മുന്നിലു

ണ്ട്. ഉണർന്നെഴുന്നേൽക്കുന്ന മനുഷ്യജിജ്ഞാസയുടെ നേരെ ധീരമായി തലയുയർത്തി നിൽക്കുവാൻ വേദപുസ്തകത്തിനു കഴിയും.

**ശാസ്ത്രം :** ബഹുജനം ബഹുവിധം. ഒരാളുടെ രൂപവും ഭാവവുമെല്ലാം മറ്റൊരാളിൽനിന്ന് ഭിന്നമാകുന്നു. ഈ സാജാത്യവൈജാത്യങ്ങൾക്കടിസ്ഥാനം വർണ്ണതന്തുക്കളാണ്.

**ബൈബിൾ :** ദൈവം ഓരോ വിത്തിന് അതതിന്റെ ശരീരം കൊടുക്കുന്നു. സകല മാംസവും ഒരുപോലെയുള്ള മാംസമല്ല. മനുഷ്യരുടെ മാംസം വേറെ, കന്നുകാലികളുടെ മാംസം വേറെ, പക്ഷികളുടെ മാംസം വേറെ (1 കൊരി. 15:35–41).

**ശാസ്ത്രം :** ഒരു വ്യക്തിയെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ജീനുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വ്യക്തിയുടെ സമ്പൂർണ്ണ രഹസ്യങ്ങളും (ജിനോം) വായിച്ചെടുക്കാൻ സാധിക്കും.

**ബൈബിൾ :** അതിക്രമം സഞ്ചിയിലാക്കി മുദ്രയിട്ടിരിക്കുന്നു. അകൃത്യം കെട്ടിപ്പറ്റിച്ചിരിക്കുന്നു (ഇയ്യോബ് 14:17). ശാസ്ത്രനിഗമനങ്ങളുടെ ആലങ്കാരികവും പ്രതീകാത്മകവുമായ ഒരു വിശദീകരണം തന്നെയാണിത്. ദൈവം നല്ലതും തീയതുമായ സകല പ്രവർത്തികളെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ. (സഭാപ്രസംഗി 12:14).

**ശാസ്ത്രം :** പരമാണുവിനുപോലും യാതൊന്നും അവശേഷിപ്പിക്കാതെ ഇല്ലാതാകുവാൻ കഴിയുകയില്ല. രൂപാന്തരം മാത്രമാണതിന്റെ തത്ത്വം. ജീവവ്യാപാരത്തിനാധാരമായ ഡി.എൻ.എ.യിലെ എ.സി.റ്റി.ജി. ഏതെല്ലാം അവസ്ഥയിൽക്കൂടെ കടന്നാലും നശിക്കുന്നില്ല. മരണാനന്തരം

മനുഷ്യന്റെ വ്യക്തിത്വം നിലനിൽക്കുന്നു.

**ബൈബിൾ :** മൃതന്മാർ ജീവിക്കും... ശവങ്ങൾ എഴുന്നേൽക്കും. ഭൂമി പ്രേതന്മാരെ പ്രസവിയ്ക്കുമല്ലോ (യെശ. 26:19; യോഹ. 5:28).

ശ്രദ്ധിക്കുക: വചനത്തിന് അനിഷേധ്യസാക്ഷ്യമായി ശാസ്ത്രം മാറിയിരിക്കുന്നു. മരണാനന്തര ജീവിതത്തിന് ഇതിൽപ്പരം ഒരു ശാസ്ത്രീയ വിശദീകരണം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ജീവൻ എന്ന പ്രതിഭാസം രൂപീകൃതമാകുന്നതിനു വേണ്ടുന്ന അടിസ്ഥാന ഘടകം മരണശേഷവും നശിക്കാതെ അവശേഷിക്കുന്നുവെന്നും സാഹചര്യം അനുകൂലമായാൽ പ്രത്യുൽപ്പാദനപരമായി സ്വയം വികസിക്കാനുള്ള ശേഷി ഇവയ്ക്കുണ്ട് എന്നും ന്യൂക്ലിയോ പ്രോട്ടീന്റെ സഹായത്താൽ ജീൻസ് പ്രവർത്തനനിരതമാകുന്നതോടെ ജീവൻ കൈവരിക്കാം എന്നും ശാസ്ത്രം പറയുന്നു. മരണാനന്തരം മനുഷ്യന്റെ വ്യക്തിത്വം നിലനിൽക്കുമെന്നിരിക്കെ ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നത് വിശ്വാസയോഗ്യമല്ലാ എന്നു നിങ്ങൾക്ക് തോന്നുന്നതെന്ത്? (പ്രവൃ. 26:8). ആദാമിൽ എല്ലാവരും മരിയ്ക്കുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും ജീവിയ്ക്കപ്പെടും (1 കൊരി. 15:28). നിലത്തെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ ചിലർ നിത്യജീവനായും, ചിലർ നിത്യലജ്ജയ്ക്കായും ഉണരും (ദാനി. 12:2). ദൈവം നിങ്ങളെ സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തും എന്നുള്ളത് യാഥാർത്ഥ്യമാണ് എന്നറിക. അതുകൊണ്ടാണ് ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പാൻ ദൈവവചനം മനുഷ്യനെ ആഹ്വാനം ചെയ്യുന്നത് (ഫിലിപ്യർ 2;12,13).

അദ്രവത്വവും അക്ഷയവുമായ ശരീരത്തിൽ നിത്യ

മായി ആസ്വദിയ്ക്കാവുന്ന ഒരു മരണാനന്തരജീവിതം ഉണ്ട് എന്നുള്ളത് ജീവിതത്തിന് ഒരു പുതിയ വീക്ഷണം പ്രദാനം ചെയ്യുന്നു. ഇവിടെ സത്യവേദപുസ്തകത്തിലേക്ക് ഒരു മടങ്ങിപ്പോക്ക് മനുഷ്യന് അനിവാര്യമായിരിക്കുന്നു. ഇത് ജീവിതത്തിന് ഒരു ലക്ഷ്യവും പ്രവർത്തിയ്ക്ക് ഒരു മാർഗ്ഗദർശിയും ബുദ്ധിപരമായ സത്യസന്ധതയ്ക്ക് ഒഴിച്ചുകൂടാനാവാത്ത ആവശ്യവുമാണ്.

# 12

# മനുഷ്യൻ

**ഭൗതീകവീക്ഷണത്തിൽ:** പ്രാകൃത ശരീരിയായ ബുദ്ധിയുള്ള മനുഷ്യൻ ഒരു മൃഗമായിരുന്നു.

**ആത്മീയവീക്ഷണത്തിൽ:** പ്രാകൃത ശരീരം ഉണ്ടെങ്കിൽ ആത്മീകശരീരവും ഉണ്ട് (1 കൊരി. 15:44).

ലക്ഷോപലക്ഷം കോശങ്ങളുടെ സംഘടിതരൂപമാണ് മനുഷ്യശരീരം. ഓരോ കോശവും ശരീരസാകല്യത്തിന്റെ കൊച്ചുപതിപ്പാണ്. കോശാന്തർഗതവർണ്ണതന്തുക്കൾ (ക്രോമസോംസ്) 46 ആണ്. ഈ വർണ്ണതന്തുക്കളിലടങ്ങുന്ന അസംഖ്യം ജീനുകളാണ് മാനുഷീകരൂപവും ഭാവവും നിയന്ത്രിക്കുന്നത്. ജീവന്റെ അതിസൂക്ഷ്മ ഘടകങ്ങളായ ജീനുകൾക്കവലംബം പിതാവിന്റെ സംഭാവനയായ 23-ഉം മാതാവിന്റെ സംഭാവനയായ 23-ഉം ചേർന്നുള്ള 46 വർണ്ണതന്തുക്കളാണ്. ഗർഭദാനവേളയിൽ സ്ത്രീയുടെ അണ്ഡവും, പുരുഷബീജവും പരസ്പരാശ്ലേഷണത്തിൽ മുഴുകുന്ന നിമിഷത്തിൽ 46 വർണ്ണതന്തുക്കൾ ഒത്തിണങ്ങിയ ഒരു കോശം രൂപംകൊള്ളുന്നു. തുടർന്ന് കോശത്തിൽ binary fission സംഭവിക്കുന്നു. വിഭജനം തുടർന്നുകൊണ്ടിരിക്കുന്നതിനാൽ കോശങ്ങൾ വർദ്ധിക്കുന്നു. ഈ പ്രവർത്തനത്തിൽ പ്രധാന പങ്കുവഹി

ക്കുന്ന ഒരു collodial രാസവസ്തുവാണ് എൻസൈം. ഇത് ജീവശരീരത്തിൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന ഉത്പ്രേരകമാണ്. ഇതിന്റെ അഭാവത്തിൽ ജീവൻ തന്നെ നാമ്പെടുക്കുകയില്ല. മനുഷ്യശരീരത്തിലെ ചെറിയ ഒരു കോശത്തിൽത്തന്നെ ലക്ഷത്തിലധികം എൻസൈമുകൾ ഉണ്ട്. മാസ്മരശക്തിയുള്ള എൻസൈമുകളെ പൂർണ്ണമായി (ഘടന, സ്വഭാവം, രാസശക്തി) മനസ്സിലാക്കാൻ ശാസ്ത്രത്തിന് ഇന്നോളം കഴിഞ്ഞിട്ടില്ല. ഇതിന്റെ പൊരുൾ മനസ്സിലാക്കാൻ കഴിയാത്തിടത്തോളം കാലം ജീവവസ്തുവിന്റെ രഹസ്യം ഭൗതീകലോകത്തിന് അജ്ഞാതമായിരിക്കും... ഇതിന്റെ പരിണിതഫലമായി ശരീരം രൂപമെടുക്കുന്നു. പൊതുസമാനഘടകങ്ങളായ കോശങ്ങൾ ചേർന്ന് വിഭിന്നാവയവങ്ങൾക്ക് രൂപം നൽകി!! വ്യത്യസ്തധർമ്മങ്ങൾ നിറവേറ്റുന്നു!!!

ഓരോ കോശവും കോശസ്തരത്താൽ മൂടപ്പെട്ടിരിക്കുന്നു. ഈ കോശസ്തരത്തിനുള്ളിൽ പ്രോട്ടോപ്ലാസം സ്ഥിതിചെയ്യുന്നു. പ്രവർത്തനങ്ങൾക്കുനിദാനം പ്രോട്ടോപ്ലാസമാണ്. അതിസൂക്ഷ്മങ്ങളായ ജീവകോശങ്ങളുടെ സമമായ സംഘടനയാണ് ശരീരം എന്ന് കണ്ടുകഴിഞ്ഞുവല്ലോ. ഈ കോശങ്ങളിൽ ഓരോന്നിലും അതത് ജീവികളുടെ രൂപഭാവാദികളുടെ നിർണ്ണായകഘടകമായി, ക്ലിപ്തമായ എണ്ണത്തിൽ ക്രോമസോംസ് നിലകൊള്ളുന്നു. ഒരാളുടെ ഗുണങ്ങൾക്കും ദോഷങ്ങൾക്കും കാരണക്കാരൻ ക്രോമസോംസിൽ കാണുന്ന ജീനുകളാണ്. ഈ ജീനുകളാകട്ടെ മനുഷ്യനിയന്ത്രണത്തിന് അതീതമായ വിധത്തിൽ ബോധമണ്ഡലവുമായി പൊരുത്തപ്പെടാതെ ചില മൗലീകപ്രവണതകൾ വ്യക്തമാക്കിക്കൊണ്ടിരിക്കും. "കുറ്റം ചെയ്യുന്ന ഒരു വ്യക്തി പലപ്പോഴും അബോധപൂർവ്വമായ ജീനുകളുടെ - പ്രവർത്തനങ്ങളുടെ വെറുമൊരു ഉപക

രണം മാത്രമാണെന്ന് നാം ഓർക്കാറില്ല. നരവംശ ശാസ്ത്ര ജ്ഞന്മാർ ഈ വഴിക്ക് ചിന്തിക്കുകയും ചില വസ്തുതകളുടെ നേർക്ക് (ബൈബിളിൽ കാണുന്ന പാപം, ഉല്പത്തി മുതലായവ) വിരൽ ചൂണ്ടുകയും ചെയ്യുന്നുണ്ട്." (The Blue Print for life, Volume XX p.238) ശ്രദ്ധിക്കുക – വർണ്ണ തന്തുക്കളിൽ കാണുന്ന ന്യൂക്ലിക് ആസിഡ് (അടിസ്ഥാന ഘടകം) D.N.A. ആണ്. ഈ D.N.A. തന്നെയാണ് ജീൻസ്. ക്രോമസോംസ് ഇത്തരത്തിൽ സഹസ്രാവധി D.N.A. തന്മാത്രകൾ കൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. D.N.A. യിൽ അടങ്ങിയിരിക്കുന്ന വ്യത്യസ്ത നൈട്രോജനികതല ങ്ങൾ (Nitrogenous base) Adenine (A), Cytosine (C), Thymine (T), Guanine (G) എന്നിവയാണ്. A-T. യുമായും C-G യുമായും ചേർന്ന് Base Pair ആയി നിലകൊള്ളുന്നു. ഇങ്ങനെ രൂപം കൊള്ളുന്ന D.N.A. Ladder നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന കോഡാണ്. നാശത്തിന് അതീതവും അമൂർത്തവുമായ ഈ കോഡ് എങ്ങനെ ഉണ്ടായി എന്ന ചോദ്യത്തിന് ശാസ്ത്ര ത്തിന് മറുപടി നൽകുവാൻ കഴിഞ്ഞിട്ടില്ല... ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്നുവരുമാറ്... നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു (എബ്രാ. 11:3).

നൈട്രോജനിക തലങ്ങളുടെ വ്യത്യസ്താനുപാതക്രമം അനുസരിച്ചുള്ള ചേർച്ചയുടെ ഫലമായി D.N.A. തന്മാത്ര കളുടെ ശൃംഖലയിലെ ഓരോ കണ്ണിയും മനുഷ്യന്റെ വിവിധ സ്വഭാവങ്ങളെ നിയന്ത്രിക്കുകയും സ്വാധീനിക്കയും ചെയ്യുന്നു. ഓരോ ക്രോമസോംസിലും 1200നുമേൽ ജീനു കൾ വീതം ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. "മനുഷ്യ ശരീരത്തിൽ മാത്രമേ ക്ലിപ്തമായ തോതിൽ ക്രോമസോംസ് കണ്ടെത്തുവാൻ കഴിയുകയുള്ളു. മനുഷ്യ-ജന്തു ശരീര

ത്തിലെ വിഭിന്നാവയവങ്ങളുടെ ലഘുതമഘടകങ്ങളായ കോശങ്ങൾ എകരൂപങ്ങളല്ല. ക്രോമസോംസ് ആകട്ടെ സ്വഭാവത്തിലും പ്രകൃതിയിലും വിജാതീയങ്ങളാണ്” (A wide search p. 74). ചുരുക്കത്തിൽ മനുഷ്യൻ ബുദ്ധിപര മായും മാനസീകമായും മാത്രമല്ല, ഘടനയിലും മൃഗങ്ങ ളിൽ നിന്ന് വ്യത്യസ്തനാണ്. മനുഷ്യരും മൃഗങ്ങളും തമ്മി ലുള്ള ധൈഷണീകമായ വിടവ് വളരെയാണ്. ഈ സത്യം മനസ്സിലാക്കാതെയാണ് ഭൗതീകവാദികൾ മനുഷ്യൻ മൃഗ മായിരുന്നു എന്ന് പറയുന്നത്. അവർ പറയുന്നതു കേൾക്കുക: “അമീബയുടെ ശരീരം പ്രോട്ടോപ്ലാസം എന്ന വസ്തുകൊണ്ട് നിർമ്മിതമാണ്. മനുഷ്യശരീരത്തിന്റെ നിർമ്മിതിയും ഇതുകൊണ്ടുതന്നെ. അമീബ ഉല്പാദനം നടത്തി ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെ മനുഷ്യനും ചെയ്യുന്നു. സൂക്ഷ്മവിശകലനത്തിൽ അമീബയും മനു ഷ്യരും തുല്യമാണ്” (ശാസ്ത്രകൗതുകം പേജ് 83) ഒരു തടിയിൽ നിന്ന് ആശാരി രൂപപ്പെടുത്തിയെടുത്ത കസേര കളുടേയും മേശകളുടേയും ശില്പങ്ങളുടേയും ആകൃതി യിലും പ്രകൃതിയിലും കണ്ടെത്തുവാൻ കഴിയുന്ന നിര വധി സാദൃശ്യങ്ങൾ കണ്ടുകൊണ്ട് സസ്യസെല്ലുകൾ തടി യായും - അവ പിന്നീട് കസേര, മേശ, ശില്പം എന്ന രീതിയിൽ പരിണമിച്ചുണ്ടായതാണെന്നും പറയുന്നതി നെക്കാൾ ഭോഷത്വം ആണ് മുകളിൽ പറഞ്ഞിരിക്കുന്ന പ്രസ്താവന. അതിന്റെ അടിസ്ഥാനം ശാസ്ത്രമല്ല; ഭാവന യാണ്. അതേസമയം അസ്തിത്വദുഃഖത്തിന് അടിമകളായ ഇക്കൂട്ടർ അസ്തിത്വമർമ്മം അഥവാ മനുഷ്യാസ്തി ക്യത്തിന്റെ അർത്ഥം തേടുന്നുണ്ട്... അമീബ പോയിട്ട് തങ്ങ ളുടെ പിതാമഹന്മാർ എന്ന് വിശ്വസിക്കുന്ന ചന്തമുള്ള കുര ങ്ങന്മാർപോലും ഇങ്ങനെ ഒരു വിഷയത്തെപ്പറ്റി ചിന്തിച്ച

തായോ ചർച്ച ചെയ്തതായോ കേട്ടിട്ടില്ല. കാരണം സാര സമ്പൂർണ്ണമായ ഒരു ബാഹ്യശക്തിയുടെ സാരാംശം ഉൾക്കൊള്ളുന്ന, ഉണർന്ന് ചിന്തിക്കുവാനും–അസ്വസ്ഥത യിൽ നിന്ന് അർത്ഥം തേടുവാനും കഴിവുള്ള ആത്മാവ് അഥവാ അകത്തെ മനുഷ്യൻ മൃഗങ്ങൾക്കില്ലാത്തതുകൊ ണ്ടുതന്നെ. കേരളത്തിൽ നിന്നും അമേരിക്കൻ ദമ്പതിക ളാൽ ദത്തെടുക്കപ്പെട്ട ഒരു കുട്ടി പ്രായമാകുമ്പോൾ തന്റെ മാതാപിതാക്കളെ കണ്ടെത്തുവാൻ അമേരിക്കയുടെ പ്രാന്ത പ്രദേശങ്ങളിൽ അന്വേഷണം നടത്തി പരാജയപ്പെട്ടതു പോലെ ലക്ഷ്യത്തിനനുയോജ്യമായ മാർഗ്ഗം സ്വീകരിക്കാ തിരുന്നതിനാൽ ഇവരുടെ അന്വേഷണം പരാജയത്തിൽ കലാശിക്കുകയും തദ്വാരാ നിരാശയുടെയും ഭയത്തിന്റെയും അവിശ്വാസത്തിന്റെയും ഇരുട്ടറയിലകപ്പെടുകയും അങ്ങനെ അർത്ഥശൂന്യവും അസംബന്ധവുമാണ് ജീവിതം എന്നു പറയുവാൻ പ്രേരിതരാവുകയും ചെയ്യുന്നു.

മനസ്സിന്റെ ഏകാഗ്രമായ വ്യാപാരത്താൽ അസ്തിത്വ ത്തിന്റെ പൊരുൾ കണ്ടെത്താൻ കഴിയുമെന്ന് ഭൗതീകവാ ദികളിൽ ഒരു കൂട്ടം വാദിക്കുന്നുണ്ട്. “മനസ്സിനോട് ബന്ധ പ്പെടുത്തി ഉത്പത്തിയെക്കുറിച്ച് ചിന്തിക്കുന്ന ഭൗതീകശാ സ്ത്രജ്ഞരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്” (I.P. Nature p. 14). അഭൗതീകമായതിനെ കണ്ടെത്തുവാൻ അഭൗതികമാർഗ്ഗം അനിവാര്യം എന്നത്രെ അവരുടെ വാദം. സത്യത്തിൽ സൃഷ്ടാവിനെ കണ്ടെത്തുവാനുള്ള സൃഷ്ടി യുടെ ഒരു ശ്രമമായെ ഇതിനെ നമുക്കു കാണുവാൻ കഴി യുകയുള്ളു.

ശാസ്ത്രീയമായി ചിന്തിച്ചാൽ ശരീരകോശങ്ങളിലെ പ്രോട്ടോപ്ലാസം ഉൾക്കൊള്ളുന്ന വർണ്ണതന്തുക്കളിലെ ജീൻസ് പ്രവർത്തനനിരതമാകുമ്പോൾ അതിന്റെ സമഗ്ര

സ്വഭാവത്തിന് ജീവൻ എന്നു പറയാം. ഇതിൽ അഭൗതീകമായ ഒരു ബാഹ്യശക്തിയുടെ കരചലനവും അഭൗതീകമായ എന്തോ ഒന്നിന്റെ നിയന്ത്രണവും കണ്ടെത്തുവാൻ കഴിയും.

ഭൗതീകവും, അഭൗതീകവും, ക്ഷയവും, അക്ഷയവുമായ രണ്ട് വിരുദ്ധഘടകങ്ങളുടെ സംയോഗം മനുഷ്യനിൽ കണ്ടെത്തുവാൻ കഴിയുമെന്നിരിക്കെ ഈ വിരുദ്ധഘടകങ്ങളിൽ നിന്ന് വിരുദ്ധ ഗുണങ്ങളും ഉണ്ടായിക്കൊണ്ടേയിരിക്കും. ആത്മീകവും ഭൗതീകവുമായ ഭിന്നപ്രകൃതിയും വീക്ഷണവും മനുഷ്യനിൽ പ്രകടമായ രീതിയിൽ കണ്ടെത്തുവാൻ കഴിയും – ഇത് മൃഗങ്ങൾക്കില്ലാത്ത ഒരു സവിശേഷതയാണ്.

ഇവിടെ സത്യം കണ്ടെത്തുവാൻ കഴിയാതെപോകുന്നത് മനുഷ്യൻ മനുഷ്യനെ അന്ധനാക്കുന്നതുകൊണ്ടും, വ്യാജശാസ്ത്രത്തിന്റെ മറവിൽ അതിന്റെ അതിരുകൾക്കിടയിൽ തളച്ചിടുകയും വിഭ്രമിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുമാണ്.

തലമുറകളിലൂടെ പരമ്പരാഗതമായി ലഭിച്ച മൃഗീയസ്വഭാവം കണ്ടുകൊണ്ട് മനുഷ്യൻ വെറുമൊരു മൃഗമാണെന്ന് (ആയിരുന്നു) വാദിക്കുന്ന അജ്ഞാനികളാണ് പ്രശ്നപരിഹാരത്തിന് കാതലായ വിടവു സൃഷ്ടിക്കുന്നത്.... മൃഗീയസ്വഭാവം നീക്കി മനുഷ്യനെ മനുഷ്യനാക്കുവാൻ ശാസ്ത്രബോധം മനുഷ്യനിൽ വളർത്തിയെടുത്താൽ മതിയാകും എന്ന് വാദിക്കുന്ന ബുദ്ധിജീവികൾപോലും രണ്ടാം ലോകമഹായുദ്ധത്തിന് നേതൃത്വം നൽകിയ ഒന്നാംകിട ശാസ്ത്രജ്ഞന്മാരുടെ മൃഗീയ സ്വഭാവം കണ്ട് അമ്പരന്നുപോയി എന്നതാണ് സത്യം.. മനുഷ്യത്വം നശിച്ച, കാരുണ്യം നഷ്ടപ്പെട്ട മൃഗീയത്വം നടമാടുന്ന മൃതിയുടെ

ലോകത്ത് വ്യക്തികൾ ശിഥിലമാകുന്നതിനുള്ള കാരണം ശാസ്ത്രാന്വേഷണം വഴി കണ്ടെത്തുവാൻ കഴിയുകയില്ല എന്ന സത്യം ഈ വൈകിയ വേളയിലെങ്കിലും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മൃഗീയത്വം മനുഷ്യനിൽ എപ്പോൾ, എവിടെ വെച്ച്, എങ്ങനെ കടന്നുകൂടി എന്നറിയുവാൻ ആഗ്രഹിക്കുന്ന ഒരു സത്യാന്വേഷിയാണ് നിങ്ങൾ എങ്കിൽ–സത്യം കണ്ടെത്തുവാൻ ദൈവവചനമായ ബൈബിൾ സഹായകമായി ഭവിക്കും. മൃഗീയത്വം പരിഹരിക്കാനുള്ള വഴിയും അതിൽ നിർദ്ദേശിച്ചിട്ടുണ്ട്. മനുഷ്യനാകയില്ലെന്ന് ശാഠ്യം പിടിക്കാത്ത അനുവാചകർക്ക് ഉത്തമമനുഷ്യനാകുന്നതിന് ബൈബിൾ ഉപകരിക്കും എന്നതിനു സംശയമില്ല: ഇതു യാഥാർത്ഥ്യത്തേയും, പരുഷമായ മനുഷ്യജീവിതത്തെയും വളരെ അടുത്തുനിർത്തി, പരിശോധിച്ച് അതിന്റെ വെളിച്ചത്തിൽ മനുഷ്യനെ നയിക്കുവാൻ പര്യാപ്തമായ ഒന്നാണ്. ഇതുമൂലം മനുഷ്യത്വം വീണ്ടെടുക്കുവാനും സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹാന്തരീക്ഷത്തിൽ ഉല്ലാസത്തോടെ ജീവിക്കുവാനും ഇടയാകുന്നു.

“ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു. നിന്റെ പ്രവർത്തികൾ അത്ഭുതകരമാകുന്നു. അത് എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു” (സങ്കീ. 139:14).

# 13

# മനുഷ്യനും പാപവും

**അ**സ്ഥിത്വ ചിന്തകനായ ഗബ്രിയേൽ മാർസൽ, മെയിൻസ്പ്രിങ് പൊട്ടിയ വാച്ചിനോടാണ് ആധുനികലോകത്തെ ഉപമിച്ചിട്ടുള്ളത് (The broken World. p.147). ലോകത്തിന്റെ മെയിൻസ്പ്രിങ് മനുഷ്യനാണ്. മനുഷ്യന് എന്തോ തകരാറുപറ്റിയിരിക്കുന്നു, അതുകൊണ്ടാണ് ശാസ്ത്രത്തിന്റെയും സാമ്പത്തിക സംവിധാനങ്ങളുടെയും പുരോഗതിക്കിടയിലും അസ്വസ്ഥത എങ്ങും വ്യാപിച്ചുകാണുന്നത്. ഹിരോഷിമയിലെ ബോംബിടീലിന്റെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ഉള്ളിലൊതുക്കി ഡെനിസ് ഡെറോഗ്മോണ്ട് എഴുതി "ബോംബ് അപകടകരമല്ല, അത് ഒരു വസ്തു മാത്രമാണ്, മനുഷ്യനാണ് അപകടകരം." ഡോ. രാധാകൃഷ്ണന്റെ വാക്കുകൾ ഉദ്ധരിച്ചാൽ "പുറത്ത് സദാചാരത്തിന്റെ എല്ലാ പ്രകടനമോടികളും അകത്ത് ദുർവൃത്തികളുടെ രഹസ്യാനുരാഗമോഹമുള്ള ആളാണ് ഇന്നത്തെ ജന്റിൽമാൻ." ഏതൻസിലെ ഡയോജനസ് നേരിട്ട അതേ പ്രശ്നം ഇന്നും നിലനിൽക്കുന്നു. അപകടകാരിയായ, ധാർമ്മികമായി അധഃപതിച്ച മനുഷ്യന്റെ തകരാറെന്തെന്ന് സൂഷ്മമായി പരിശോധിച്ചാൽ പാപമെന്ന അടിസ്ഥാന സ്വഭാവത്തിലേക്ക് വസ്തുതകൾ വിരൽചൂണ്ടുന്നതായി കാണുവാൻ കഴിയും.

ചുറ്റുപാടുമൊന്ന് കണ്ണോടിച്ചാൽ പാപത്താൽ വികൃതമാക്കപ്പെട്ട മനുഷ്യസമൂഹത്തെയാണ് നമുക്കെവിടെയും കാണുവാൻ കഴിയുക. സാന്മാർഗികമായി അധഃപതിച്ച നിലയിൽ - സ്വസ്ഥതയും സമാധാനവും നഷ്ടപ്പെട്ട മനുഷ്യൻ പാപത്തിന്റെ അന്ധകാരത്തിൽ കിടന്ന് നട്ടം തിരിയുകയാണ്. അതെ, പാപത്തിൽ മുഴുകിയിരിക്കുന്ന ഒരു ലോകത്തെയാണ് നാം കാണുന്നത്. ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും എല്ലാവരിലും തുല്യമായികാണുന്ന ഒരു പ്രത്യേകതയാണ് പാപം എന്നത്. സാർവ്വത്രികമായ പാപസ്വഭാവം മനുഷ്യനിലെങ്ങനെ ഉളവായി എന്ന അന്വേഷണം ചെന്നു നിൽക്കുന്നത് ആദാമിലാണ്. (ആദാം മനുഷ്യവർഗ്ഗത്തെ മുഴുവൻ കുറിക്കുന്നു.) ആദാം മുഖാന്തിരം എല്ലാവരും പാപികളായി തീർന്നതെങ്ങനെ? എന്ന ചോദ്യത്തിന് മാതാപിതാക്കളുടെ സ്വഭാവം സഹജമായി മക്കൾക്കു ലഭിക്കുന്നതിനനുസരിച്ച് ആദിമ മനുഷ്യൻ ചെയ്ത പാപം നിമിത്തം അവന്റെ സന്തതിയിലും പാപസ്വഭാവം വന്നുചേർന്നു എന്ന് പറയാം. ഇവിടെ ആദാമിന്റെ കുറ്റം മനുഷ്യരുടെമേൽ ആരോപിക്കപ്പെടുകയല്ല മറിച്ച്, മനുഷ്യർ തങ്ങളുടെ മനസ്സുകൂടാതെ ആദാം ചെയ്ത പാപത്തിന്റെ ഫലത്തിൽ കുടുങ്ങി കിടക്കുന്നു എന്നുള്ളതാണ്... ഇപ്രകാരം പാപസ്വഭാവം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് മനസ്സറിയാതെതന്നെ കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് എങ്ങനെ എന്നു ചോദിച്ചാൽ "ജീനുകൾ" വഴി എന്ന് നിസംശയം പറയാം.

ശാസ്ത്രീയമായി ചിന്തിച്ചാൽ മാതാപിതാക്കളിൽ നിന്നുരുത്തിരിഞ്ഞ് സന്തതികളിലേക്ക് സംക്രമിക്കുന്ന വർണ്ണതന്തുക്കൾ ഉൾക്കൊള്ളുന്ന കോശങ്ങൾ പെരുകി രൂപം കൊള്ളുന്ന മനുഷ്യശരീരം പ്രകടമാക്കുന്ന ആന്ത

രിക പ്രേരണകളുടെ പ്രത്യക്ഷവും പരോക്ഷവുമായ പ്രവർത്തനങ്ങളുടെ ആകെതുകയാണ് പാരമ്പര്യം എന്നു പറയുന്നത്. കോശങ്ങളിലെ വർണ്ണ തന്തുക്കളിൽ കാണുന്ന ന്യൂക്ലിക്ക് ആസിഡാണ് ഡി.എൻ.എ. എന്ന് പറയുന്നത്. ഈ ഡി.എൻ.എ. (ഡിയോക്സിറൈബോ ന്യൂക്ലിക് ആസിഡ്) തന്നെയാണ് ജീൻസ്. ഇത്തരത്തിലുള്ള സഹസ്രാവധി ഡി.എൻ.എ. (ജീൻസ്) തന്മാത്രകൾ കൊണ്ടാണ് ക്രോമസോംസ് അഥവാ വർണ്ണതന്തുക്കൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഡി.എൻ.എ.യിൽ അടങ്ങിയിരിക്കുന്ന വ്യത്യസ്ത നൈട്രോജനീകതലങ്ങളുടെ വ്യത്യസ്ഥാനുപാതക്രമമനുസരിച്ചുള്ള ചേർച്ചയുടെ ഫലമായി ഡി.എൻ.എ. തന്മാത്രകളുടെ ശൃംഖലയിലെ ഓരോ കണ്ണിയും വിവിധ സ്വഭാവങ്ങളെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

അന്തിമ വിശകലനത്തിൽ ഡി.എൻ.എ. (ജീൻസ്) ആണ് പാരമ്പര്യസ്വഭാവങ്ങളെ നിയന്ത്രിക്കുന്നതെന്ന് കാണുവാൻ കഴിയും. അതുകൊണ്ടാണ് ജീനുകളെ പാരമ്പര്യവാഹികൾ എന്ന് വിശേഷിപ്പിക്കുന്നത്. അപ്പനപ്പൂപ്പന്മാർ വഴി പകർന്നു ലഭിച്ച ജീനുകൾ (ഡി.എൻ.എ.) സാഹചര്യങ്ങളുടെ സ്വാധീനത്തിനോ സമ്മർദ്ദത്തിനോ വഴങ്ങാതെ സുദീർഘമായ പാരമ്പര്യപ്രയാണത്തിൽ മുഖ്യ സവിശേഷതകൾ - മൗലീക സ്വഭാവങ്ങൾ കൈവിടാതെ സൂക്ഷിക്കുന്നു. ബോധമണ്ഡലവുമായി പൊരുത്തപ്പെടാതെ മൗലീകത വ്യക്തമാക്കിക്കൊണ്ടിരിക്കുന്ന ജീനുകളാണ് ഒരാളുടെ ഗുണങ്ങൾക്കും ദോഷങ്ങൾക്കും പ്രധാന ഉത്തരവാദി. ഉദാഹരണത്തിന് ഒരാൾ മറ്റൊരാളെ തല്ലുന്നു അല്ലെങ്കിൽ കൊല്ലുന്നു എന്നുവയ്ക്കുക. ശാസ്ത്രീയമായി ചിന്തിച്ചാൽ ‘‘അബോധപൂർവ്വമായ’’ ജീനുകളുടെ

പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് അയാൾ ക്രൂരവും നിന്ദ്യവുമായ പ്രവർത്തിയിലേക്ക് നയിക്കപ്പെട്ടതെന്ന് കാണുവാൻ കഴിയും. ഇവിടെ വ്യക്തി വെറും ഒരു ഉപകരണം മാത്രമാണ്. ഈ വസ്തുത ബൈബിളിൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: "...ദോഷങ്ങളെല്ലാം അകത്തു നിന്ന് പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു'' (മർക്കോസ് 7:23).

അകത്തുനിന്നു വരുന്ന ഇച്ഛയും പ്രേരണയുമാണ് അശുദ്ധമായ പ്രവർത്തിക്ക് കാരണമാകുന്നത്. അങ്ങനെ വരുന്ന പക്ഷം വ്യക്തിയെ അശുദ്ധനാക്കുന്ന ബലവാനെ പിടിച്ചു കെട്ടിയെങ്കിൽ മാത്രമെ (മത്തായി 12:29) പാപ സ്വഭാവത്തിൽ നിന്നും പാപ പ്രവൃത്തിയിൽ നിന്നും മനുഷ്യന് മുക്തനാകുവാൻ കഴിയുകയുള്ളു. ബലവാൻ അകത്താകയാൽ പുറമേയുള്ള യാതൊരു സാഹചര്യത്തിനും - കർമ്മപ്രവൃത്തികൾക്കും അകമെ സ്വാധീനം ചെലുത്തുവാൻ കഴിയുകയില്ല. സ്വന്തശക്തിയിലും പ്രവൃത്തിയിലും ഊന്നി പാപത്തിന്മേൽ വിജയം നേടുവാൻ സാധ്യമല്ല. സാർവ്വത്രികമായി മനുഷ്യനിൽ കുടികൊള്ളുന്ന പാപസ്വഭാവത്തെ അതിജീവിക്കുവാൻ കരുത്തുള്ള ഒരു ശക്തി ഉള്ളിൽ പ്രവേശിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമെ അശുദ്ധിയെ നീക്കി ഇച്ഛയും പ്രവൃത്തിയും ക്രമീകരിക്കാൻ സാധിക്കൂ.

ഈ വിഷയത്തിൽ - മനുഷ്യന്റെ നിസ്സഹായവസ്ഥ കണ്ടറിഞ്ഞ് - സഹായിക്കുവാൻ തയ്യാറായിക്കൊണ്ട് ദൈവം മനുഷ്യരോട് കൽപ്പിക്കുന്നു. " ...ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ." (എന്നാൽ) ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവം തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കാൻ

തുടങ്ങും (ഫിലി. 2:12,13). അപ്പോൾ ഒരു ചോദ്യം മാത്രം ഉയരുന്നു, രക്ഷ പ്രാപിക്കുവാൻ എന്തു ചെയ്യണം? "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപ ങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീ കരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു..." "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവീൻ" (അ.പ്ര. 3:19). "യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയു കയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴു ന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമ. 10:9). എങ്കിൽ മാത്രമേ ഡ്രൈവർ വാഹനത്തെ നിയന്ത്രിക്കുന്നതുപോലെ അകത്തെ മനുഷ്യൻ അഥവാ ആത്മാവിന് അശുദ്ധമായ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിച്ച് അതുവഴി പുതു ജീവിതം നയിക്കുവാൻ കഴിയുകയുള്ളു (റോമ. 8:13).

# 14

# യേശുക്രിസ്തുവും ആധുനികശാസ്ത്രവും

യേശുക്രിസ്തുവിന്റെ അത്ഭുത ജനനം ആധുനികശാസ്ത്രം അംഗീകരിക്കുന്നില്ല എന്നതുകൊണ്ട് ഈ ശാസ്ത്രയുഗത്തിൽ യേശുക്രിസ്തു സ്വീകാര്യനല്ല എന്നു പറയാറുണ്ട്. ചരിത്രത്തിലെ ഒരു വ്യക്തിയേയോ സംഭവത്തേയോ അപഗ്രഥിക്കുവാൻ ശാസ്ത്രീയ രീതി പര്യാപ്തമല്ല എന്നാണിതിന് മറുപടിയായി പറയാനുള്ളത്.

കാരണം നിയന്ത്രിതമായ ഒരു പര്യവേഷണ സംവിധാനത്തിൽ മേൽപ്പറഞ്ഞ സംഭവങ്ങൾ ആവർത്തിക്കാൻ സാധിക്കില്ല എന്നതുകൊണ്ടുതന്നെ. ശാസ്ത്രം എന്നത് പരീക്ഷണ നിരീക്ഷണങ്ങളുടെ പരിണിതഫലമായി ഉരുത്തിരിയുന്ന അനുമാനങ്ങളുടെ പരസ്പര നിബന്ധമായ ഒരു ശൃംഖലയാണ്. അതിനാൽ ആവർത്തിക്കപ്പെടുന്ന സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ശാസ്ത്രീയ തെളിവുകൾ ഒരു യാഥാർത്ഥ്യത്തെ അണിനിരത്തുന്നത്. പരീക്ഷണങ്ങൾക്ക് സാധ്യമായതും നിയന്ത്രിതമായ ഒരു പരിതസ്ഥിതിയിൽ തെളിവുകൾ ശേഖരിക്കുന്നതും നിഗമനത്തിൽ എത്തിച്ചേരുന്നതുമാണ് ശാസ്ത്രീയരീതി. ഇവി

ടെയാണ് ചരിത്രത്തിലെ ന്യായമായ തെളിവുകളെ വസ്തുതകളായി അംഗീകരിക്കേണ്ടതിന്റെ ആവശ്യം വരുന്നത്. മറ്റൊരു നിലയിൽ പറഞ്ഞാൽ ചരിത്രപരമായ തെളിവുകളോടുള്ള ബന്ധത്തിൽ വിധി പറയുവാൻ കഴിയുന്നതാണ്. അങ്ങനെയെങ്കിൽ ചരിത്രം പഠിക്കുന്ന ഒരു വ്യക്തിക്കും ക്രിസ്തു എന്ന ചരിത്രപുരുഷനെ നിരാകരിക്കുവാൻ കഴിയുകയില്ല. കേവലം ക്രൈസ്തവർ വിശ്വസിക്കുന്ന ബൈബിൾ മാത്രമല്ല; മറ്റനേകം പുരാതനരേഖകളും ക്രിസ്തു ചരിത്രപുരുഷൻ എന്നു വ്യക്തമാക്കുന്നു. ചരിത്രത്തെ എ.ഡി. എന്നും ബി.സി. എന്നും രണ്ടായി വിഭജിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ വ്യക്തിപ്രഭാവത്തിന് ഉത്തമ ഉദാഹരണമാണ്. അതുപോലെ നാം ഇന്ന് ഉപയോഗിക്കുന്ന കലണ്ടർ യേശുക്രിസ്തു ചരിത്രപുരുഷനാണെന്ന് വിളിച്ചറിയിക്കുന്നു. കൂടാതെ ജോസിഫസ്, താലൂസ്, പ്ലിനി തുടങ്ങിയ ഒന്നാം നൂറ്റാണ്ടിലെ ചരിത്രകാരന്മാരും യേശുക്രിസ്തുവിന്റെ സമകാലികനും ജറുശലേമിലെ ഉന്നത ഉദ്യോഗസ്ഥന്മാരിൽ ഒരുവനുമായിരുന്ന ലെൻ തൂലസും (ദൃക്സാക്ഷി വിവരണം) യേശുക്രിസ്തുവിനെക്കുറിച്ചുള്ള വസ്തുതകൾ വളരെ വ്യക്തമായിത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. [Antiquities of the jews Book xx 9:1, Annals Book xv44; The lives of the twelve Ceasers book v25; Letter of Lentulus in M.R. James. The Apocrypal New Testament, Clarendon Press Oxford 1956 (p. 476-478) (see Jesus Christ Iconography p.96) in Catholic Encyclopedia]

തെർത്തുല്യൻ, റ്റാസിറ്റസ്, എവുസേബിയൂസ് എന്നീ പ്രാചീന ഗ്രന്ഥകാരന്മാർ നൽകുന്ന രേഖകളും വിലപ്പെട്ട തെളിവുകൾ തന്നെ. പുരാവസ്തു ഗവേഷകനായ ഇ.എൽ. സുഖേനിക്കിന്റെ (എ.ഡി. 50) പ്രസ്താവനകൾ ക്ലോഡിയസ് ചക്രവർത്തിയുടെ രാജശാസനകൾ (എ.ഡി. 41–54),

യെഹൂദാചരിത്രം തുടങ്ങി എത്രയോ ആധികാരിക രേഖകൾ മാത്രമോ...

മുസ്ലീംങ്ങളുടെ പ്രമാണഗ്രന്ഥമായ ഖുർ–ആനും ദൈവത്തിന്റെ ശക്തിയാലുള്ള യേശുക്രിസ്തുവിന്റെ അത്ഭുതകരമായ ജനനത്തെ ശരിവയ്ക്കുന്നു. ക്രിസ്തുവർഷം 431 കഴിഞ്ഞ് ഏതാണ്ട് ഒരു നൂറ്റാണ്ടിനുള്ളിൽ പ്രവാചകനായ മുഹമ്മദിലൂടെ യേശുവിന്റെ ജനനത്തെക്കുറിച്ച് അരുളിച്ചെയ്തിരിക്കുന്നത് ഖുറാനിൽ ഇപ്രകാരം വായിക്കുന്നു. ...ചാരിത്ര്യം സൂക്ഷിച്ച ആ വനിതയുണ്ടല്ലോ, അവളിൽ നമ്മുടെ ആത്മാവിൽ നിന്ന് നാം ഊതി അവളെയും അവളുടെ പുത്രനേയും ലോകർക്കാകെ ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു...

...അവൾ പറഞ്ഞു: എന്റെ നാഥാ, എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ലാതിരിക്കെ എനിക്ക് എങ്ങനെ കുട്ടിയുണ്ടാവും? അവൻ പറഞ്ഞു: അത് അങ്ങനെ തന്നെയാണ്: താൻ ഇച്ഛിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ ഉണ്ടാവുക എന്ന് അതിനോട് പറയുക മാത്രമാണ് അവൻ ചെയ്യുന്നത്. അപ്പോൾ അത് ഉണ്ടാകുന്നു (സൂറാ: ആയത്ത് 3:48).

ഉപനിഷത്തുകളിൽ ദൈവമാണ് സത്യമെന്നും സത്യം തന്നെയാണ് ദൈവത്തിങ്കലേക്കുള്ള വഴിയെന്നും കാണുന്നു. സത്യത്തിനു നൽകപ്പെട്ട എല്ലാലക്ഷണങ്ങളോടുംകൂടി ലോകത്തിൽ വെളിപ്പെട്ട ഏകദൈവപുരുഷനാണ് യേശുക്രിസ്തു. മുണ്ഡകം 3–1–6; ബൃഹദാരണ്യകോപനിഷത് 1–3–28. തൈത്തരിയം 2–1–1, മുണ്ഡകം 2–2–2, ഛാന്ദോഗ്യോപനിഷത്ത് 8–3–5 ഹിന്ദുമത പ്രദീപിക പേജ് 112.

ഇപ്രകാരം ചരിത്രപരമായും മതപരമായും സ്ഥിരീകരണമുള്ള ഒരു വസ്തുതയെ അല്ലെങ്കിൽ സത്യത്തെ പരീ

ക്ഷണ നിരീക്ഷണങ്ങൾ കൂടാതെ ശാസ്ത്രം നിഷേധിച്ചു എന്ന പ്രസ്താവനയുമായി രംഗത്ത് വന്നവർക്ക് ശാസ്ത്രത്തെക്കുറിച്ചുള്ള കേട്ടുകേൾവി അല്ലാതെ ശാസ്ത്രബോധം ഉണ്ടെന്ന് തോന്നുന്നില്ല. ദൈവത്തിന് മനുഷ്യനായി അവതരിക്കാൻ കഴിയുന്നതെങ്ങനെയെന്ന് ചിലർ ചോദിക്കാറുണ്ട്. കാലദേശഭേദങ്ങൾക്ക് അതീതനായ ദൈവത്തിനു ലോകത്തിലും കാലത്തിലേക്കും പ്രവേശിക്കുവാൻ സാധിക്കില്ല എങ്കിൽ ആ ചൈതന്യ വിശേഷത്തെ ദൈവമെന്ന് വിളിക്കുന്നതിലെന്തർത്ഥം?

ദൈവകല്പന ലംഘിച്ച ഹവ്വാ എന്ന സ്ത്രീ മുഖാന്തിരമാണല്ലോ മനുഷ്യവർഗ്ഗം ഒന്നാകെ പാപത്തിൽ നിപതിക്കുവാൻ ഇടയായത്. അതുകൊണ്ട് ആദ്യപാപം നടന്ന ദിവസം തന്നെ വീണ്ടെടുപ്പിനെക്കുറിച്ചുള്ള വാഗ്ദത്തം നൽകി ദൈവം മനുഷ്യനെ ആശ്വസിപ്പിച്ചു (ഉല്പത്തി 3:15). സ്ത്രീയുടെ സന്തതിയായി ജനിക്കുന്ന ദൈവപുത്രൻ പാപപരിഹാരം വരുത്തും എന്നതായിരുന്നു ആ പ്രഖ്യാപനം. സ്ത്രീമുഖാന്തിരം പാപം ഭൂമിയിൽ പ്രവേശിച്ചതുകൊണ്ട് മറ്റൊരു സ്ത്രീ വീണ്ടെടുപ്പിനോട് ബന്ധപ്പെട്ടു വേണ്ടിവന്നു. തന്നെയുമല്ല അനേകം പ്രവചനങ്ങളുടെ നിവർത്തി എന്നോണം ജനിക്കാൻ കഴിഞ്ഞാൽ അതിന് കൂടുതൽ വിശ്വാസ്യത ഉണ്ടാകുവാൻ ഇടയുള്ളതുകൊണ്ടാണ് ദൈവം കാര്യങ്ങൾ ഇപ്രകാരം സംവിധാനം ചെയ്തത്. ഇങ്ങനെ ദൈവദൃഷ്ടിയിൽ വളരെ കാര്യങ്ങളെ സംയോജിപ്പിച്ചുകൊണ്ടാണ് ക്രിസ്തു ഒരു സ്ത്രീയിൽ നിന്ന് മനുഷ്യാവതാരം ചെയ്തത്. ഇപ്രകാരം പുരുഷബന്ധം കൂടാതെ കന്യകയിൽ നിന്നുള്ള ജനനം മനുഷ്യന്റെ വിശ്വാസ്യതയ്ക്കു ഒരു അടയാളം കൂടിയായിരുന്നു (യെശയ്യാവ് 7:14).

കന്യകയിൽ ജനിച്ച് സ്ത്രീയുടെ സന്തതിയായി ലോകത്തിൽ പ്രവേശിച്ച യേശുക്രിസ്തു മനുഷ്യ സാദൃശ്യത്തിലായത് മനുഷ്യർ ജഡരക്തങ്ങളോട് കൂടിയവരാകകൊണ്ട് അവിടുന്ന് അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി അവർക്ക് സദൃശ്യനായിത്തീർന്ന് (എബ്രായർ 2:14 –17) ദൈവത്തെ വെളിപ്പെടുത്തുന്നതിനും മനുഷ്യവർഗ്ഗത്തെ അവരുടെ പാപങ്ങളിൽ നിന്നും തത്ഫലമായ ശിക്ഷാവിധിയിൽ നിന്നും രക്ഷിച്ച് അവരുടെ വീണ്ടെടുപ്പിനായി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ (1 യോഹന്നാൻ 5:20).

മനുഷ്യനെ മഹാസന്തോഷത്തിനുടമയാക്കാൻ ജനിച്ച യേശു മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി യാഗമായിത്തീരുവാനാണ് ഈ ഭൂമിയിൽ അവതരിച്ചത്. പാപത്തെ വെറുത്ത് പാപിയെ സ്നേഹിച്ച പാപരഹിതനാണ് യേശു.

മനുഷ്യജീവിതം ധന്യമായിതീരുന്നത് അഥവാ സൗഭാഗ്യജീവിതം സാധ്യമായി തീരുന്നത് ഹൃദയത്തിൽ സമാധാനവും സന്തോഷവും സംതൃപ്തിയും ഉണ്ടാകുമ്പോഴാണ്. പാപിയായ ഒരു മനുഷ്യന് ഒരിക്കലും സമാധാനപരമായ ജീവിതം നയിപ്പാൻ കഴിയുകയില്ല. ആകാശത്തിൽകീഴെ ഭൂമിയ്ക്കു മുകളിൽ പാപിയെ രക്ഷിപ്പാൻ വന്ന യേശു ഒഴികെ യാതൊന്നിനും മനുഷ്യജീവതത്തെ സൗഭാഗ്യ പൂർണ്ണമാക്കി തീർക്കുവാൻ സാധ്യമല്ല എന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നു. പാപത്തെ ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിനെ ഹൃദയത്തിൽ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്ന ആർക്കും സമാധാനവും സന്തോഷവും ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീരുകയും യഥാർത്ഥ സത്യം യേശുവാണെന്ന് ബോധ്യമാകുകയും ചെയ്യും.

# 15

# മതവും യേശുക്രിസ്തുവും

യെഹൂദമതം, ക്രിസ്തുമതം, ഇസ്ലാംമതം, ഹൈന്ദവമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം എന്നിങ്ങനെ എത്രയെത്രമതങ്ങൾ! സത്യം പറഞ്ഞാൽ ക്രിസ്തുമതമുൾപ്പെടെ മേൽപറയപ്പെട്ട യാതൊരു മതത്തിലും "രക്ഷ"യില്ല. കാരണം മതം എന്ന് പറയുന്നത് ദൈവത്തെപ്പറ്റിയുള്ള മനുഷ്യന്റെ അഭിപ്രായവും, പ്രസ്തുത ആശയങ്ങളുടെ സംഘടിതരൂപവുമാണ്. മനുഷ്യന്റെ ദൈവീക ചിന്തയും അതിനാലുളവാകുന്ന ആരാധനയും അതിന്റെ ഫലമായ പ്രവർത്തിയുമാണ് മതത്തിൽ കാണുവാൻ കഴിയുന്നത്. മതത്തിൽ മനുഷ്യൻ ദൈവത്തിനുവേണ്ടി ചിലതു ചെയ്യുന്നു. എന്നാൽ രക്ഷ മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവർത്തിയാണ്. പ്രവർത്തിക്കുക എന്ന് എല്ലാ മതങ്ങളും പറയുന്നു. രക്ഷ ആകട്ടെ നിറവേറ്റപ്പെട്ട പ്രവർത്തിയാണ്. എന്റെ കൈവശം ചിലതുണ്ട്. അതുമായി ദൈവസന്നിധിയിൽ വരുന്നു എന്നാണ് മതം പറയുന്നത്.

മതത്തിന്റെ അന്തസത്ത: ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, നടപടികൾ, ഉപദേശങ്ങൾ, കല്പനകൾ എന്നിവയാണ്. ഇപ്രകാരം ആചാരങ്ങളും അനുഷ്ഠാനങ്ങളുമായാണ് മതം ദൈവത്തോടടുക്കാൻ ശ്രമിക്കു

ന്നത്. മതങ്ങൾ ദൈവത്തിങ്കലേക്ക് രക്തം ചൊരിയുമ്പോൾ രക്ഷയിൽ ദൈവം മനുഷ്യനുവേണ്ടി രക്തം ചൊരിയുന്നു.

പാപം മൂലം ദൈവത്തിൽനിന്ന് അന്യപ്പെട്ടുപോയ മനുഷ്യൻ ദൈവത്തോടടുക്കുവാൻ കഴിയാതെ വന്നപ്പോൾ സ്വയതൃപ്തിക്കുവേണ്ടിയും മനുഷ്യരെ വ്യാമോഹിപ്പിച്ച് പണം സമ്പാദിക്കാനുള്ള ഏർപ്പാടെന്ന നിലയിലും തങ്ങളുടെ സങ്കൽപ്പത്തിലുള്ള രൂപങ്ങൾക്ക് ദൈവീക പരിവേഷം നൽകി ബുദ്ധിപൂർവ്വം തങ്ങൾക്ക് ബോധിച്ച രീതിയിൽ ഓരോ പേരുകളിൽ മതങ്ങൾ ഉണ്ടാക്കി എന്നതാണ് സത്യം. കർമ്മപ്രവർത്തിയിലൂടെ മോക്ഷം പ്രാപിക്കാമെന്ന് മതങ്ങൾ പറയുന്നു. ശത്രുവിനെ കൊന്ന് വീരസ്വർഗ്ഗം പ്രാപിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് മതങ്ങൾ അവതാര കഥകളിലൂടെ മനുഷ്യനെ മൃഗീയനാക്കി മാറ്റുന്നു. ഇങ്ങനെ മനുഷ്യൻ മതങ്ങളെയും ബോധിച്ചരീതിയിൽ ദൈവങ്ങളേയും സൃഷ്ടിച്ചു. ഈ അധഃപതിച്ച അവസ്ഥയിൽ മതങ്ങൾ ജനങ്ങൾക്ക് ഭാരമായപ്പോൾ സ്നേഹവും കരുണയും കൃപയുമുള്ള ദൈവം മനുഷ്യരെ രക്ഷിക്കുവാൻ ഒരു മാർഗ്ഗം ഒരുക്കി. അതാണ് യേശുക്രിസ്തുവിന്റെ കാൽവറി മരണം. ദൈവം ക്രിസ്തുവിൽ മനുഷ്യവർഗ്ഗത്തിനുവേണ്ടി ഒരുക്കിയിട്ടുള്ള ഏക പാപപരിഹാരബലിയിൽ വിശ്വസിക്കുന്നവനെ രക്ഷയുള്ളൂ എന്ന് വേദങ്ങൾ–തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു. അങ്ങനെ വരുമ്പോൾ രക്ഷ മതത്തിലൂടെ അല്ല, യേശുക്രിസ്തുവിലൂടെ ആണെന്ന് വ്യക്തമാകുന്നു. അതുകൊണ്ടാണ് യേശുക്രിസ്തു ഒഴികെ മറ്റൊരുത്തനിലും–മതത്തിലും രക്ഷയില്ല എന്ന് ബൈബിൾ വ്യക്തമാക്കുന്നത് (അ.പ്ര. 4:12). ദൈവത്തോടടുക്കുവാൻ, രക്ഷപ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ മതപരമായ – മാനുഷികവും ഭൗമികവുമായ ഉപാധി

കൾ തേടുകയല്ല തന്നിൽ വിശ്വസിക്കുന്നവരെ രക്ഷിക്കുവാൻ കഴിയുന്ന യേശുക്രിസ്തുവിൽ ശരണപ്പെടുകയത്രേ വേണ്ടത്. ഹൃദയംഗമായി പാപത്തെ ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ ലോകമതങ്ങൾക്കോ, മഹാന്മാർക്കോ, ആശയങ്ങൾക്കോ, ആചാരങ്ങൾക്കോ നല്കുവാൻ കഴിയാത്ത സമാധാനം, സന്തോഷം, പാപക്ഷമ, നിത്യജീവൻ എല്ലാം യേശുക്രിസ്തു നല്കും.

# 16

# ക്രിസ്തുവും മതപരിവർത്തനവും

**രാ**ഷ്ട്രീയാധികാരം കൈയ്യാളുന്നതിനും മഹാഭൂരി പക്ഷം വരുന്ന പീഡിത വർഗ്ഗത്തിന്മേൽ ആധിപത്യം നില നിർത്തുന്നതിനുമായി മതത്തെ സംഘടിതമായി പുതിയ പരിവേഷം നൽകി എഴുന്നള്ളിച്ചാൽ അത് ചരിത്രവിരു ദ്ധവും വസ്തുതകൾക്ക് നിരക്കാത്തതുമാകും. ആര്യ വർഗ്ഗവും അവരുടെ ചാതുർവർണ്യവും ഇവിടെ കാലു കുത്തുന്നതിനു മുമ്പുതന്നെ ലോകത്തിലെ മറ്റ് ഏതൊരു സംസ്കൃതിയോടും കിടപിടിക്കത്തക്ക സംസ്ക്കാരം ഭാര തത്തിനുണ്ടായിരുന്നു; അത് ദ്രാവിഡമാണ്. ആര്യന്മാർ ആ മഹാസംസ്കൃതിയെ നശിപ്പിക്കുകയും ശേഷിച്ചവയെ മത വൽക്കരിക്കുകയുമാണുണ്ടായത്.

ചരിത്രത്തിലൂടെ കണ്ണോടിച്ചാൽ കാബൂളിൽ നിന്നു പഞ്ചാബ് വഴി നാടോടികളായ ഇടയജാതിക്കാരായാണ് ആര്യന്മാർ ഇന്ത്യയിൽ എത്തിയത് എന്നു കാണാം. ആര്യ ന്മാരുടെ കുടിയേറ്റത്തിന് (ബി.സി. 1500) നാലായിരം വർഷ ങ്ങൾക്കുമുമ്പേ ഭാരതത്തിൽ പൂ ചൂടി നിന്നിരുന്ന ദ്രാവിഡ സൈന്ദവ സംസ്ക്കാരത്തെ ഗൂഢതന്ത്രങ്ങളുപയോഗിച്ച്

ആര്യജനത തകർക്കുകയാണുണ്ടായത്. വെളുത്ത് സുന്ദരന്മാരായ ആര്യജനതയെ ദേവന്മാരായി അംഗീകരിച്ച് സത്യസന്ധരായ ദ്രാവിഡജനത ഓരോ ഗ്രാമങ്ങളായി ആര്യവംശജരുടെ ജാതി വ്യവസ്ഥയ്ക്ക് അടിമപ്പെട്ടു.

നളന്ദ, തക്ഷശില സർവ്വകലാശാലകൾ ദ്രാവിഡ സംസ്ക്കാരത്തിന്റെ ഭാഗങ്ങളായിരുന്നു. ബി. സി. അഞ്ചാം നൂറ്റാണ്ടിനും എ.ഡി. പത്താം നൂറ്റാണ്ടിനും ഇടയ്ക്ക് ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട മൗര്യ, കുശാനാ, പാല സാമ്രാജ്യങ്ങളെല്ലാംതന്നെ ദ്രാവിഡ രാജ്യങ്ങളായിരുന്നു. അശോകൻ, കനിഷ്കൻ, ചന്ദ്രഗുപ്തൻ, സമുദ്രഗുപ്തൻ, ഹർഷവർദ്ധനൻ, ധനപാലൻ എന്നിവർ ദ്രാവിഡ സാമ്രാട്ടുകളായിരുന്നു. ഈ വക ചരിത്ര വസ്തുതകളെ നിഷ്പ്രഭവും നിരർത്ഥകവുമാക്കാൻ ഇന്നും കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ കാണുന്ന ഗൂഢ വധങ്ങളും കുടിലമാർഗ്ഗങ്ങളും പ്രയോഗിക്കുന്നു.

ആര്യസംസ്ക്കാരം രൂപം കൊണ്ടതിനുശേഷവും അതിന്റെ അസ്തിത്വത്തെ വിറകൊള്ളിക്കുന്ന നിരവധി സംസ്ക്കാരങ്ങൾ ഇവിടെ രൂപപ്പെട്ടിരുന്നു. ജൈനബുദ്ധ സംസ്ക്കാരങ്ങൾ, ക്രിസ്തുമാർഗ്ഗം, ഇസ്ലാംമതം, യെഹൂദമതം തുടങ്ങിയ മതങ്ങളും സിക്കുമതത്തേപ്പോലുള്ള പ്രത്യേക മതങ്ങൾ ഒരുക്കിയ സംസ്ക്കാരങ്ങൾ, ഹിന്ദുമതത്തിൽ തന്നെ വേദപ്രമാണ്യത്തെ ചോദ്യം ചെയ്തിരുന്ന ചാതുർവർണ്യത്തെ എതിർത്തിരുന്ന സംസ്ക്കാരങ്ങൾ; സംഘടിതമായ യാതൊരു മതവും ഇല്ലാതെ നാഗാരാധനയിലും മറ്റ് പ്രാകൃതാചാരങ്ങളിലും കഴിഞ്ഞിരുന്ന മഹാഭൂരിപക്ഷത്തിന്റെ സംസ്ക്കാരങ്ങൾ!... ഇങ്ങനെ എത്രയെത്ര സംസ്ക്കാരങ്ങൾ സമന്വയിച്ചതാണ് ഇന്ത്യയുടെ സംസ്ക്കാരം.

സത്യം പറഞ്ഞാൽ ഹിന്ദു എന്ന പദം ഏറെ തെറ്റിദ്ധരിക്കപ്പെട്ട കാലമാണിത്. അങ്ങനെയൊരു പദം വേദങ്ങളിലോ പുരാണങ്ങളിലോ ഇല്ല. പുരാണത്തിൽ സൈന്ധവവും സിന്ധുവുമാണുള്ളത്. സൈന്ധവമെന്നാൽ സിന്ധുവിൽനിന്നുണ്ടായത് എന്നർത്ഥം. സൈന്ധവത്തിന് ഉപ്പ് എന്നും അർത്ഥമുണ്ട്. ഉപ്പ് അന്നമാണല്ലോ. കാരുണ്യവും നിർവൈര്യവും സമദർശിത്വവും ഉൾക്കൊള്ളുന്ന സാർവ്വലൗകികമായ ആദർശമാണ് ഇതിനുള്ളത്.

വേദങ്ങളും ഉപനിഷത്തുക്കളും ഇതിഹാസങ്ങളും രചിക്കപ്പെട്ടകാലത്ത് അവ മതഗ്രന്ഥങ്ങളോ മതത്തിന്റെ സാംസ്ക്കാരിക കേന്ദ്രങ്ങളോ ആയിരുന്നില്ല. അന്നത്തെ ഇന്ത്യയുടെ വിചാരമണ്ഡലത്തിലെ സംഘർഷങ്ങളും സംഭവങ്ങളും വിവരിക്കുന്ന പ്രസ്തുത കൃതികളിൽ മതത്തെക്കുറിച്ച് യാതൊരുവിധമായ പരാമർശങ്ങളും ഇല്ല എന്നത് ഒരു വസ്തുതയാണെന്നിരിക്കെ ആ കൃതികൾ എങ്ങനെ ഏതെങ്കിലുമൊരു മത സംസ്ക്കാരത്തിന്റേതാകും?

ഇന്ത്യൻ സംസ്ക്കാരം ഏതെങ്കിലും ഒരു മതത്തിന്റെ മാത്രം ജൈവത ഉൾക്കൊള്ളുന്നതല്ല. നിരവധി മതങ്ങളുടെ ചൈതന്യമാണതിനുള്ളത്. മതത്തിന് ഇന്നത്തെ അർത്ഥമെടുത്താൽ മതനിഷേധത്തിന്റെ മതവും ആ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു എന്ന് കാണാം. ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന കണാതന്റെ ന്യായദർശനവും വേദത്തിന്റെ അപ്രമാദിത്വത്തെ നിശിതമായി എതിർക്കുന്ന ഗൗതമന്റെ വൈശേഷിക ദർശനവും സൃഷ്ടിയെ നിരാകരിക്കുന്ന പരിണാമവാദിയായ സംഖ്യാകാരൻ കപിലന്റെ ദർശനവും ചാർവ്വാകന്റെ നിരീശ്വരവാദവും ബൃഹസ്പദി മതവും ഇന്ത്യയുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. അത് യുക്തിവാദപരമാണ്, മതേതരമാണ്.

മഹാത്മാഗാന്ധി ഇവിടെ ജനിച്ചു. രാജാറാംമോഹൻ റായി ജനിച്ചു. ഗാന്ധിജിക്ക് ആദ്ധ്യാത്മികത ഉണ്ടായിരുന്നു. പക്ഷേ അത് ഹൈന്ദവമായിരുന്നു എന്ന് ഒരു കൂട്ടർ വാദിക്കുന്നുണ്ട്. ഇതിനോട് യോജിക്കുവാൻ നിവർത്തിയില്ല. ബൗദ്ധദർശനം, ബൈബിൾ, ടോൾസ്റ്റോയിയുടെ ദർശനം ഇങ്ങനെ മതപരവും, മാർക്സിസംപോലെ രാഷ്ട്രീയവുമായ എത്രയോ ചിന്താധാരകൾ അദ്ദേഹത്തിൽ മേളിച്ചിരുന്നു. രാജാറാം മോഹൻറോയി ഒരിക്കലും മതഭ്രാന്തനായിരുന്നില്ല. ക്രിസ്തീയ ദർശനങ്ങളും ഇംഗ്ലീഷ് ലിബറൽ ചിന്താഗതികളും ഹൈന്ദവദർശനത്തോടൊപ്പം അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. അതുകൊണ്ടാണ് മതാചാരങ്ങളെ ശക്തമായി കടന്നാക്രമിച്ചുകൊണ്ട് സാമൂഹ്യവിപ്ലവം സാദ്ധ്യമാക്കാൻ ആ മനുഷ്യസ്നേഹി തയ്യാറായത്.

റാംമോഹൻറോയിയും കേശവചന്ദ്രസെന്നും എല്ലാം സാമൂഹിക നവോത്ഥാനവാദികളായിരുന്നു. അവരിലെല്ലാവരിലും മതേതരമായ ആശയമാണ് നിറഞ്ഞുനിന്നിരുന്നത്. ഇവിടെ മതപരമായി ഇന്ത്യ ഞങ്ങളുടേതാണെന്ന ചിലരുടെ വാദം തള്ളിക്കളയാവുന്നതേയുള്ളു. സാഹോദര്യഭാവത്തിൽ ബന്ധിതനായ മനുഷ്യൻ എന്തു വിശ്വാസിച്ചാലും 'മനുഷ്യൻ' 'ഭാരതീയൻ' എന്ന നിലയ്ക്ക് വ്യത്യാസം ഉണ്ടാകുന്നില്ലല്ലോ. വിശ്വാസം വ്യക്തിപരമായ കാര്യമാണ്. ഈ രാജ്യത്തെ ഭരണഘടന ഏതു മതവിശ്വാസം സ്വീകരിക്കുവാനും തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം നൽകുന്നുണ്ട്. ഇത് ഏതെങ്കിലും ഒരു മതത്തിന് മാത്രം അവകാശപ്പെട്ടതല്ല. ക്രിസ്ത്യാനിക്ക് ഹിന്ദുവാകാം, മുസ്ലീമാകാം. തിരിച്ച് ക്രിസ്ത്യാനിയായിക്കൂടാ എന്നു പറയുന്നതിന് അടിസ്ഥാനമെന്ത്?

ക്രിസ്ത്യാനിയാകുക എന്നാൽ പാപിയായ മനുഷ്യൻ മനഃപരിവർത്തനത്തിലൂടെ തന്റെ പാപസ്വഭാവങ്ങൾ ഉപേ

ക്ഷിച്ച് ഒരു നല്ല മനുഷ്യനായിത്തീരുകയാണ്. ഇതരമതങ്ങളിൽ നിന്ന് ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരെ ശ്രദ്ധിച്ചു നോക്കൂ. എല്ലാനിലയിലും അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടു എന്ന് കാണാം. സമൂഹത്തിൽ അവർ മാന്യമായി ജീവിക്കുന്നു. മൃഗീയ മനുഷ്യനെ സമൂലം പരിവർത്തനം ചെയ്ത് വിശുദ്ധനാക്കിത്തീർക്കുന്ന മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം. വഴിതെറ്റിയുഴലുന്ന മർത്യനെ നേരെയുള്ള പാതയിൽ യഥാർത്ഥ മനുഷ്യനായി വഴി നടത്തുന്ന ഈ മാർഗ്ഗത്തിനെതിരെ ശബ്ദമുയർത്തുന്നവർ അധഃപതിച്ച ഒരു സമൂഹത്തെ സൃഷ്ടിച്ച് അവരെ ചൂഷണം ചെയ്യുവാൻ വെമ്പൽകൊള്ളുന്ന സംസ്ക്കാരമില്ലാത്തവർ തന്നെ.

ക്രിസ്ത്യാനികൾ ഒരു മതത്തെയല്ല, മനുഷ്യവർഗ്ഗത്തിന് മുമ്പിൽ തുറന്നുകിടക്കുന്ന രക്ഷാമാർഗ്ഗമാണ് പ്രസംഗിക്കുന്നത്. അടിച്ചേൽപ്പിക്കൽ ക്രിസ്തീയ മാർഗ്ഗത്തിന്റെ സ്വഭാവമേയല്ല. ബൈബിൾ ചൂണ്ടിക്കാണിക്കുന്ന ദൈവം "മനുഷ്യന്റെ ഇച്ഛാശക്തിയ്ക്ക് വിലകല്പിക്കുന്ന ദൈവമാണ്. അതിനാൽ ക്രിസ്ത്യാനികൾ ആരെയും നിർബന്ധിച്ച് പരിവർത്തനം നടത്താറില്ല. അതുകൊണ്ട് പ്രയോജനവുമില്ല. ക്രിസ്ത്യാനിത്വം ആത്മാവിൽ ഉടലെടുക്കേണ്ട ഒരു പുതിയ ജനനമാണ്. വ്യക്തിയുടെ പൂർണ്ണമനസ്സും പൂർണ്ണ ആത്മാവും പൂർണ്ണ ഹൃദയപ്രകാരവുമുള്ള തീരുമാനമാണ് അതിന്റെ അടിത്തറ. പിന്നെ വ്യക്തി നിശ്ചയിക്കാതെ ആർക്ക് ആരെ പരിവർത്തനം ചെയ്യാനാവും....?

ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗമാണ് നശിച്ചുപോകുന്നവരോട് രക്ഷയുടെ മാർഗ്ഗം പറഞ്ഞുകൊടുക്കുക എന്നുള്ളത്. രക്ഷയുണ്ട് എന്ന് ബോധ്യമുണ്ടെങ്കിൽ ആരും സ്വമതം വിട്ട് മറ്റൊന്നിലേക്ക് മാറുകയില്ലല്ലോ. മാറുന്നെങ്കിൽ അയാൾ അതുവരേയും നിന്ന മതത്തിൽ രക്ഷയില്ല

എന്നല്ലേ അർത്ഥം. ആദ്യം നിന്ന മതത്തിന്റെ നാലുകെട്ടിൽ മദ്യപാനിയും വ്യഭിചാരിയും കലഹപ്രിയനും കുലപാതകിയുമായി സമൂഹത്തിനും പോലീസിനും തലവേദനയായി കഴിഞ്ഞിരുന്നവർ, മദ്യവിരോധികളും ശാന്തരും സന്മാർഗ്ഗികളുമാകാൻ ക്രിസ്തീയ മാർഗ്ഗം മുഖാന്തിരമായെങ്കിൽ ഇതിൽ ഏത് മതമാണ് ശിക്ഷിക്കപ്പെടേണ്ടതെന്ന് മനഃസാക്ഷിയുള്ളവർ പറയട്ടെ.

ആർഷഭാരത സംസ്ക്കാര ചിഹ്നമായ അഹിംസാസിദ്ധാന്തത്തിന് മുറിവ് പറ്റിയിരിക്കുന്നു. ആ മുറിവിൽ നിന്നൊഴുകിയ ചോര ഇവിടെ ദുർഗന്ധം പരത്തുകയാണ്. അതെ ഭാരതത്തിന്റെ ഇന്നത്തെ നിലമാറണം. ഓരോ മനുഷ്യനും സ്വയം ചിന്തിച്ചും പഠിച്ചും സഹകരിച്ചും തന്റെയും സമൂഹത്തിന്റെയും ഉന്നതിക്കുവേണ്ടി നിരന്തരമായി അദ്ധ്വാനിക്കണം. ആരും ആർക്കും വിലങ്ങുകൾ സൃഷ്ടിക്കാതെ സ്വന്തം ശക്തിയും ആധിപത്യവും അടിച്ചേൽപ്പിക്കാതെ ഒന്നായി നന്നാകുവാൻ ശ്രമിക്കണം. സ്വന്തം വാസനകൾക്കും ഇച്ഛകൾക്കും അനുസരിച്ച് വളരുവാനുള്ള സന്ദർഭസമത്വം എല്ലാവർക്കും അനുവദിക്കണം. മതഭ്രാന്തിന്റെ അഗ്നിവിത്തുകൾ പാകി പഞ്ചാഗ്നി കൊയ്തെടുക്കുന്ന ഈ ഭാരതഭൂവിൽ അഗ്നി അണയ്ക്കുവാൻ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പൊരുൾ പേറിയ കുളിർമഴ പെയ്യട്ടെ എന്നാശംസിക്കുന്നു. അജ്ഞതയേയും അന്ധകാരത്തേയും മരണത്തേയും നീക്കി മനുഷ്യന് നിത്യരക്ഷ നൽകിയ, വഴിയും സത്യവും ജീവനുമായ ഏക സത്യദൈവത്തെ അറിയുവാനും ഉൾക്കൊള്ളുവാനും ശ്രമിക്കുമെങ്കിൽ സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹാന്തരീക്ഷത്തിൽ സ്നേഹമാചരിച്ച് സമാധാനപരമായി ഈ മണ്ണിൽ ജീവിക്കാം. യേശു പറഞ്ഞു: സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ.

# 17

# മതപരിവർത്തനവും സുവിശേഷ സ്വാതന്ത്ര്യവും

**ഏ**തൊരു മതത്തിൽ നിന്നും മറ്റൊരുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നത് മതപരിവർത്തനമാണ്. മതപരിവർത്തനം തടയാൻ നിയമം കൊണ്ടുവരണമെന്ന് മതതീവ്രവാദികൾ ആവശ്യപ്പെടുന്നു. അതിന്റെ അർത്ഥം ഒരുവൻ ഏതുവിശ്വാസത്തിൽ നിൽക്കുന്നുവോ അവിടെത്തന്നെ നിന്നുകൊള്ളണം എന്നുതന്നെ. ഈ നയം ശരിയാകുന്നതെങ്ങനെ?

മതങ്ങളുടെ ചരിത്രം പരിശോധിച്ചാൽ എല്ലാമതവിശ്വാസവും മാറിമാറി വന്നവയാണെന്ന് മനസിലാകും. ഉദാഹരണമായി ക്രിസ്തുവിനുമുമ്പുണ്ടായിരുന്ന യെഹൂദന്മാരുടെ "യഹോവ" വിശ്വാസം പരിവർത്തനത്തിനുവിധേയമായി ധാരാളം യെഹൂദർ ക്രിസ്ത്യാനികളായി. അതുപോലെ മുഹമ്മദ് നബിക്ക് മുമ്പുണ്ടായിരുന്ന പഴയനിയമവിശ്വാസത്തിൽനിന്നും ജനങ്ങൾ പരിവർത്തനം ചെയ്ത് മുഹമ്മദീയരായി. പശുപതി വിശ്വാസത്തിൽ നിന്നും പരിവർത്തിതരായവർ ശൈവരും, പരബ്രഹ്മ വിശ്വാസത്തിൽ നിന്നും മാറിയവർ വൈഷ്ണവരുമായി. ശൈവമന്ത്രമായ

നമഃശിവായയുടെയും വൈഷ്ണവമന്ത്രമായ നാരായണ യുടെയും സംഗമസ്ഥാനത്താണ് രാമമന്ത്ര പരിവർത്തനം സംജാതമായത്.

ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ മരങ്ങ ളേയും ഭൂതപ്രേതാദികളേയും ആരാധിക്കുകയും ദേവപ്രീ തിക്കായി മനുഷ്യരുടെ കഴുത്തറക്കുകയും ചെയ്ത പ്രാകൃത മതക്കാരുടെ മതപരിവർത്തനം നടന്നില്ലായി രുന്നു എങ്കിൽ ഇന്നും അവർ പലരുടെയും കഴുത്തറത്തു കൊണ്ടിരുന്നേനെ.

നോക്കുക; ഈ കൊച്ചു കേരളത്തിൽ ഉടലെടുത്ത ശ്രീനാരായണധർമ്മം (മതം), കരുണാകരഗുരുവിന്റെ മതം, കുമാരഗുരുവിന്റെ മതം തുടങ്ങിയ മതങ്ങളൊക്കെ ഹിന്ദു മതത്തിന്റെ ഭാഗമാണെന്നു കരതപ്പെടുന്നുണ്ടെങ്കിലും അവ യൊക്കെ സ്വതന്ത്ര ചിന്തകൾ അടങ്ങുന്ന പ്രത്യേക മത ങ്ങളാണ്. ഇതൊന്നും ഹിന്ദുത്വത്തിന്റെ ഭാഗമല്ല. എന്തിന് വേദാന്തത്തിലെ തന്നെ ദ്വൈതം, അദ്വൈതചിന്തകൾ പോലും ഭിന്നമാണ്. മാത്രമോ ദ്വൈതം എന്ന മതത്തിനു തന്നെ കേവലാദ്വൈതം, വിശിഷ്ടാദ്വൈതം എന്നിങ്ങനെ തമ്മിൽ യോജിക്കാത്ത പിരിവുകൾ ഉണ്ട്. ബുദ്ധമതത്തി നുതന്നെ ഹീനയാനം, മഹായാനം എന്നിങ്ങനെ രണ്ടു വീക്ഷണങ്ങളുണ്ട്. ഇങ്ങനെ അടിസ്ഥാനപരമായി ചിന്തി ച്ചാൽ ഇന്ത്യയ്ക്ക് പ്രധാന മതമെന്നോ, രാജ്യമതമെന്നോ പറയാൻ ഒരു മതവുമില്ല എന്നു കാണാം. അതേസമയം തമ്മിൽ ചേരാത്ത ആയിരക്കണക്കിനു മതങ്ങളുണ്ടുതാ നും. ഹിന്ദുമതത്തെ ഒരു മതമായി കാണാതെ മതചിന്തക ളുടെ ഭണ്ഡാകാരമായി കാണുന്നതാണുചിതം.

ഇന്നത്തെ ഹിന്ദുമതക്കാർ മുമ്പു ഹിന്ദുമതക്കാർ ആയി രുന്നില്ലല്ലോ. അവർ വേദിക് ആര്യധർമ്മ വിശ്വാസക്കാരാ

യിരുന്നു. ഹിന്ദു എന്ന പദം മതത്തിന് പ്രയോഗിച്ചിട്ട് വള രെയധികമായിട്ടില്ലെന്ന് നെഹ്റു ഡിസ്കവറി ഓഫ് ഇന്ത്യ എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. പാരമ്പര്യം പറ ഞ്ഞാൽ ഇവിടെ നിലവിലുണ്ടായിരുന്ന ദ്രാവിഡന്മാ രുടെമേൽ വിദേശികളായ ആര്യന്മാർ ആധിപത്യം സ്ഥാപി ക്കുകയും അവരുടെ മതം അടിച്ചേൽപ്പിക്കുകയുമായിരുന്നു എന്നത് ചരിത്രസത്യം. ആ നിലയിൽ ക്രിസ്തുമതം, ഇസ്ലാംമതം എന്നിവ വിദേശമതമാണെന്ന് ആക്ഷേപിക്കു ന്നവർ ആര്യമതവും അതേ അർത്ഥത്തിൽ വിദേശമതമാ ണെന്ന് ഓർക്കണം.

മതം മാറരുതെന്ന് അനുശാസിക്കുന്നത് മതമൗലികവാ ദമാണ്. ഏതെങ്കിലും ഒരു മതം മാത്രമേ പാടുള്ളു എന്ന് സിദ്ധാന്തിക്കുന്നതും തെറ്റാണ്. കാരണം വിവിധ മതങ്ങ ളുടെയും മതവിശ്വാസങ്ങളുടെയും വിഹാരഭൂമിയാണ് ഭാര തം. ജാതികളും ഉപജാതികളുമായി കെട്ടുപിണഞ്ഞുകിട ക്കുന്ന വിവിധ സാമൂഹ്യ വ്യവസ്ഥിതി നിലനിൽക്കുന്ന ഒരു രാജ്യമാണിത്. അതിനാൽ തങ്ങൾക്കു നല്ലതെന്നു തോന്നുന്ന വിശ്വാസം പ്രചരിപ്പിക്കുവാനും സ്വീകരിപ്പാ നുമുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്നത് അനീതിയാണ്.

വിദേശപണം കൊണ്ടുവന്ന് ഇന്ത്യയിൽ മതപരി വർത്തനം നടത്തുന്നു എന്നാണല്ലോ ആരോപണം. ഇപ്ര കാരം ക്രിസ്തുമാർഗ്ഗത്തെ എതിർക്കുന്ന സന്യാസികളും, മനുഷ്യദൈവങ്ങളും എല്ലാം തങ്ങളുടെ മതംപ്രചരിപ്പിക്കു വാനും, പിരിവുനടത്താനും, ക്രിസ്ത്യൻ രാജ്യങ്ങൾ എന്ന റിയപ്പെടുന്ന അമേരിക്ക, ഇംഗ്ലണ്ട്, യൂറോപ്യൻ രാജ്യങ്ങ ളെയാണ് ആശ്രയിക്കുന്നത്. ക്രിസ്ത്യാനികളേക്കാൾ കൂടു തൽ വിദേശപണം കൈപ്പറ്റുന്നതും ഇക്കൂട്ടർ തന്നെയാ ണ്. ഇവർ സുഖവാസകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിരി

ക്കുന്നത് യൂറോപ്പും അമേരിക്കയുമാണ്. സ്വിസ് ബാങ്കുകളിൽ ഈ മതനേതാക്കൾക്കും മനുഷ്യദൈവങ്ങൾക്കും നിക്ഷേപമുണ്ട്. കൾച്ചറൽ സൊസൈറ്റികളും മറ്റും രജിസ്റ്റർ ചെയ്ത് വിദേശത്തുനിന്നും കോടിക്കണക്കിനു ഡോളർ സ്വരൂപിച്ച് അവിടങ്ങളിൽ തങ്ങളുടെ മതം പ്രചരിപ്പിക്കുകയും വസ്തുവകകൾ വാങ്ങിക്കൂട്ടുകയും ക്രിസ്ത്യൻ പള്ളികൾപോലും വിലയ്ക്കുവാങ്ങി അമ്പലങ്ങളും മഠങ്ങളുമാക്കി മാറ്റി യോഗാഭ്യാസങ്ങളും കൾച്ചറൽ പ്രോഗ്രാമുകളും നടത്തുകയും ചെയ്യുന്നവർ മതപരിവർത്തനത്തിന്റെ പേരുപറഞ്ഞ് ക്രിസ്ത്യാനികളെ ഭീഷണിപ്പെടുത്തുന്നതിന്റെ യുക്തി മനസിലാകുന്നില്ല. ഉദാഹരണത്തിന് അമേരിക്കയിലെ ടെന്നസി (നാക്സ്‌വിൽ) ചിക്കാഗോ, കാലിഫോർണിയ, ന്യൂയോർക്ക് എന്നിവടങ്ങളിൽ ഇന്ത്യയിൽ ഉള്ളതിനെക്കാൾ വലിയ അമ്പലങ്ങളുണ്ട്, ഫ്ളോറിഡായിലെ മിയാമിയിൽ ധാരാളം അമ്പലങ്ങൾ ഉണ്ടെന്ന് മാത്രമല്ല; തിരുപ്പതിയുടെ ഒരു ശാഖ തന്നെ അവിടെ പ്രവർത്തിക്കുന്നുണ്ട്. ഇക്കൂട്ടരാണ് ഇന്ത്യൻ ഭരണഘടന അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യം സ്വന്തം മണ്ണിൽ ക്രിസ്ത്യാനികൾക്ക് നിഷേധിക്കണം എന്ന് മുറവിളികൂട്ടുന്നത്.

മതംമാറിയവരെ തിരിച്ചുവിളിക്കും എന്നാണ് മതതീവ്രവാദികൾ പറയുന്നത്. അങ്ങനെയെങ്കിൽ ഇന്ത്യയിലും കേരളത്തിലും കൈവശപ്പെടുത്തിയ ബുദ്ധജൈനമത ക്ഷേത്രങ്ങളെല്ലാം വിട്ടുകൊടുക്കാൻ തയ്യാറാകുമോ? ക്ഷേത്രപ്രവേശനം അനുവദിച്ചതുകൊണ്ടുമാത്രം ഭഗവത് ദർശനം സിദ്ധിച്ച ആദിവാസികളെയും മറ്റും തിരിച്ചുവിട്ട് അവരുടെ മുൻ ദേവന്മാരും ദേവിമാരുമായ മാടനേയും മറുതയേയും കരിങ്കാളിയേയും ഒക്കെ പൂജിക്കാൻ നിർബന്ധിക്കുമോ.

നരബലി നടത്തി ദേവപ്രീതി വരുത്തിയിരുന്നവരെ അതിനായി തിരിച്ചയയ്ക്കുമോ?

അത്യാവശ്യം ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊള്ളട്ടെ. പലരും ധരിച്ചിരിക്കുന്നതുപോലെ ക്രിസ്തു ഒരു മതം സ്ഥാപിച്ചിട്ടില്ല. യേശുക്രിസ്തു മനുഷ്യരക്ഷയ്ക്കുള്ള മാർഗ്ഗം ചൂണ്ടികാണിക്കുകയാണ് ചെയ്തത്. അതാണ് സുവിശേഷം. അത് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മാർഗ്ഗമാണ്. മൃഗീയസ്വഭാവമുള്ള മനുഷ്യനെ വിശുദ്ധനാക്കി അഥവാ നല്ല മനുഷ്യനാക്കി തീർക്കുന്ന മാർഗ്ഗമാണിത്. സഹോദരനെ, അയൽക്കാരനെ കൊല്ലാനല്ല സ്നേഹിക്കാനാണ് ക്രിസ്തു ഉപദേശിച്ചത്. ഇത് തികച്ചും ആത്മീയ മാർഗ്ഗമാണ്. ഭൗതികരാജ്യവുമായി ബന്ധപ്പെട്ട വിഷയമല്ല. ഇപ്രകാരമുള്ള ഒരു സന്ദേശം പ്രചരിപ്പിക്കുന്നതിനെതിരെ വാളോങ്ങുന്നത് നീതിയോ? അനീതിയോ?

മതം മാറുകയോ മാറാതിരിക്കുകയോ എന്നുള്ളതല്ല. “മനുഷ്യൻ നന്നാവുക” എന്നത് അടിസ്ഥാന ആവശ്യമായി മാറണം. അതിനുള്ള വഴി ചൂണ്ടിക്കാണിക്കുന്ന സത്യമാർഗ്ഗം സ്വതന്ത്രമായി പ്രചരിപ്പിക്കുവാനും തിരഞ്ഞെടുക്കുവാനും സ്വീകരിപ്പാനുമുള്ള സ്വാതന്ത്ര്യം ലഭിക്കട്ടെ. അങ്ങനെ വ്യക്തികൾ സമൂഹങ്ങൾ നന്നാകട്ടെ. എങ്കിലേ ഈ രാജ്യം രക്ഷപ്പെടുകയുള്ളു.

# 18

# ശാസ്ത്രവും ക്രിസ്തുമാർഗ്ഗവും

മനുഷ്യസമൂഹത്തിന്റെ പ്രായോഗികാനുഭവഘട്ടങ്ങളിൽ മേൽക്കുമേൽ സംശോധിതവും സ്ഥിരീകൃതവുമായ വസ്തുതകളടങ്ങുന്നതും ചരിത്രപരമായി വികാസം പ്രാപിച്ചതുമായ വിജ്ഞാനത്തെ പ്രതിനിധാനം ചെയ്യുന്ന സാമൂഹികാവബോധമാണ് സയൻസ്. (എ ഡിക്ഷണറി ഓഫ് ഫിലോസഫി) ഇംഗ്ലീഷ് സംജ്ഞയായ 'സയൻസിന് ശാസ്ത്രം എന്നും വിജ്ഞാനീയം എന്നുമുള്ള പരിഭാഷികശബ്ദങ്ങളാണ് മലയാളത്തിൽ ഉപയോഗിച്ച് കാണുന്നത്. ശാസ്ത്രീയ ജ്ഞാനത്തിന്റെ ശക്തി-അതിന്റെ പൊതുസ്വഭാവം, സാർവ്വലൗകികത്വം, ആവശ്യകത, വസ്തുപരിനിഷ്ഠിതത്വം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

നിരീക്ഷണത്തിലൂടെ ലഭിച്ച നേട്ടത്തെ അഥവാ ജ്ഞാനത്തെ വിവിധ കാര്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ അതിനെ കണ്ടുപിടിത്തം എന്ന് നാം പറയുന്നു. പ്രകൃതിനിരീക്ഷണത്തിലൂടെ ലഭ്യമായ വസ്തുതകളാണ് കണ്ടുപിടിത്തത്തിന്റെ പ്രേരകഘടങ്ങൾ. ഇവിടെ വിജ്ഞാനം പ്രയോജനകരമായിത്തീരുന്നത് പ്രകൃതിനിരീക്ഷണത്താൽ ഉളവായ കണ്ടുപിടിത്തംകൊണ്ടുമാത്രമാണ്. ജ്ഞാനവും കണ്ടുപിടിത്തത്തിനുള്ള കഴിവുമാണ് ശാസ്ത്രത്തിനു രൂപം നൽകുന്നത്.

എന്നാൽ എല്ലാ സത്യത്തിലേക്കും നയിക്കുവാൻ പര്യാപ്തമാണെന്നുള്ള ധാരണയിൽ ചിലർ ശാസ്ത്രത്തിന് ദിവ്യത്വം കല്പിക്കാറുണ്ട്. ഇതു ശരിയല്ല. കാരണം. ആന്തരീകാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ പര്യാപ്തമല്ലാത്തതും–അനുദിനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് വിശദീകരണമോ–ഭാവിയെക്കുറിച്ചുള്ള വെളിപ്പാടോ നൽകാൻ കഴിയാത്തതും; എന്തിന്? എന്ന ചോദ്യത്തിനു മുമ്പിൽ മറ്റൊരു ചോദ്യചിഹ്നം ഉയർത്താൻ മാത്രമേ ശാസ്ത്രത്തിനു കഴിയുന്നുള്ളു എന്നതുകൊണ്ടുതന്നെ. സ്വയം തിരുത്തലിലൂടെയാണ് ശാസ്ത്രം പുരോഗതി കൈവരിക്കുന്നത്. ശാസ്ത്രമണ്ഡലത്തിലാകട്ടെ വ്യതിയാനങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇപ്രകാരം നിരീക്ഷണത്തിലധിഷ്ഠിതമായിരിക്കുന്ന ശാസ്ത്രത്തിന് തികവിൽ കാണപ്പെടുന്ന പ്രകൃതിയെ ചോദ്യം ചെയ്യാൻ കഴിയുകയില്ലല്ലോ. അതുപോലെ പ്രപഞ്ചത്തിൽ ദർശിക്കാവുന്ന കൃത്യത, ക്രമം, രൂപം, ഭാവം ഇവയൊക്കെ പ്രപഞ്ചസൃഷ്ടി ദൈവത്താലാണെന്ന വാദത്തെ സാധൂകരിക്കുമ്പോൾ പ്രപഞ്ചത്തിൽ നിന്നു രൂപപ്പെടുത്തപ്പെട്ട സ്വയം തിരുത്തൽ ആവശ്യമായിരിക്കുന്ന ശാസ്ത്രത്തിന് അതിനെ എങ്ങനെ ചോദ്യം ചെയ്യാൻ കഴിയും? അവ്വിധം യുക്തികൊണ്ടും സാമാന്യജ്ഞാനം കൊണ്ടും മാത്രമല്ല സവിശേഷാനുഭവംകൊണ്ടും അപഗ്രഥിച്ചറിയേണ്ട ദൈവീകവ്യവസ്ഥയിൽ സ്ഥാപിതമായ ക്രിസ്തു മാർഗ്ഗത്തെ ശാസ്ത്രത്തിനെതിർക്കുവാൻ കഴിയുകയില്ല എന്ന വസ്തുത മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ലല്ലോ. ക്രിസ്തുമാർഗ്ഗം എന്നതുകൊണ്ട് ബാഹ്യ ആചാരങ്ങളെയോ ഇന്നത്തെ സുസംഘടിതമതത്തെയോ ഉദ്ദേശിച്ചല്ല എന്ന് പ്രത്യേകം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

വാസ്തവത്തിൽ വ്യാജവ്യവസ്ഥകളോടെ സ്ഥാപിതമായ സുസംഘടിതമതത്തിന്റെ ആവിർഭാവമാണ് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കിയത് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു (കമ്മ്യൂണിസം, ഡാർവ്വിനിസം ഇവയുടെ ചരിത്രപശ്ചാത്തലം ഇതോടനുബന്ധിച്ച് പഠനവിധേയമാക്കുക) വ്യതിയാനങ്ങൾ സംഭവിച്ചുകൂടാത്ത–എന്നന്നേക്കുമായി സ്ഥിരമാക്കപ്പെട്ട (യൂദ 4; മത്താ. 5:18) ക്രിസ്തുമാർഗ്ഗത്തെ–വ്യവസ്ഥയിൽനിന്നു വിട്ടകന്ന രാജകീയ സഭ (മതം) കാലഗതിക്കനുസരിച്ച് മാറ്റിമറിച്ചതിന്റെ ഫലമായിട്ടാണ് അതിന്റെ ശക്തി ചോർന്നുപോകുകയും അതിന്റെ ഫലമായി പ്രായോഗികമൂല്യം നഷ്ടപ്പെടുകയും ചെയ്തത്. അതേ സമയം സ്വയം തിരുത്തലിലൂടെ, വ്യതിയാനങ്ങളിലൂടെ പുരോഗതിപ്രാപിച്ച ശാസ്ത്രം മനുഷ്യന്റെ താൽക്കാലിക ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായി മുന്നോട്ടുവന്നു തുടങ്ങിയതോടെ രണ്ടു കയ്യും നീട്ടി മനുഷ്യൻ ശാസ്ത്രത്തെ സ്വീകരിക്കുവാനും ക്രമേണ ക്രിസ്തുമാർഗ്ഗത്തെ പിന്തള്ളുവാനും തുടങ്ങി. ഇവിടെ വിശ്വാസത്തിൽ നിന്നകലാൻ ശാസ്ത്രം കാരണമായിഭവിച്ചു (1 തിമൊ. 6:21). നിരീക്ഷിക്കുക–ചോദ്യം ചെയ്യുക–നിഷേധിക്കുക എന്ന പ്രവണത അങ്ങനെ സംജാതമായി. അതോടെ ശാസ്ത്രസത്യങ്ങൾക്കപ്പുറം മറ്റൊരു സത്യമില്ല എന്ന തെറ്റായ നിഗമനത്തിൽ മനുഷ്യൻ എത്തിച്ചേർന്നു. അതിൻഫലമായി മാർഗ്ഗത്തിൽ വെളിവാക്കപ്പെട്ടിരിക്കുന്ന പ്രവർത്തന പദ്ധതിയെക്കുറിച്ച് ചിന്തിക്കാൻപോലും മടിച്ച ശാസ്ത്രകാരന്മാർ അപഗ്രഥിച്ചറിയേണ്ട വസ്തുതകളെ അസ്വീകാര്യങ്ങൾ എന്നുപറഞ്ഞ് കണ്ണടച്ചു നിഷേധിക്കുവാൻ  തുടങ്ങി. ഫലമോ–ദൈവീക ബോധത്തിൽ നിന്നന്യപ്പെട്ടുപോയ മനുഷ്യൻ ഹീനമായ അഭിലാഷങ്ങളുടെ

പൂർത്തീകരണത്തിനായി ശാസ്ത്രത്തെ ഉപയോഗിക്കാൻ തുടങ്ങി. യാഥാർത്ഥ്യം നഷ്ടപ്പെട്ട മനുഷ്യൻ സ്വാർത്ഥനായി-മൃഗീയനായി-ഉത്കണ്ഠാഭരിതമായ നാളുകൾ തള്ളി നീക്കി സ്വയം നശിക്കുന്നു. മനുഷ്യൻതന്നെ മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുന്നു. ആത്മഹത്യയും (ശാസ്ത്രം ഏറ്റവും പുരോഗതി പ്രാപിച്ച രാജ്യങ്ങളിലെ ഭൗതീകസമ്പത്തിന്റെ നടുവിൽ കഴിയുന്നവരാണ് ആത്മഹത്യ ചെയ്യുന്നവരിൽ ഭൂരിഭാഗവും) അനീതിയും ലോകത്തു പെരുകുന്നു. സമാധാനവും സ്വസ്ഥതയും നഷ്ടപ്പെട്ട മനുഷ്യൻ ഇന്ന് അസ്വസ്ഥനാണ്, അതൃപ്തനാണ്.

ശക്തിനേടുവാൻ പുരാതന മനുഷ്യൻ ചെകുത്താനെ സേവിച്ചു. ഇന്ന് ശാസ്ത്രത്തിൽ നിന്നും ശക്തി സംഭരിച്ച് മനുഷ്യൻ സ്വയം ചെകുത്താനായി മാറുന്നു എന്ന പ്രസ്താവന എത്രയോ വാസ്തവം എന്നുവന്നിരിക്കുന്നു. പരിഷ്കൃതമനുഷ്യന്റെ വന്യജീവിതത്തെ തളയ്ക്കുവാൻ ഒരു ശാസ്ത്രത്തിനും കഴിയുന്നില്ല. സ്നേഹം നഷ്ടപ്പെട്ട് ജീവിതത്തിൽ ഏകാന്തത അനുഭവിക്കുന്ന, അസംതൃപ്തിയുടെയും അസമാധാനത്തിന്റെയും നീർച്ചുഴിയിലകപ്പെട്ട് ആശയറ്റ് നിരാശയിൽ നിപതിച്ച് ആലംബത്തിനായി കേഴുന്ന മനുഷ്യനുമുന്നിൽ ശാസ്ത്രം കൈമലർത്തി നിസ്സഹായത വെളിപ്പെടുത്തി പിന്മാറുക മാത്രമല്ല; ആത്മവിശ്വാസം നശിപ്പിച്ച് അഗാധമായ നിസ്സഹായതിലേക്ക് അവനെ തള്ളിവിടുകയും ചെയ്യുന്നു. ഈ പ്രതിസന്ധിയിൽ മനുഷ്യനെ സഹായിക്കുവാൻ-പോരാട്ടങ്ങൾ നടക്കുന്ന രംഗങ്ങളിലേക്ക് വിജയകരമായി പ്രവേശിച്ച് അത്ഭുതകരമായ മാറ്റങ്ങൾ ഉളവാക്കി മുഴുലോകത്തിനും സമാധാനവും രഞ്ജിപ്പും പ്രദാനം ചെയ്യുവാൻ ക്രിസ്തുമാർഗ്ഗത്തിന് കഴിയും എന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

അതിന്റെ പരീക്ഷണഘട്ടം കഴിഞ്ഞു എന്ന് ചരിത്രം പഠിച്ചിട്ടുള്ളവർക്ക് അറിയാവുന്ന വസ്തുതയാണല്ലോ.

യഥാർത്ഥത്തിൽ ക്രിസ്തുമാർഗ്ഗം മനുഷ്യന്റെ ആന്തരികാവശ്യങ്ങളെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ പര്യാപ്തവും–എങ്ങനെ ജീവിക്കണം എന്ന് വെളിപ്പെടുത്തുന്നതും–പ്രായോഗികവും–ഭാവിയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നതും–എന്തിന് എന്ന ചോദ്യത്തിന് മറുപടി നൽകാൻ കഴിവുള്ളതുമാണ്. ജീവിത പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ ഒന്നാമത് നാം മനസ്സിലാക്കേണ്ടത് എങ്ങനെ ജീവിക്കണം എന്നുള്ളതാണ്. ഇതു ക്രിസ്തുമാർഗ്ഗത്തിൽ എത്രയും വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. ഇത് സാർവ്വത്രികവും, പക്ഷപാതരഹിതവും വർണ്ണ വർഗ്ഗവ്യത്യാസവുമില്ലാതെ എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രവേശിക്കുവാൻ പര്യാപ്തവുമാണ്. ഏതുപ്രതിസന്ധിയിലും സഹായിക്കുവാൻ കഴിയുന്നതാണ് എന്ന് ക്രിസ്തു തന്നെ ലോകത്തിനു കാണിച്ചുകൊടുത്തു.

ക്രിസ്തുമാർഗ്ഗം പ്രായോഗികമാക്കിയിട്ടുള്ള ഒരിടത്തും യഥാർത്ഥ ശാസ്ത്രവുമായി പൊരുത്തപ്പെടുവാനാവാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. മറിച്ച് അവിടെ ശാസ്ത്രത്തിന്റെ ഉദ്യമങ്ങൾ നിറവേറിയിട്ടുണ്ടെന്നുള്ളതാണ് വസ്തുത.

എന്നാൽ ശാസ്ത്രത്തെ സകലത്തിനും മതിയായ അവസ്ഥയിൽ കരുതുന്നതിനെയും, വ്യാജശാസ്ത്രത്തെയും (1 തിമൊ. 6:20; യോഹ. 6:27) ക്രിസ്തുമാർഗ്ഗം അംഗീകരിക്കുന്നില്ല എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. ശാസ്ത്രവും മാർഗ്ഗവും മനുഷ്യസേവനത്തിനായിട്ടുള്ളതാണെന്നതിനാൽ അവ ഏകീഭവിക്കുന്നതിലൂടെ മാത്രമേ

പ്രയോജനം ഉണ്ടാകുകയുള്ളു എന്നും (ഡോ.എച്ച്.മാർഗനാൻ–യേൽ സർവ്വകലാശാല) ഭൗതീക ശാസ്ത്രത്തിൽ പ്രശ്നങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്താമെന്ന് വിശ്വസിക്കുകയും വിരുദ്ധമായ തെളിവുകൾ നിരസിക്കുകയും ചെയ്യുന്ന ശാസ്ത്രജ്ഞൻ അന്ധമനസ്സുള്ളവനാണെന്നതും (ഇ.ജി. നീൽ) മതത്തെ മാറ്റിനിർത്തുന്ന ശാസ്ത്രം വികലമാണെന്ന ആൽബർട്ട് ഐൻസ്റ്റീന്റെ വാക്കുകളും ഇവിടെ പ്രസ്താവ്യമത്രെ.

മുഴുലോകത്തെയും ഒന്നാക്കിക്കൊണ്ട് കാൽവറിയിൽ നിരപ്പിന്റെ ശുശ്രൂഷ നിർവ്വഹിച്ച്–സ്നേഹത്തിന്റെയും–ത്യാഗത്തിന്റെയും–സാഹോദര്യത്തിന്റെയും മാതൃക കാട്ടിത്തന്ന പുണ്യപുരുഷനായ യേശുക്രിസ്തു ലോകത്തിന് കാഴ്ചവച്ച ഈ പ്രായോഗിക മാർഗ്ഗത്തെ ആർക്ക് നിഷേധിക്കുവാൻ കഴിയും?

# 19

# മനുഷ്യന്റെ ശാസ്ത്രനേട്ടങ്ങൾ

മനുഷ്യനു വേണ്ടതെല്ലാം ഈ പ്രകൃതിയിലുണ്ട്. മിക്ക ശാസ്ത്ര വിജ്ഞാനവും സാങ്കേതികവിദ്യയും ദൈവസൃഷ്ടിയായ പ്രകൃതിയിൽ നിന്ന് വികസിപ്പിച്ചെടുത്തതാണ്.

പക്ഷി പറക്കുന്നതു നോക്കിപഠിച്ചാണല്ലോ വിമാനത്തിന്റെ ആദിമരൂപം സൃഷ്ടിച്ചത്. ഭൂമിയെ ചുറ്റാൻ കഴിവുള്ള ജറ്റ് വിമാനവും ബഹിരാകാശ യാത്ര നടത്തുന്ന സ്പെയ്സ് ഷട്ടിലും ഇന്നുണ്ട്. എങ്കിലും ഒരു മൂങ്ങായെപ്പോലെ നിശബ്ദമായും മന്ദഗതിയിലും താണു പറക്കുന്നതിനോ ഉയരത്തിൽ സഞ്ചരിക്കുന്നതിനോ വേണ്ട കഴിവ് ഈ വാഹനങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടില്ല.

ജീവജാലങ്ങൾക്ക് പ്രകൃത്യാ ലഭിച്ചിട്ടുള്ള സിദ്ധിവിശേഷങ്ങൾ ശാസ്ത്രസാങ്കേതിക രംഗത്തു പകർത്തുന്നതിനു ശ്രമിക്കുന്ന വിദ്യയെ ‘ബയോണിക്സ്’ എന്നു പറയുന്നു. എന്നാൽ ഇത് അത്ര പുതിയ സാങ്കേതിക വിദ്യയൊന്നും അല്ല. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമൻകാർ തങ്ങളുടെ ആദ്യത്തെ ജെറ്റ് വിമാനത്തിനു രൂപംനൽകിയത് സ്രാവു മത്സ്യത്തെ അനുകരിച്ചാണ്.

രോഗം ബാധിച്ച അതിസൂക്ഷ്മ മനുഷ്യകോശങ്ങളെ ചികിത്സിക്കാനും ലേസർകൊണ്ട് ഇന്നു സാധിക്കുന്നു.

വിദൂര നക്ഷത്രസമൂഹങ്ങളിൽ നിന്നും ബഹിർഗമിക്കുന്ന ചില ശക്തിയേറിയ രശ്മികളെ കണ്ടിട്ടാണ് ശാസ്ത്രജ്ഞന്മാർ ഈ കൃത്രിമ രശ്മികൾ നിർമിച്ചിരിക്കുന്നത്.

ഇവ കൂടാതെ ഒപ്റ്റിക്കൽ ലേസർ, ഇലക്ട്രോ ലേസർ, കെമിക്കൽ ലേസർ എന്നീ രശ്മികളും ആകാശത്തിലെ നക്ഷത്രങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. അവയെയും കൃത്രിമമായി ഉരുത്തിരിച്ചെടുക്കാൻ സാധിക്കുമോ എന്ന് ശാസ്ത്രജ്ഞർ പരീക്ഷിച്ചുവരുന്നു.

പ്രപഞ്ചോത്പത്തി മുതൽ തന്നെ നക്ഷത്രങ്ങളിൽ നിന്നു റേഡിയോ തരംഗങ്ങൾ പുറപ്പെടുന്നുണ്ട്. ആദ്യത്തെ ടെലിഗ്രാഫ് സന്ദേശം (മോഴ്സ് കോഡ്) മാർക്കോണി 1844–ൽ കണ്ടുപിടിച്ചത് ഈ റേഡിയോ തരംഗത്തെക്കുറിച്ചു കേട്ടിട്ടായിരിക്കണം. നിലവിലുള്ള റേഡിയോ അസ്ട്രോണമി എന്ന ശാസ്ത്രശാഖ രൂപം കൊണ്ടത് ഇതിന്റെ വെളിച്ചത്തിലാണ്.

പ്രകൃതിയെ അനുകരിച്ചുണ്ടാക്കുന്ന പലതിനും ഇനിയും പൂർണത കൈവന്നിട്ടില്ല. ഉദാഹരണത്തിന് ആയിരക്കണക്കിന് മൈലുകൾ സഞ്ചരിക്കുന്ന പക്ഷികൾ ദൂരെയുള്ള ദൃശ്യങ്ങളും ദൂരങ്ങളും അറിയുന്നതിന് ഉപയോഗിക്കുന്ന അതിന്റെ അവയവത്തിനു തുലോം തുച്ഛമായ ഭാരമേയുള്ളു. എന്നാൽ മനുഷ്യ നിർമിത വിമാനങ്ങളിലും യന്ത്രങ്ങളിലും ഉപയോഗിക്കുന്ന ഇമ്മാതിരി നാവിഗേഷണൽ ഉപകരണങ്ങൾക്ക് ടൺ കണക്കിനു ഭാരമാണുള്ളത്.

ചില പക്ഷികൾക്ക് ആർട്ടിക് പ്രദേശത്തു നിന്ന് അന്റാർട്ടിക്കിലേക്കും തിരിച്ചും വഴി തെറ്റാതെയും പരിശീലനം ഇല്ലാതെയും അവയുടെ താവളങ്ങളിൽ യഥാകാലം കൃത്യമായി ചെന്നെത്തുന്നതിനു കഴിവുണ്ട്. തേനീച്ചകൾ

വഴിതെറ്റാതിരിക്കുന്നതിനു സൂര്യനെ ആശ്രയിക്കുന്നു. ഇരുട്ടിൽ അവ ഭൂമിയുടെ കാന്തശക്തിയെ ആശ്രയിക്കുന്നു. മനുഷ്യനാണെങ്കിൽ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഇരുട്ടിൽ തപ്പിത്തടയുന്നു.

വവ്വാൽ പുറപ്പെടുവിക്കുന്ന ശബ്ദം വസ്തുക്കളിൽ തട്ടി പ്രതിധ്വനിയായി തിരിച്ചെത്തുമ്പോൾ ആ പ്രതിധ്വനി മാത്രമേ വവ്വാൽ കേൾക്കുന്നുള്ളു. അതിനുവേണ്ടി അത് ശബ്ദം പുറപ്പെടുവിക്കുമ്പോൾത്തന്നെ ഒരു പ്രത്യേക മാംസപേശികൊണ്ട്, പുറപ്പെടുവിക്കുന്ന ശബ്ദം കേൾക്കാതവണ്ണം അതിന്റെ ചെവി അടച്ചുകളയുന്നു! ഈ സത്യം എത്രപേർക്ക് അറിയാം? തിരിച്ചുവരുന്ന പ്രതിധ്വനിയുടെ സമയദൈർഘ്യം മനസിലാക്കി അത് ഗതി നിയന്ത്രിക്കുന്നു. ഇത് അനുകരിച്ച് വിമാനവും കപ്പലും നിയന്ത്രിക്കുന്നതിന് മനുഷ്യൻ കണ്ടെത്തിയ റഡാറും സൊനാറും വവ്വാലിനു പ്രകൃത്യാ ലഭിച്ചിട്ടുള്ള സിദ്ധിവിശേഷവുമായി തട്ടിച്ചുനോക്കുമ്പോൾ എത്ര നിസ്സാരം.

മിടുമിടുക്കനെന്നഭിമാനിക്കുന്ന മനുഷ്യന്റെ വിശാലമായ എൻജിനിയറിംഗ് രംഗത്തെ കഴിവ് കേവലം ഒരു ചിലന്തി അതിന്റെ അനേകം മടങ്ങു ഭാരം താങ്ങാൻ കഴിവുള്ള വലയുടെ നിർമാണത്തിൽ ചെലുത്തുന്ന സൂഷ്മതയും ദീർഘവീക്ഷണവും പ്രാഗത്ഭ്യവും വെച്ച് നോക്കുമ്പോൾ ഒന്നുമല്ലെന്നു കാണാം. കൈവേലയെയും ക്ഷേത്രഗണിതത്തെയും വെല്ലുന്ന മാതിരിയുള്ള വല നിർമാണരീതി ഓരോ ചിലന്തിക്കും വശമുണ്ട്. കേവലം അല്പ പ്രാണിയായ മിന്നാമിനുങ്ങിനു സ്വന്തമായുള്ള ജൈവവെളിച്ചത്തിന്റെ രഹസ്യം മനുഷ്യനു പകർത്താൻ കഴിഞ്ഞിരുന്നെങ്കിൽ വൈദ്യുതി വെളിച്ചത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലും ഭാരിച്ച ചെലവും എത്രയോ കുറയ്ക്കാമായിരുന്നു.

നീർനായ് ചെറിയ അണക്കെട്ടുകളും ഭൂഗർഭവസതികളും ഉണ്ടാക്കുന്നു. കടന്നൽ ഒരിനം കടലാസ് നിർമിക്കുന്നു. ചില ഉടുമ്പുകൾ ചെറിയ നീർച്ചാലുകൾ കടക്കുന്നതിന് ഉറുമ്പുകളെക്കൊണ്ട് ജൈവപാലം നിർമിക്കുന്നു. ഉറുമ്പുകൾ ഇലകൾ കൊണ്ട് ചങ്ങാടം ഉണ്ടാക്കി നദികൾ കടക്കുന്നു. മാത്രമോ, ആർച്ചർ ഫിഷ് എന്ന മത്സ്യം പറന്നുപോകുന്ന പ്രാണികളെ ജലധാരപായിച്ച് എയ്തുവീഴ്ത്തുന്നു! അങ്ങനെ ഒരു ജീവിതകാലം മുഴുവൻ ബുദ്ധിമുട്ടി പരിശ്രമിച്ചാൽ പോലും മനുഷ്യനു മനസിലാക്കാൻ കഴിയാത്ത മനുഷ്യോപകാരപ്രദമായ **സൃഷ്ടിരഹസ്യങ്ങൾ** അനവധിയാണ്.

റോപ് വേ പണിത് അതിലൂടെ സഞ്ചരിക്കുവാൻ മനുഷ്യനും, നൂൽപ്പാലം ഉണ്ടാക്കി അതിലൂടെ പോകുവാൻ ചിലന്തിക്കും കഴിവുകൊടുത്തത് ദൈവമാണ്. മനുഷ്യൻ പണിയുന്ന ബഹുനില കെട്ടിടങ്ങളിൽ നിന്നും ഒട്ടും നിലവാരം താഴ്ന്നതല്ല അടുക്കടുക്കായി തേനീച്ച പണിയുന്ന തേനറകൾ. കാൽവിരലും ചുണ്ടും ഉപയോഗിച്ച് തൂക്കനാംകുരുവി തെങ്ങോലയിൽ ഉണ്ടാക്കുന്ന 'ഫൈബർ ഹൗസ്' ശ്രദ്ധിക്കൂ. കയ്യും മെയ്യും, യന്ത്രവും തന്ത്രവും ഒത്തിണക്കി മനുഷ്യൻ നിർമ്മിക്കുന്ന പാർപ്പിടങ്ങളേക്കാൾ അത് അത്ഭുതകരമല്ലേ? അതുകൊണ്ട് ഇവിടെ മനുഷ്യനു അവന്റെ വൈദഗ്ദ്ധ്യം സംബന്ധിച്ച് പ്രത്യേകിച്ചൊന്നും പുകഴ്വാനില്ല. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതിനാൽ തിരഞ്ഞെടുക്കുവാനും സാഹചര്യമനുസരിച്ച് മുന്നേറുവാനും മനുഷ്യന് സാധിക്കുന്നു എന്ന് മാത്രം.

# 20

# അറിവ് പരിമിതം അപൂർണ്ണം

**'ഭൂ**മിയിലുള്ള' കാര്യങ്ങളെക്കാൾ, ഭൂമിക്കുള്ളിലുള്ള' കാര്യങ്ങളെക്കുറിച്ച് നേരിട്ടറിയാൻ ബുദ്ധിമുട്ടാണ് എന്ന റിയാമല്ലോ? ഭൂമിയുടെ ഉൾഭാഗത്തിന് സൂര്യന്റെ ഉപരിത ലത്തോളം തന്നെ ചൂടുണ്ട് എന്നതാണ് ഇതിന് കാരണം!

ഭൂമിയുടെ ഉള്ളറയ്ക്ക് നാല് വ്യത്യസ്ത പാളികളുണ്ട്. ഭൂമിയുടെ ഏറ്റവും പുറം പാളിക്ക് 'ക്രസ്റ്റ്' എന്നാണ് പേര്. മണ്ണിനടിയിലേക്ക് ഏകദേശം എഴുപതു കിലോമീറ്ററോളം ആഴത്തിൽ വ്യാപിച്ചു കിടക്കുന്നതാണ് ഈ ക്രസ്റ്റ്. മനു ഷ്യൻ ഭൂമിയിലുണ്ടാക്കിയിട്ടുള്ള ഏറ്റവും ആഴത്തിലുള്ള കുഴിക്ക് പതിമൂന്നു കിലോമീറ്റർ ആഴമേയുള്ളു; മണ്ണും പാറയുമാണ് ക്രസ്റ്റിൽ മുഖ്യമായും ഉള്ളത്.

ക്രസ്റ്റിനു തൊട്ടുതാഴെയുള്ള പാളിയാണ് 'മാന്റിൽ' ഏക ദേശം മൂവായിരം കിലോമീറ്ററോളം കനത്തിലുള്ള പാളി യാണിത്. അകത്തേക്കുപോകുന്തോറും ഇവിടെ പാറക ളുടെ സ്വഭാവം മാറുന്നു. ഉരുകുന്ന ചൂടുള്ള പാറകളാണ് മാന്റിലിന്റെ ഏറ്റവും ഉള്ളിലുള്ളത്.

മാന്റിലിന്റെയും ഉള്ളിൽ 'കോർ' എന്നു വിളിക്കുന്ന പാളിയാണ്. ഇത് രണ്ടായി തിരിച്ചിട്ടുണ്ട്. രണ്ടായിരം കിലോ മീറ്ററോളം, കുഴമ്പ് രൂപത്തിലുള്ള തിളയ്ക്കുന്ന ഇരുമ്പും നിക്കലുമുള്ള പുറം കോർ ആണ് ആദ്യം. അതിനും

താഴേക്ക് രണ്ടായിരത്തി എഴുന്നോറോളം കിലോമീറ്റർ വ്യാസമുള്ള 'ഗോള' മാണ് 'കോറി' ന്റെ ഉൾഭാഗം. അയ്യാ യിരത്തോളം ഡിഗ്രി സെൽഷ്യസിൽ തിളച്ചുമറിയുന്ന ഉഗ്രൻ ലാവയാണ് ഇവിടെ! ഇരുമ്പും നിക്കലും തന്നെ യാണ് ഉൾകോറിലേയും പ്രധാന ഘടങ്ങൾ.

ഭൂമിയുടെ ഉള്ളറകളെപ്പറ്റി മുകളിൽ പറഞ്ഞിട്ടുള്ള ശാസ്ത്രനിഗമനങ്ങൾ അഗ്നിപർവ്വതങ്ങളിൽ നിന്ന് പുറ ന്തള്ളുന്ന ലാവയെ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ ങ്ങൾ മാത്രമാണ്. ഭൂമിയുടെ നടുവിലേക്കുള്ള ദൂരം 5000 കിലോമീറ്ററിൽ അധികമാണ്. ഭൂമിയ്ക്കടിയിലെ മർദ്ദവും ലാവയും കാരണം 13 കിലോമീറ്റർ മാത്രമേ ശാസ്ത്രജ്ഞ ന്മാർക്ക് കുഴിച്ച് പരീക്ഷണനിരീക്ഷണങ്ങൾ നടത്തുവാൻ സാധിച്ചിട്ടുള്ളു. ഇതിൽ നിന്നും ഭൂമിയെക്കുറിച്ച് ലഭിച്ചി ട്ടുള്ള അറിവ് പോലും പരിമിതവും അപൂർണ്ണവുമാണെന്നു പറഞ്ഞാൽ നിഷേധിക്കുവാൻ കഴിയുമോ?

കഴിവുള്ളവർ, മിടുക്കുള്ളവർ എന്നീ വാക്കുകളൊക്കെ സംഭാഷണത്തിൽ ഉപയോഗിക്കാറുണ്ടെങ്കിലും ഇവ യൊന്നും ഉള്ളതല്ല ലഭിച്ചതാണ് എന്ന മനോഭാവമാണ് ശരി. ജ്ഞാനികൾ മരിക്കയും മൂഢനും മൃതപ്രായനും ഒരു പോലെ നശിക്കയും തങ്ങളുടെ സമ്പാദ്യം മറ്റുള്ളവർക്ക് വിട്ടിട്ട് പോകയും ചെയ്യുന്നത് കാണുന്നുവല്ലോ (സങ്കീ. 49:10). ഒന്നുമില്ലാത്തവനായി ലോകത്തിലേക്ക് വന്ന് ഒന്നു മില്ലാത്തവനായി പോകുന്ന മനുഷ്യന്-ജീവൻ, ആരോഗ്യം, ബുദ്ധിശക്തി, നൈസർഗ്ഗികഗുണങ്ങൾ ഇവയെ ദൈവം ദാനമായി നൽകുന്നതാണ്. അത് മറന്നിട്ട് എന്റെ കൈകൾ ഇവയൊക്കെയും ഉണ്ടാക്കി എന്നുപറയുന്നതാണ് നിഗളം. എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഇതുണ്ടാക്കി എന്ന് നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചു കൊള്ളണം. ദൈവമല്ലോ നിനക്ക് ശക്തി തരുന്നത് (ആ വ. 8:7,18). നാം നിലനിൽക്കുന്നത് ദൈവത്താലാണ്. അവ

നിലല്ലോ നാം ജീവിക്കയും പ്രവർത്തിക്കയും ഇരിക്കയും ചെയ്യുന്നത് (അ.പ്ര. 17:28).

ചന്ദ്രനിൽ 72 മണിക്കൂർ ചെലവിട്ട ചാൾസ് ഡ്യൂക്ക് 1980 -ൽ ഡൽഹിയിൽ നടന്ന മതവും സമാധാനവും സംബ ന്ധിച്ചുള്ള ഏഷ്യൻ കോൺഫ്രൻസിൽ പ്രസംഗിക്കാനെ ത്തിയിരുന്നു. ചന്ദ്രനിൽ പോയി മടങ്ങിവന്നശേഷം ഇനി ജീവിതത്തിൽ മറ്റൊന്നും നേടാനില്ലെന്ന് താൻ കരുതിയ തായി അദ്ദേഹം സമ്മേളനപ്രതിനിധികളോട് പറഞ്ഞു. അനേകർ തന്റെ നേട്ടത്തിൽ തന്നെ പ്രശംസിക്കുകയും പുരസ്ക്കാരങ്ങൾ വാരിക്കോരി നൽകുകയും ചെയ്തു.

എന്നാൽ ചന്ദ്രനിൽ പോയിവന്ന് കേവലം എട്ട് മാസ ത്തിന് ശേഷം തന്റെ ജീവിതത്തിൽ വലിയ നിരാശ ബാധിച്ചു. ഭാര്യ ആത്മഹത്യയുടെ വക്കോളം എത്തി. ജീവിതം ആകെ തകർന്ന അവസ്ഥ. ആ സമയത്ത് ബൈബിൾ പഠനഗ്രൂപ്പിൽ എത്തുവാനും വചനം പഠി ക്കാനും അവർക്ക് അവസരം ലഭിച്ചു. അങ്ങനെ അവർ തങ്ങളുടെ ജീവിതം യേശുക്രിസ്തുവിനായി സമർപ്പിച്ചു.

ചാൾസ് ഡ്യൂക്ക് ഡൽഹിയിലെ സമ്മേളനപ്രതിനിധി കളോട് ഇങ്ങനെ പറഞ്ഞു. ‘മനുഷ്യന് ഏറ്റവും ദുർഘടംപിടിച്ച യാത്ര ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള തല്ല. അവന്റെ ശിരസിൽ നിന്നും ഹൃദയത്തിലേക്കുള്ള വിശ്വാസത്തിന്റെ യാത്രയാണ്. ഞാൻ ഒരു ശാസ്ത്ര ജ്ഞനും എഞ്ചിനിയറുമാണ്. എന്റെ യുക്തിയനുസരിച്ച് യേശുക്രിസ്തുവിനെ മനസിലാക്കാൻ ശ്രമിച്ച് പരാജയ പ്പെട്ടു. ഒടുവിൽ എന്റെ ഹൃദയംകൊണ്ട് രക്ഷകനെ കണ്ടെ ത്തുന്നതിൽ ഞാൻ വിജയിച്ചു. “യേശുക്രിസ്തുവിൽ വിശ്വ സിക്കുക. അവൻ നിങ്ങൾക്ക് സമാധാനവും സന്തോഷവും സൗഭാഗ്യകരമായ ജീവിതവും നിത്യജീവനും പ്രദാനം ചെയ്യും.”

# 21

# ഞാൻ കണ്ടെത്തിയ സത്യം

**1965**-ൽ തൊടുപുഴയിൽ മാത്യു-അന്നമ്മ ദമ്പതികളുടെ മകനായി ഞാൻ ജനിച്ചു. പിതാവ് ഒരു എസ്റ്റേറ്റ് ഉദ്യോഗസ്ഥനായിരുന്നു. തൊടുപുഴ ന്യൂമാൻ കോളേജിൽ പഠിച്ചുകൊണ്ടിരിക്കെ കായികതാരം, പ്രഫഷണൽ ഗിത്താറിസ്റ്റ് എന്നീ നിലകളിൽ അറിയപ്പെട്ടിരുന്നു. കോളേജ് അത്‌ലറ്റിക്, വോളിബോൾ ടീമിൽ അംഗമായിരുന്നു. ഇടുക്കി ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാനതലത്തിലും കോളേജിനെ പ്രതിനിധീകരിച്ച് യൂണിവേഴ്സിറ്റിതലത്തിലും മത്സരിച്ചിട്ടുണ്ട്. പ്രമുഖ ഗാനമേളട്രൂപ്പുകളിൽ ഗിറ്റാറിസ്റ്റായും വൻകിട ഹോട്ടലുകളിൽ കാബറെ (നൃത്ത-സംഗീത പരിപാടി) ടീമിനൊപ്പം ഗിറ്റാറിസ്റ്റായും ഡാൻസറായും പ്രവർത്തിച്ചിട്ടുണ്ട്. ജീവിതത്തിനു യാതൊരു നിയന്ത്രണവുമില്ലാതെ എത്രത്തോളം മുമ്പോട്ടു പോയെന്ന് ഊഹിക്കാവുന്നതേയുള്ളു. ചെറുപ്രായത്തിൽ തന്നെ കഴിവും പണവും ആരോഗ്യവും സൗന്ദര്യവും കരഗതമായതോടെ യുവത്വത്തിന്റെ പ്രസരിപ്പിൽ, സമ്പൂർണ്ണ സ്വാതന്ത്ര്യം അനുഭവിച്ച് മുന്നേറി. ദൈവം എന്നത് മനുഷ്യന്റെ സാങ്കൽപ്പികവും പ്രതീക്ഷാപരവുമായ ചിന്ത മാത്രമാണെന്നും, ഭീരുത്വമാണ് ദൈവവിശ്വാസത്തിന്റെ

അടിത്തറ എന്നും, മനുഷ്യൻ ഏറ്റവും സെന്റിമെന്റലാണെന്നുമുള്ള വിശ്വാസം എന്നിൽ കടന്നുകൂടുകയും അങ്ങനെ ഞാൻ യുക്തിവാദത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു.

തൊടുപുഴ വിട്ട് എറണാകുളത്ത് പഠനം തുടരവേ 1984–ൽ പെട്ടെന്നൊരുനിമിഷം എന്റെ ജീവിതം തകർക്കപ്പെട്ടു. കണക്കുകൂട്ടലുകൾ ആകെ തെറ്റി. എന്റെ കൈകാലുകളും നാക്കും പെട്ടെന്ന് തളർന്നുപോയി. ശരീരം ശോഷിച്ചു. തലച്ചോറ്, ഹൃദയം, വൃക്ക എന്നിവ തകരാറിലായി. മലമൂത്ര വിസർജ്ജനം നടത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടിവന്നു. ആരും കണ്ടാൽ അറയ്ക്കത്തക്കവിധം ഞാൻ വിരൂപനായി മാറി. ഞാൻ എന്നെക്കുറിച്ച് എന്തൊക്കെയോ കണക്കുകൂട്ടിവച്ചിരുന്നു. കായികശേഷിയിലും ബുദ്ധിയിലും കഴിവിലും ഞാൻ അഭിമാനിച്ചിരുന്നു. എല്ലാം തകർന്നുതരിപ്പണമായി. എനിക്കു നിയന്ത്രിക്കാനാവാത്തതാണ് ജീവിതത്തിലെ അനുഭവങ്ങൾ എന്നെനിക്കു ബോദ്ധ്യമായി. അലോപ്പതി, ഹോമിയോ, ആയുർവേദ ചികിത്സകൾക്കു ഞാൻ വിധേയനായി. പക്ഷെ, പ്രസ്തുത ചികിത്സാവിധികൾ എന്റെ ശരീരത്തിന്റെ മുമ്പിൽ പരാജയപ്പെട്ടു പിന്മാറി. ആധുനിക മെഡിക്കൽ സയൻസിന്റെ പരിമിതികളും നിസ്സഹായതയും ഞാൻ നേരിൽ കണ്ടു. എല്ലാവരും എന്നെ പുറംതള്ളി. നിസ്സഹായനായി, നിരാശനായി ഞാൻ തളർന്നുകിടന്നു. അപ്പോൾ മാത്രമാണ് യുക്തിചിന്തയുടെ അർത്ഥശൂന്യത ബോദ്ധ്യമായത്. ജീവിതപ്രശ്നങ്ങൾക്ക് യുക്തിവാദം പരിഹാരമല്ല.

രോഗക്കിടക്കയിൽക്കിടന്ന് ജീവിതത്തെക്കുറിച്ച് ഞാൻ ആലോചിച്ചു തുടങ്ങി. എന്താണ് ജീവിതം? എന്തിനാണീ ജീവിതം? ഇങ്ങനെ നൂറുകൂട്ടം ചോദ്യങ്ങൾ. ഈ ചോദ്യ

ങ്ങൾക്ക് എങ്ങുനിന്നും ഒരു മറുപടി ലഭിച്ചില്ല. എന്തിനും അവസാനത്തെ വിധി പറയുവാൻ ശാസ്ത്രത്തിന് കഴിയും എന്നത് ഒരു മിഥ്യാധാരണ മാത്രമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. എന്തിനേയും ചോദ്യംചെയ്യുക, നിഷേധിക്കുക എന്നതും യാഥാർത്ഥ്യം കണ്ടെത്തുന്നതിന് സഹായകമായ മാർഗ്ഗമല്ലെന്നും എനിക്കു ബോദ്ധ്യമായി. ഇങ്ങനെയാണ് ഞാൻ വിശ്വാസത്തിന്റെ വഴിതേടിയത്. മതഗ്രന്ഥങ്ങളിൽ പരസ്പരവിരുദ്ധമായ ആശയങ്ങൾ ഉണ്ടെന്ന് എനിക്കറിയാമായിരുന്നു. മതഗ്രന്ഥങ്ങളിലെ ആശയങ്ങൾ സ്വീകാര്യമായി തോന്നുകയില്ല. എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം അവയ്ക്ക് അതീതമാണെന്ന് എനിക്ക് ബോദ്ധ്യമായി. ആ സത്യം ഗ്രഹിക്കുവാൻ ഒരവസരം എനിക്കുകിട്ടി. പലരും എന്റെ രോഗക്കിടക്കയ്ക്കരികിൽ നിന്ന് എനിക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ നാളുകളിൽ ദൈവം എന്റെ ശരീരത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ബലഹീനമായ ശരീരഭാഗങ്ങളിൽ ദൈവശക്തി വ്യാപരിക്കുന്നത് ഞാൻ അറിഞ്ഞു. എന്റെ രോഗബന്ധനങ്ങൾ നീങ്ങിത്തുടങ്ങി. ഒരു ദൈവമുണ്ട് ആ ദൈവം ജീവിക്കുന്നു! ദൈവം പ്രവർത്തിക്കുന്നു എന്നത് ഞാൻ വിശ്വസിക്കുക മാത്രമല്ല; അനുഭവിച്ച് അറിയുകയായിരുന്നു. ദൈവത്തെ കൂടാതെ യുവത്വത്തിന്റെ ലഹരിയിൽ, സ്വന്തശക്തിയിലും കഴിവിലും ആശ്രയിച്ച്, ദൈവത്തെ നിഷേധിച്ച്, വിശ്വാസികളെ വിമർശിച്ച്, ഈ ലോകത്തോട് ഇഴുകി ഓടിയപ്പോൾ; ദൈവം എന്നെ സന്ദർശിച്ചു.അത് എന്റെ ശരീരത്തിൽ ഞാൻ അറിഞ്ഞു. നാട്ടിൽ കോളിളക്കം സൃഷ്ടിച്ച എന്റെ രോഗം–ദൈവത്തെ അറിയുവാൻ ഒരു മാർഗ്ഗമായിത്തീർന്നു. എന്നോടുള്ള ദൈവസ്നേഹം, ദൈവപുത്രനായ യേശുക്രിസ്തുവിലൂടെ ഞാൻ മനസ്സിലാക്കി. ദൈവം ഒരുക്കിയ രക്ഷ സ്വീകരിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു.

ക്രിസ്തു എന്റെ രക്ഷകനാകയാൽ ഇന്ന് എന്റെ ജീവിതം അർത്ഥമുള്ളതായി തീർന്നിരിക്കുന്നു. പഴയതെല്ലാം കഴിഞ്ഞു; സകലവും പുതുതായി തീർന്നിരിക്കുന്നു. ഞാൻ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായിത്തീർന്നിരിക്കുന്നു. ഇപ്പോൾ എന്റെ കാലിന് സ്വാധീനമില്ല–നടക്കാൻ കഴിയില്ലായെന്നത് യാഥാർത്ഥ്യമാണെങ്കിലും പ്രതിബന്ധങ്ങളുടെ നടുവിൽ എനിക്കു ലഭിച്ച ദൈവകൃപ എന്നെ ശക്തനാക്കുന്നു. പുതിയ ബലം എനിക്കു ലഭിച്ചു. പുതിയ ദർശനവും. കൂടുതൽ ഉന്മേഷത്തോടെ ഇന്നെനിക്കു പ്രവർത്തിക്കുവാൻ കഴിയുന്നു. പ്രൈവറ്റായി പല കോഴ്സുകളും പഠിക്കുവാൻ ദൈവം കൃപ തന്നു. മാനേജ്മെന്റ് ഡിപ്ലോമാ കോഴ്സ് 80% മാർക്കോടെ പാസ്സായി. ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെ എം.എ. പഠനം പൂർത്തിയാക്കി. സ്വതന്ത്ര പഠനത്തിലൂടെ നിരവധി ദൈവശാസ്ത്ര ബിരുദങ്ങൾ കരസ്ഥമാക്കുവാൻ ദൈവം സഹായിച്ചു.

പാപം, മരണാനന്തജീവിതം തുടങ്ങിയ വിഷയങ്ങളിൽ തികച്ചും ശാസ്ത്രീയമായി തയ്യാറാക്കിയിരിക്കുന്ന തീസിസിന് വിദേശരാജ്യങ്ങളിൽ നിന്നുപോലും നല്ല പ്രതികരണം ലഭിച്ചുകൊണ്ടിരിക്കുന്നു. അനേകരെ മാനസാന്തരത്തിലേക്ക് വഴിനടത്തിയ എട്ട് പുസ്തകങ്ങളും പതിനൊന്ന് പ്രസംഗ കാസറ്റുകളും പുറത്തിറക്കുവാൻ സർവ്വശക്തൻ സഹായിച്ചു. അതോടൊപ്പം ഏതാനും സംഗീത കാസറ്റുകളും വിവിധവിഷയങ്ങളിൽ 30 ട്രാക്റ്റുകളും പുറത്തിറക്കി. ഇതിലൂടെ സത്യം കണ്ടെത്തിയവരുടെ സാക്ഷ്യങ്ങളാണ് പ്രതികൂലങ്ങളുടെ മധ്യത്തിലും സുവിശേഷം വിളിച്ചറിയിക്കുവാൻ എനിക്കു പ്രേരണ നൽകുന്നത്. വേദാഭിമാനിയെന്ന പത്രത്തിലൂടെ കഴിഞ്ഞ 12 വർഷമായി സത്യം മാത്രം വിളിച്ചറിയിച്ചതുകൊണ്ട് ഏറെ കഷ്ടനഷ്ടങ്ങൾ ഉണ്ടായി എങ്കിലും അതിലൂടെ സത്യത്തിനു സാക്ഷികളാ

കുവാൻ ഇന്നനേകർ തയ്യാറാകുന്നതു കാണുമ്പോൾ ഏറെ സന്തോഷം തോന്നുന്നു.

തലച്ചോറു പഴുത്ത്, ശരീരമാകെ തളർന്ന് ജീവിതമാകെ തകർക്കപ്പെട്ട ഒരു മനുഷ്യനെ ദൈവം എത്രത്തോളം ബലപ്പെടുത്തി എന്നു പറയുവാനാണ് ഇത്രയും കാര്യങ്ങൾ വിശദീകരിച്ചത്. ഹീനപാത്രത്തെ മാനപാത്രമാക്കുവാൻ; മനുഷ്യൻ തള്ളിക്കളഞ്ഞതിനെ ശ്രേഷ്ഠമാക്കുവാൻ എന്റെ യേശുവിന് കഴിയുമെന്ന് ഏറിയ ഉറപ്പോടെ അനുഭവത്തിൽ നിന്ന് പറയുവാനെനിക്കു സാധിക്കും. തകർന്ന ജീവിതത്തെ ഉദ്ധരിക്കുവാൻ ജീവിതത്തിന് അർത്ഥം നല്കി വിജയത്തിലെത്തിക്കുവാൻ യേശുവിന് മാത്രമേ സാധിക്കൂ.

ഇന്ന് എന്റെ ലക്ഷ്യം ഞാൻ അനുഭവിച്ചറിയുന്ന ക്രിസ്തുവിനെ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കുക എന്നുള്ളതാണ്. ക്രിസ്തു എന്റെ പ്രശ്നങ്ങൾക്കു പരിഹാരകനാണ്, ക്രിസ്തു എന്നിൽ വലിയവ ചെയ്തിരിക്കുന്നു. താങ്കൾ ഈ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചിട്ടുണ്ടോ? താങ്കളുടെ ജീവിതത്തിൽ ക്രിസ്തു ഉണ്ടോ? ക്രിസ്തുവിനോടൊപ്പം ജീവിതത്തെ അർത്ഥമുള്ളതും വിജയകരവുമാക്കി മാറ്റുക.

***കുതിച്ചോടിയ ഞാൻ കിതച്ചു വീണു. ഉയരങ്ങൾ താണ്ടിയ ഞാൻ നിലംപതിച്ചു. ആനന്ദിച്ചാർത്ത ഞാൻ അലറി കരഞ്ഞു. നൃത്തമാടിയ ഞാൻ ചലനമറ്റ് ചത്ത നായെപ്പോലെ. കൈകളിൽ ഏന്തി നടന്നവർ എന്നെ കുപ്പത്തൊട്ടിയിൽ എറിഞ്ഞു. കരഞ്ഞുതളർന്നപ്പോൾ കണ്ണീർ തുടച്ച യേശു കരതലത്തിൽ എന്നെ താങ്ങി. അവർ എന്നെ താഴ്ത്തി. യേശു എന്നെ ഉയർത്തി. പ്രാണൻ നഷ്ടപ്പെട്ട എനിക്ക് പ്രാണനായകൻ ജീവൻ നൽകി. എന്റെ യേശു എന്നെ രക്ഷിച്ചു. എന്നെ രക്ഷിച്ച യേശു നിങ്ങളെയും രക്ഷിക്കും.***

# 22

# ദൈവമില്ലാത്ത ജീവിതം

**1970**–കളുടെ തുടക്കം. ജോർജ് ബെസ്റ്റിന്റെ ഹോട്ടൽ മുറി. പ്രഭാത ഭക്ഷണവുമായി മുറിയിലേക്കു കടന്നുവന്ന ചെറുപ്പക്കാരനായ റൂംബോയ് അമ്പരന്നുപോയി.

കിടക്കയിൽ അർദ്ധനഗ്നനായി ലഹരി നുകർന്നു കൊണ്ട് ജെോർജ് ബെസ്റ്റ്. തൊട്ടരികിൽ അക്കൊല്ലത്തെ ലോകസുന്ദരി. തലേന്ന് രാത്രി നിശാക്ലബിൽ പന്തയം വെച്ചും ചൂതാട്ടം നടത്തിയും കിട്ടിയ നോട്ടുകൾ കിടക്കയിലും തറയിലുമായി ചിതറിക്കിടക്കുന്നു. കൂമ്പിയടഞ്ഞ മിഴികളോടെ വിറയാർന്ന കൈകളാൽ ഒഴിഞ്ഞ മദ്യചഷകം നിറയ്ക്കുന്ന ബെസ്റ്റിനെ നോക്കി ആ യുവാവ് അന്ധാളിപ്പോടെ തെല്ലു നിരാശകലർന്ന ശബ്ദത്തിൽ ചോദിച്ചു:

“ബെസ്റ്റ്, എവിടെയാണ് എല്ലാം പിഴച്ചു പോയത്?”

ബെസ്റ്റ് നീണ്ട മൗനത്തിലാണ്ടു.

മൂന്നു ദശകങ്ങൾക്കു ശേഷവും ഫുട്ബോൾ ലോകം ഈ ചോദ്യം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

1946 മെയ് 27–ന് വടക്കൻ അയർലൻഡിലെ പ്രൊട്ടസ്റ്റന്റ് കുടുംബത്തിൽ പിറന്ന ബെസ്റ്റിന് സ്കൂളിലേക്കും തിരിച്ചുമുള്ള യാത്രകളിൽ പന്തുതട്ടിക്കളിച്ച ഒരു ബാല്യം ഉണ്ടായിരുന്നു. കിഴക്കൻ ബെൽഫാസ്റ്റിലെ തെരുവുകളിൽ

ടെന്നീസ് ബോൾ തട്ടി വളർന്ന കൊച്ചു ബെസ്റ്റ്, ഡ്രിബ്ലിംഗ് എന്ന സുന്ദരകല വശത്താക്കിയത് ഈ യാത്രകൾക്കിടയിലാണ്.

ബെൽഫാസ്റ്റിൽ വെച്ച് ബെസ്റ്റിന്റെ കളികണ്ട മാഞ്ചസ്റ്റർ പ്രതിനിധി ക്ലബിനയച്ച സന്ദേശം 'ഞാനൊരു ജീനിയസി' നെ കണ്ടെത്തിയെന്നായിരുന്നു. പതിനഞ്ചാം വയസിൽ ജൂനിയർ ടീമിലെത്തിയ ബെസ്റ്റ് പതിനേഴാം വയസിൽ മാഞ്ചസ്റ്ററിനുവേണ്ടി കളിക്കാനിറങ്ങി. കോച്ച് മാറ്റ് ബസ്ബിയുടെ ശിക്ഷണത്തിൽ കണ്ണടച്ചുതുറക്കുംപോലെ ആയിരുന്നു വളർച്ച. 20-ാം വയസിൽ ആഴ്ചതോറും ആയിരം പൗണ്ട് പ്രതിഫലം പറ്റുന്ന താരമായി ബെസ്റ്റ് മാറി. ക്ലബിലെത്തി ബെസ്റ്റ് രണ്ടുവർഷത്തിനുള്ളിൽ മാഞ്ചസ്റ്ററിനെ പ്രീമിയർ ലീഗ് ചാമ്പ്യന്മാരാക്കി.

പോർചുഗീസ് ചാമ്പ്യൻ ക്ലബ്ബായ ബെനഫിക്കയുമായുള്ള അക്കാലത്തെ മാഞ്ചസ്റ്ററിന്റെ മത്സരങ്ങൾ യൂറോപ്യൻ സോക്കറിലെ ക്ലാസിക് പോരാട്ടങ്ങളായിരുന്നു. ബെസ്റ്റിന്റെ ഗോളടി മികവിൽ 'യൂറോപ്പിലെ പെലെ' യൂസേബിയോ അണിനിരന്ന ബെനഫിക്കയെ പലകുറി മാഞ്ചസ്റ്റർ തോൽപ്പിച്ചു വിട്ടു. 66-ലെ യൂറോപ്യൻ കപ്പിൽ ആദ്യ പത്തുമിനിറ്റിനുള്ളിൽ നേടിയ രണ്ടു ഗോളുകൾ ഉൾപ്പടെ ഹാട്രിക്കുമായി ബെസ്റ്റ് ബെനഫിക്കയുടെ ചിറകരിഞ്ഞു.

ഏതാണ്ട് ഈ കാലത്തു തന്നെ ബെസ്റ്റിന്റെ കരിയറിന്റെ പതനവും തുടങ്ങിയിരുന്നു. മദ്യാസക്തയായ മാതാവിന്റെ പാരമ്പര്യം അതേപടി പകർന്നുകിട്ടിയ ബെസ്റ്റ് പോകുന്നിടത്തെല്ലാം ആഘോഷത്തിലാറാടി. എല്ലായ്പ്പോഴും വട്ടമിട്ട് പെൺപട. ഒപ്പം സ്വകാര്യ ജീവിതത്തിലെ പഴുതുകൾ തേടുന്ന പാപ്പരാസിക്കൂട്ടവും. ബെസ്റ്റിന്റെ ലീലാവിലാസങ്ങൾ വൻ പ്രാധാന്യത്തോടെ ദിനംപ്രതി മാധ്യമങ്ങളിൽ നിറഞ്ഞു.

സമയത്ത് പരിശീലനത്തിനെത്താത്ത ബെസ്റ്റ് പരിശീലകർക്ക് തലവേദനയായി. എഫ്.എ. കപ്പ് ഫൈനലിന് മണിക്കൂറുകൾക്കു മുമ്പ് ഡ്രസിംഗ് റൂമിൽ നിന്ന് ഒരു സ്ത്രീയോടൊപ്പം കൈയോടെ പിടികൂടിയ ബെസ്റ്റിനെ ടീമിൽ നിന്ന് പുറത്താക്കി. മൈതാനത്തിനു പുറത്ത് അടിപിടിയും മദ്യപിച്ച് അമിത വേഗത്തിൽ കാറോടിച്ചതും അടക്കം നിരവധിക്കേസുകൾ ബെസ്റ്റിനെ അലട്ടി. ലോക ഫുട്ബോൾ മത്സരത്തിനിടയിൽ അടിയുണ്ടാക്കിയതിന് സസ്പെൻഷനും കിട്ടി.

മാഞ്ചസ്റ്ററിലൂടെ തിരിച്ചുവരവിന് ശ്രമിച്ചുവെങ്കിലും കുത്തഴിഞ്ഞ ജീവിതം ബെസ്റ്റിനെ പതുക്കെ പിന്നോട്ടു വലിച്ചുകൊണ്ടിരുന്നു. വൈകാതെ മാഞ്ചസ്റ്റർ തങ്ങളുടെ എക്കാലത്തെയും വലിയ താരത്തിന് നല്ല സമ്മാനം നൽകി – പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവ്.

ലക്ഷങ്ങൾ പ്രതിഫലം പറ്റിയിരുന്ന സൂപ്പർതാരത്തിന് ഒടുവിൽ ഒരു വീട് സ്വന്തമാക്കാൻ തനിക്കു കിട്ടിയ യൂറോപ്യൻ ഫുട്ബോളർ അവാർഡ് പോലും വിൽക്കേണ്ടി വന്നു. തുടർച്ചയായ മദ്യപാനം ബെസ്റ്റിന്റെ കരളിനെ ബാധിച്ചിരുന്നു. 2002–ൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായി. ഇനി ഒരു തുള്ളി മദ്യം കുടിച്ചാൽ ബെസ്റ്റ് മരിച്ചുപോകുമെന്ന് ഡോക്ടർമാർ വിധിയെഴുതി. കുടിക്കില്ലെന്ന് ബെസ്റ്റും ആണയിട്ടു. എന്നാൽ ഒരു വർഷം കഴിയും മുമ്പ് പൊതുവേദികളിൽ പരസ്യമായി മദ്യപിച്ച് ലക്കുകെട്ട് ബെസ്റ്റ് പ്രത്യക്ഷപ്പെട്ടു. രണ്ടാം ഭാര്യ അലക്സിയുമായുള്ള ദാമ്പത്യം വിവാഹമോചനത്തിലെത്തിയതോടെ ബെസ്റ്റ് ജീവിതത്തിലും ഒറ്റപ്പെട്ടു.

അപ്പോഴേക്ക് പുതിയ തലമുറയ്ക്ക് അദ്ദേഹം ഏറെക്കുറെ അപരിചിതനായിക്കഴിഞ്ഞിരുന്നു. താൻ കണ്ട

ഏറ്റവും മഹാനായ കളിക്കാരനെന്ന് ഫുട്ബോൾ രാജാവ് പെലെ ഒരിക്കൽ ബെസ്റ്റിനെ വാഴ്ത്തി. ഡ്രിബ്ളിംഗിൽ ഗരിഞ്ചയും സ്വാഭാവിക പ്രതിഭ എന്ന നിലയിൽ മറഡോണയും മാത്രമെ ലോകഫുട്ബോളിൽ ബെസ്റ്റിനു തുല്യരായുള്ളു എന്നും പണ്ഡിതർ വിലയിരുത്തുന്നു.

എല്ലാം കഴിയുമ്പോഴും പഴയ ഹോട്ടൽ ബോയിയുടെ ചോദ്യം അവശേഷിക്കുന്നു: "എവിടെയാണ് ബെസ്റ്റിന് എല്ലാം പിഴച്ചു പോയത്?" ജീവിതത്തിൽ ദൈവം ഇല്ലാതെ പോയതാണ് തന്റെ തകർച്ചയ്ക്ക് കാരണമെന്ന് വ്യസനത്തോടെ ബെസ്റ്റ് ഒരിക്കൽ പറഞ്ഞു.

കാറ്റിനെ പിടിക്കാൻ ശ്രമിക്കുന്നതുപോലെ ഭൗതീക സുഖങ്ങൾക്കു പിന്നാലെയുള്ള പരക്കം പാച്ചിലിൽ നാം ഈ സത്യത്തെക്കുറിച്ച് ചിന്തിക്കുന്നതേയില്ല. വാസ്തവമല്ലാത്തതിനെ വാസ്തവം എന്ന് തോന്നിപ്പിക്കുന്നതും വാസ്തവത്തെ മറച്ചു വയ്ക്കുന്നതും, ബുദ്ധിക്ക് പൊരുത്തക്കേടുണ്ടാക്കുന്നതും, ആത്മാവിനെ വഞ്ചിക്കുന്നതുമായ അനുഭവങ്ങൾ സൃഷ്ടിക്കുന്നതാണ് "മായ" എന്ന പ്രതിഭാസം. ജീവിതകാലം മുഴുവൻ മനുഷ്യൻ ഈ മായയ്ക്കു പിന്നാലെയാണ്. മരണത്തോടെ സത്യം തിരിച്ചറിയുമെങ്കിലും തിരുത്താനുള്ള സമയം പിന്നെ ലഭിക്കുന്നില്ലല്ലോ. ദുഃഖപൂർണ്ണമായ വിനാശത്തിൽ മനുഷ്യനെ എടുത്തെറിയുന്ന മായയിൽ നിന്ന് മുക്തരാകുന്നില്ലെങ്കിൽ നിത്യനാശമായിരിക്കും ഫലം. അതിനുള്ള പരിശ്രമങ്ങൾ ഇപ്പോഴേ ഉണ്ടാകേണ്ടിയിരിക്കുന്നു. അതൊക്കെ പിന്നീടാകാം എന്നു കരുതുന്നെങ്കിൽ തെറ്റി. കാരണം ജീവിതം എപ്പോൾ അവസാനിക്കും എന്ന് നാം അറിയുന്നില്ലല്ലോ.

അനിവാര്യമായ സത്യം-മരണം. അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. യാതൊരു ഗ്യാരന്റിയുമില്ലാത്ത ഒന്നാണ് മനുഷ്യജീവൻ.

മരണംകൊണ്ട് ഈ ജീവിതം അവസാനിക്കുന്നില്ല. അത് മറ്റൊരു ജീവിതത്തിന്റെ തുടക്കമാണെന്ന് മതവും ശാസ്ത്രവും ഒരുപോലെ പറയുന്നു. അതുകൊണ്ടാണ് ഭൗതീക ജീവിതത്തെക്കാൾ ആത്മീയ ജീവന് പ്രാധാന്യം നൽകേണ്ടതുണ്ട് എന്ന് പറയുന്നത്. പക്ഷിക്കൂടല്ല പ്രധാനം, പക്ഷിയാണ്. പക്ഷിക്കൂടിന് ഭംഗി വരുത്തി കാലം കഴിച്ചാൽ പക്ഷി ചത്തുപോകും. പകൽ എന്ന് പറയുമ്പോൾ രാത്രി കൂടെയുണ്ട്. തണുപ്പെന്നാൽ ചൂടും ഉണ്ട്. ഇതുപോലെ മരണവും മരണാനന്തര ജീവിതവും; ഭൗതീക ജീവിതവും അഭൗതീക ജീവിതവും യാഥാർത്ഥ്യങ്ങളാണ്. ഒന്നിലൂടെ മറ്റൊന്നിന്റെ അനുഭവത്തെ തിരിച്ചറിയാൻ കഴിയണം. ആദ്ധ്യാത്മിക ജീവിതത്തിന് പ്രാധാന്യം നൽകണം എന്നു പറയുന്നതിന്റെ കാരണം അതാണ്.

ഭൗതീക ലോകത്തോട് മുഖം തിരിച്ചു നിൽക്കുക എന്നിതിനർത്ഥമില്ല. യഥാർത്ഥത്തിൽ നശ്വരമായ ശരീരവും അനശ്വരമായ ആത്മാവും എന്നതിൽ ഏതിനാണ് പ്രാധാന്യം നൽകേണ്ടത് എന്നതിനെക്കുറിച്ചുള്ള യഥാർത്ഥ അറിവ് ഉണ്ടാകുകയെന്നതാണ് അതിപ്രധാനമായ കാര്യം. സത്യം അന്വേഷിക്കുക, കണ്ടെത്തുക, അനുഭവിക്കുക എന്നുള്ളതായിരിക്കണം ആത്മീയത.

ഭൗതീക ശരീരത്തിന് ആഹാരം വേണ്ടതുപോലെ ആത്മാവിനുവേണ്ടുന്ന ആഹാരം കണ്ടെത്തുകയും അതു നൽകുകയും വേണം. മതഗ്രന്ഥങ്ങൾ പരിശോധിച്ചാൽ അതു കണ്ടെത്താനുള്ള വഴികൾ കണ്ടേക്കാം. എന്നാൽ ആ വഴികളിലൂടെയുള്ള അന്വേഷണം എങ്ങുമെത്താതെ അവസാനിപ്പിക്കേണ്ടിവന്നേക്കാം. നിരാശപ്പെടേണ്ടതില്ല. കാരണം; ആത്മാവിനുവേണ്ട ആഹാരം – ജീവൻ നൽകാമെന്ന് യേശുക്രിസ്തു വാഗ്ദാനം ചെയ്തിട്ടുണ്ട്. ജീവൻ നൽകാമെന്നു പറഞ്ഞ യേശുവിൽ സത്യം കണ്ടെത്തുക. നശിച്ചുപോകാതെ ജീവൻ പ്രാപിക്കുക.

# 23

# യേശുക്രിസ്തു ആത്മസ്നേഹിതൻ

മനസറിയാനും മനസറിഞ്ഞ് സ്നേഹിക്കാനും ഒരു സുഹൃത്ത്. അങ്ങനെയൊരു സുഹൃത്തിനെയാണല്ലോ ഏതൊരാളും ജീവിതത്തിൽ ഏറെ വിലമതിക്കുന്നത്. ഒരു കടലിനോളം ആഴമുണ്ട് ഉറ്റ സുഹൃത്തിന്റെ മനസിന്. പുറത്തറിയാതെ, പുറത്തറിഞ്ഞാൽ വിസ്ഫോടനങ്ങൾ ഉണ്ടായേക്കാവുന്ന എത്രയോ രഹസ്യങ്ങൾ സുഹൃത്തിന്റെ മനസിൽ ആഴത്തിൽ ഒളിഞ്ഞു കിടക്കുന്നു. മനസു തളരുമ്പോൾ നമുക്ക് തലചായിക്കാൻ ഒരു തോളിന്റെ ആശ്വാസം ചെറുതൊന്നുമല്ല. ഒരു സൗഹൃദം രണ്ടു പേർക്കിടയിൽ വീണ് ഊഷ്മളമാകേണ്ടതാണ്. നിങ്ങൾക്ക് ആശ്വാസവും സാന്ത്വനവുമാകുന്ന സുഹൃത്ത് പ്രശ്നങ്ങളുടെ ചുഴിയിലാകുമ്പോൾ ആശ്വാസത്തിന് മറ്റൊരാളെ തേടേണ്ടിവരുന്നുണ്ടോ. സ്വയം ചോദിച്ചു നോക്കൂ. ഞാൻ ഒരു നല്ല സുഹൃത്താണോ. എനിക്ക് വേണ്ടത് ഒരു നല്ല സുഹൃത്തിനെ തന്നെയാണോ?

നോക്കൂ! ഒരു സുഹൃത്തിനെ നമുക്ക് എവിടെ നിന്നും കിട്ടും. ഏതൊരാൾക്കും ഒന്നിൽ കൂടുതൽ സുഹൃത്തുക്കൾ

ഉണ്ടാകും. അവരോടെല്ലാം നമ്മുടെയെല്ലാകാര്യങ്ങളും പറയാറുണ്ടോ? ഇല്ല. അങ്ങനെ എന്തും പറയാവുന്ന ഒരാളേ ഉണ്ടാകൂ. പല സൗഹൃദങ്ങളും ആരംഭത്തിൽ ഊഷ്മളമാണെങ്കിലും പിന്നീട് അത് പെട്ടെന്ന് വേർപിരിയലിന്റെ വക്കത്തെത്തുന്നു. പലപ്പോഴും സുഹൃത്തിനെ തെരഞ്ഞെടുക്കുമ്പോൾത്തന്നെ ശ്രദ്ധിച്ചാൽ ഒരു വേർപിരിയലിന്റെ ആവശ്യം വരില്ല.

ഒരാളെയും ആദ്യത്തെ കാഴ്ചയിലോ, സംസാരത്തിലോ മനസിലാക്കാനാവില്ല. അയാൾക്ക് സംസാരിക്കാൻ കൂടുതൽ അവസരം നൽകുക. ഏതാനും ദിവസത്തെ ഇടപഴകൽ കൊണ്ട് ഒരുവിധം നിങ്ങൾക്കയാളെ തിരിച്ചറിയാൻ കഴിയും. ജോലിയോ, കുടുംബമഹിമയോ, പണമോ ഒന്നും ഒരാളുടെ വ്യക്തിത്വത്തിന്റെ മാനദണ്ഡമല്ലായെന്ന് അറിഞ്ഞിരിക്കണം. നല്ല പെരുമാറ്റം, വിശ്വസ്തത, സത്യസന്ധത എന്നിവയുണ്ടെങ്കിൽ നമുക്ക് അയാളെ സുഹൃത്താക്കാൻ കഴിയും.

ഇവൻ (ഇവൾ)എനിക്കാരാണ്. വെറും ഒരു സുഹൃത്ത് മാത്രമോ? വല്ലപ്പോഴും ഈ ചോദ്യം സ്വയം ചോദിക്കുക. ഉത്തരം ഇനി പറയുന്നതൊക്കെ ആയിരിക്കാം. വിഷമങ്ങൾ വരുമ്പോൾ ഓടിചെല്ലാൻ ഒരിടം... തീരുമാനങ്ങൾ എടുക്കാൻ കഴിയാത്തപ്പോൾ നിർദ്ദേശങ്ങൾ തരാൻ ഒരാൾ... പ്രതിസന്ധിയിൽ ഒരു കൈ സഹായം... മേൽ പറഞ്ഞതെല്ലാം നമ്മുടെ ആവശ്യങ്ങളാണ്.

ആശ്രയം ഏതൊരാൾക്കും ആവശ്യമാണ്. സുഹൃത്തിന്റെ പ്രശ്നങ്ങളിൽ അയാൾക്ക് താങ്ങായി നിൽക്കാനും ധൈര്യം പകരാനുമുള്ള മനസ് ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ഒരു സുഹൃത്താകാൻ കഴിയൂ. ഒറ്റപ്പെടലും പ്രതിസന്ധികളും നേരിടുമ്പോഴൊക്കെ ഒന്ന് കേൾക്കാൻ

ആരെങ്കിലുമുണ്ടായിരുന്നെങ്കിൽ എന്ന് തോന്നിയിട്ടില്ലേ. നിങ്ങളെപ്പോലെ സുഹൃത്തും അതൊക്കെ ആഗ്രഹിക്കുന്നുണ്ട് എന്നറിയുക. പരസ്പരം അറിയുകയും പ്രശ്നങ്ങളിൽ തണലാവും എന്ന തോന്നൽ ഉണ്ടാക്കുകയും ചെയ്യുന്നത് സൗഹൃദത്തെ ദൃഢമാക്കും.

ദുരന്തങ്ങൾ ഒരു നിമിഷംകൊണ്ട് ജീവിതത്തെ തകിടം മറിച്ചേക്കാം. ഇവിടെ തണലാകുവാൻ ഒരു സുഹൃത്തിന് കഴിയുമോ? ഉല്ലാസത്തിന്റെ നാളുകളിൽ നിങ്ങളോടൊപ്പം അയാൾ ഉണ്ടായിരുന്നു. എന്നാൽ നിസ്സഹായാവസ്ഥയിൽ ഒറ്റപ്പെടലിന്റെ വേദനയിൽ ഉപേക്ഷിച്ചുപോകുകയോ പുതിയ സൗഹൃദങ്ങൾ തേടുകയോ ചെയ്യുന്ന ക്രൂരമായ അവസ്ഥയല്ലേ ഇന്ന് കാണാൻ കഴിയുന്നത്. ഒരുപക്ഷെ ആരും കയറി വരാനിടയില്ലാത്ത വീട്ടിൽ ഏകാന്തതയിൽ നിസ്സഹായതയുടെ നിലവിളിയിൽ ഒന്നാശ്വസിപ്പിക്കാൻ, കണ്ണീർ തുടയ്ക്കുവാൻ ഒരു സുഹൃത്തിനെ തേടുകയാണോ നിങ്ങൾ?

സുഹൃത്തിന് നിങ്ങളിലുള്ള വിശ്വാസം എത്ര ദൃഢമാണോ അതു നിങ്ങളുടെ ബന്ധത്തെ ബലവത്താക്കും. മോഹിപ്പിക്കുന്ന വാക്കുകളും ഉറപ്പുകളും നിമിഷങ്ങൾ സുന്ദരമാക്കാൻ മാത്രമേ ഉപകരിക്കൂ. അതിനാൽ വെറും വാക്കുകളിൽ വിശ്വാസമർപ്പിക്കരുത്. മനസുകൾക്കിടയ്ക്ക് മറയില്ലാതിരിക്കുമ്പോഴാണ് ബന്ധങ്ങൾക്ക് ആഴം കൂടുന്നത്. എല്ലാം തുറന്നു പറയുവാൻ നമുക്ക് കഴിയുമോ? ഏതു പ്രശ്നവും സുഹൃത്തിന്റെ മനസിൽ സുരക്ഷിതമായിരിക്കും എന്ന തോന്നലിൽ നിന്നാണ് തുറന്നു പറച്ചിൽ ഉണ്ടാകുന്നത്. എന്നാൽ വിശ്വസിച്ച് പറഞ്ഞ കാര്യം മറ്റൊരു സൗഹൃദ സംഘത്തിൽ തുറന്നു വായിക്കുന്ന സുഹൃത്തിനെ എങ്ങനെ വിശ്വസിക്കാനാകും? നമ്മുടെ

വിശ്വാസത്തെ ചവിട്ടി അരയ്ക്കുന്ന ഒരുവനെ എങ്ങനെ സുഹൃത്താക്കാൻ കഴിയും?

സ്നേഹത്തിന്റെ പ്രതിഫലനമാണ് ഓർത്തുവയ്ക്കലും കരുതലും. ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന വ്യക്തി നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധയുള്ള ആളാണ് എന്നറിയുന്ന ഓരോ നിമിഷവും സന്തോഷം ഇരട്ടിക്കുന്ന അനുഭവമാണ് നൽകുന്നത്. ഇത് കമിതാക്കൾ തമ്മിലോ, ദമ്പതിമാർ തമ്മിലോ, രക്തബന്ധമുള്ളവർ തമ്മിലോ മാത്രമാണെന്ന ധാരണ തിരുത്തേണ്ടിയിരിക്കുന്നു. ഈ ബന്ധങ്ങളെല്ലാം നൈമിഷികമാണ്.

നാം നോക്കിക്കാണുന്ന ഈ ബന്ധങ്ങളേക്കാൾ ഊഷ്മളമായി നിലനിൽക്കുന്ന സ്നേഹസൗഹൃദങ്ങൾ ഉണ്ടെന്നുള്ളത് നിങ്ങൾക്കറിയാമോ? സ്നേഹിക്കാൻ മറന്നുപോയവർക്ക്; അത് ലഭിക്കാതെ പോയവർക്ക് മുന്നിൽ സ്നേഹം ഒരാൾ രൂപമായി പ്രത്യക്ഷപ്പെട്ടാൽ എങ്ങനെയിരിക്കും എന്ന് ചിന്തിച്ചിട്ടുണ്ടോ?

എന്തിനും ബദലുകളെ തേടുന്ന മനുഷ്യന്, സ്നേഹമെന്ന വിലമതിക്കാനാവാത്ത വികാരത്തിന് പകരം വയ്ക്കാൻ ഇനിയുമായിട്ടില്ല. അതാവുകയുമില്ല. അതുതന്നെയാണ് എന്തിനേക്കാളുപരി സ്നേഹത്തിന് വലിയ മഹത്വം കല്പിച്ചു നൽകുന്നത്. സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും ഇളംകാറ്റേറ്റ് ജീവിതം വർണ്ണാഭമാക്കിയ ആയിരങ്ങൾ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നുവെന്ന് നിങ്ങൾക്കറിയാമോ? ആഗ്രഹങ്ങളുടെ അതിരുകൾ സ്നേഹം നിറച്ച ഒരു പുഞ്ചിരിയോളം പരിമിതപ്പെടുത്തിയ ശേഷവും അതുപോലും കിട്ടാക്കനിയായി കണ്ണീരോടെ ജീവിക്കുന്ന ഒരുവനാണോ നിങ്ങൾ? എങ്കിൽ നിങ്ങളുടെ പ്രതീക്ഷകൾ പൂവണിയാൻ പോകുന്നു.

സ്നേഹമെന്ന മധുരമായ വാക്കിന് ശരിയായ നിർവ്വചനം നൽകിയ നല്ല സ്നേഹിതൻ എന്നു തെളിയിച്ച യേശുവിനെ നിങ്ങൾക്ക് പരിചയമുണ്ടോ? ഇല്ലെങ്കിൽ പരിചയപ്പെടണം. ഇതുപോലൊരു സ്നേഹിതനെ നിങ്ങൾക്ക് ഒരിടത്തും കണ്ടെത്തുവാൻ കഴിയുകയില്ല. നൊമ്പരപ്പെടുന്ന സ്നേഹത്തിനുടമയാണു താൻ. തന്റെ സ്നേഹത്തിന് വഞ്ചനയോ, കാപട്യമോ, സ്വാർത്ഥതയോ ഇല്ല. നീയെന്നെ സ്നേഹിക്കുന്നുവോ എന്ന ചോദ്യത്തിന്, ആ നല്ല സ്നേഹിതൻ മറുപടി തേടിക്കൊണ്ടിരിക്കുകയാണ്. വേദനകൾ ജീവിതത്തിൽ തിരമാലകൾപോലെ അടിച്ചുയരുമ്പോൾ നിശ്ചയമായും അവന്റെ മാർവ്വിൽ ചാരി അഭയം പ്രാപിക്കാൻ കഴിയും. ശരിക്കും യേശു സ്നേഹം തന്നെയാണ്. സമുദ്രത്തേക്കാൾ ആഴമേറിയ യേശുവിന്റെ സ്നേഹം നിങ്ങളുടെ ഹൃദയാന്തർഭാഗത്തുള്ള ആഗ്രഹത്തെ തൃപ്തിപ്പെടുത്തും.

തൂലിക, ഫോൺ, ഇന്റർനെറ്റ് സൗഹൃദങ്ങളിലൂടെ വഞ്ചിക്കപ്പെട്ടവരുടെ അനുഭവങ്ങൾ നാം ദിനവും കാണുകയും കേൾക്കുകയും ചെയ്യുന്നു. യഥാർത്ഥ സ്നേഹിതനെ എവിടെയും കണ്ടെത്തുന്നില്ല. സ്നേഹം കൈക്കുമ്പിളിൽ ഒതുക്കി എന്ന് ചിന്തിക്കുമ്പോഴേക്കും അത് മരീചിക പോലെ അകന്നുപോകുന്നു. ചാരംമൂടിയ കനൽകട്ടകൾപോലെ എത്രനാൾ ഈ ജീവിതം മുന്നോട്ടു കൊണ്ടുപോകും. വെറുതെ ചിരിച്ച് സ്നേഹം ഭാവിക്കുന്ന കപടലോകത്തിൽ നിങ്ങളെ സ്നേഹിക്കുന്ന ഒരാത്മസ്നേഹിതനുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. അതെ, അത് മറ്റാരുമല്ല. എന്നെ രക്ഷിച്ച യേശു തന്നെയാണ്. നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നാണ് യേശു പറയുന്നത്. യേശുവിനെ ശരണം

പ്രാപിക്കുന്നവർ സന്തോഷിക്കും, ആനന്ദിച്ചാർക്കും എന്നത് ഒരനുഭവമാണ്. നിങ്ങൾ ഇപ്പോൾ ചിന്തിക്കുന്നുണ്ടാവും ഞാൻ മതത്തെക്കുറിച്ച്; അല്ലെങ്കിൽ മതപരിവർത്തനത്തെക്കുറിച്ചാണ് പറഞ്ഞുവരുന്നതെന്ന്. അല്ല സുഹൃത്തേ, ഞാൻ പറയുന്ന യേശു മതസ്ഥാപകനല്ല. മതത്തിന്റെ പ്രതീകമല്ല. ഒരു മതത്തിന്റെയും സ്വന്തവുമല്ല. യേശു രക്ഷകനാണ്, വഴികാട്ടിയാണ്, ആശ്വാസകനാണ്, ആശ്രയിക്കാൻ കൊള്ളാവുന്ന നല്ല സ്നേഹിതനാണ്.

നിങ്ങളുടെ ജീവിത വിജയത്തിന് ഒരു മാർഗ്ഗദർശിയായി, ഒരു നല്ല സ്നേഹിതനെ നിങ്ങൾക്കാവശ്യമാണ്. അങ്ങനെയുള്ള ഒരുവനെയാണ് ഞാൻ ചൂണ്ടികാണിച്ചത്. സമാധാനവും സന്തോഷവും നൽകി ലക്ഷ്യത്തിൽ കൊണ്ടെത്തിക്കാൻ കഴിവുള്ള യേശുവിനെ ഇന്നു തന്നെ സ്വന്തമാക്കുക.

**ആനന്ദിക്കുമ്പോൾ കൂടെ ആനന്ദിക്കാൻ ആയിരങ്ങൾ വരും. വേദനിക്കുമ്പോൾ വേദനിപ്പിയ്ക്കാൻ ആയിരങ്ങൾ വരും. കരയുമ്പോൾ കൂടെ കരയാൻ; ആശ്വസിപ്പിക്കാൻ യേശു മാത്രം വരും.** ഇത് സത്യമാണ്, യാഥാർത്ഥ്യമാണ്, അനുഭവമാണ്. ഞാൻ അറിഞ്ഞതും അനുഭവിച്ചതുമാണ് നിങ്ങളുമായി പങ്കുവച്ചത്. നിങ്ങളെയും ഈ അനുഭവത്തിൽ പങ്കാളിയാകാൻ ക്ഷണിക്കുന്നു.

സുഹൃത്തേ; മറക്കാതെ, മടിക്കാതെ യേശുവിനോട് സംസാരിക്കൂ. നിങ്ങളുടെ ഹൃദയത്തിലേക്ക് യേശുവിനെ ക്ഷണിക്കൂ. നിർബന്ധിക്കുകയല്ല കേട്ടോ. തീരുമാനം നിങ്ങളുടേതാണ്. ജീവിത വിജയത്തിന് ഉറച്ച ഒരു തീരുമാനം എടുക്കേണ്ട ആവശ്യകത ഓർമ്മിപ്പിച്ചുവെന്നു മാത്രം.

# 24

# ഓർക്കുക; മറക്കരുത്

നമ്മുടെ ജീവിതത്തിൽ നാം പലതിനും പ്രാധാന്യം നൽകുന്നു. ഉയർന്ന വിദ്യാഭ്യാസം, ഉന്നതജോലി, ഉയർന്ന പദവി, പണം, പ്രശസ്തി, സുഖസൗകര്യങ്ങൾ എന്നിങ്ങനെ നേട്ടങ്ങൾ വെട്ടിപ്പിടിക്കാൻ അത്യദ്ധ്വാനംചെയ്യുന്നു. എന്നാൽ ഇന്നല്ലെങ്കിൽ നാളെ തയ്യാറാണെങ്കിലും അല്ലെങ്കിലും നിങ്ങൾ മരിക്കും. പിന്നെ ഈ ഭൂമിയിൽ നിങ്ങൾക്ക് പ്രവർത്തിക്കുവാനോ ചിന്തിക്കുവാനോ അനുഭവിക്കുവാനോ ആസ്വദിക്കുവാനോ ഒരു മിനിട്ടുപോലും ശേഷിക്കുന്നില്ല. നിങ്ങൾ സമ്പാദിച്ചവ മറ്റുള്ളവർ കൈവശപ്പെടുത്തും. പ്രശസ്തിയും അധികാരവും വിജയവുമെല്ലാം ശൂന്യതയിൽ ലയിക്കും. വേണ്ടപ്പെട്ടവർക്കുപോലും നിങ്ങൾ അപ്രസക്തനാകും. എങ്കിൽപ്പിന്നെ നിങ്ങൾ ജീവിതത്തിൽ പ്രാധാന്യം കൊടുത്ത കാര്യങ്ങൾക്ക് എന്തു പ്രസക്തി? താൽക്കാലികമായതിനുവേണ്ടി നിങ്ങൾ അദ്ധ്വാനിച്ചു; എന്ത് പ്രയോജനം? നിത്യമായത് നിങ്ങൾ വിട്ടുകളഞ്ഞു, ഒരു യാത്രയിലാണെന്ന കാര്യം ഓർത്തതേയില്ല. യാത്ര ഒരു വഴിത്തിരിവിൽ എത്തിയപ്പോഴാണ് യാത്രയ്ക്കായി ഒരുക്കങ്ങൾ ഒന്നും നടത്തിയിട്ടില്ലാ എന്നു നിങ്ങൾ അറിയുന്നത്. ആവശ്യമായ രേഖകളില്ലാതെ, ആവശ്യത്തിനു പണ

മില്ലാതെ, വേണ്ടത്ര സമ്പാദ്യമില്ലാതെ, പാർക്കാൻ ഒരിടമില്ലാതെ വെറുംകയ്യുമായി മറ്റൊരു രാജ്യത്ത് ചെന്നുപെട്ടാലത്തെ സ്ഥിതി എന്തായിരിക്കും എന്നു ചിന്തിച്ചു നോക്കുക. അതിനേക്കാൾ ഭീകരമാണ് ഒരുക്കങ്ങളും തയ്യാറെടുപ്പുമില്ലാതെ മരണാനന്തര ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്.

മരണത്തോടെ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടതിനു ശേഷം നിത്യതയിൽനിന്ന് നെടുവീർപ്പിടുന്നതുകൊണ്ട് എന്ത് കാര്യം?. മരണം ആകസ്മികമായി സംഭവിക്കുന്നതല്ല. അത് നിർണ്ണയിക്കപ്പെട്ട കാര്യമാണ്. മരണം വഴിയായി മറ്റൊരു ലോകത്തേക്ക് മാറ്റപ്പെടും എന്ന വസ്തുതയെ നിരാകരിച്ചതുകൊണ്ടോ, ബോധപൂർവ്വം വിസ്മരിച്ചതുകൊണ്ടോ ഒരു പ്രയോജനവുമില്ല. അത് അങ്ങനെതന്നെ സംഭവിക്കും. അങ്ങനെയെങ്കിൽ ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് ചിന്തിക്കുക. മരണാനന്തര ജീവിതത്തെക്കുറിച്ചും ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്ന-നിലനിൽക്കുന്ന കാര്യങ്ങളെക്കുറിച്ചും നല്ല അവബോധമുള്ളവരാകാം. ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ മൂല്യവത്തായ, അർത്ഥവത്തായ ജീവിതം നയിപ്പാൻ ഒരുങ്ങുക... താമസിക്കരുത്.. അത് നാളേക്ക് മാറ്റിവയ്ക്കരുത്. നാളെയെന്നുള്ളത് നിങ്ങൾക്കുള്ളതല്ല.

## ശാസ്ത്രം-ചരിത്രം-മതം-ക്രിസ്തു

ലഘുവായനയ്ക്കുവേണ്ടി തികച്ചും ലളിതമായ വിശദീകരണം മാത്രമാണ് ഈ ചെറുപുസ്തകത്തിൽ നൽകിയിരിക്കുന്നത്. ഏതെങ്കിലും വിഷയത്തിൽ കൂടുതൽ ആധികാരികമായ വിശദീകരണം ആവശ്യമുള്ളവർ ഞങ്ങൾക്കെഴുതുക. നിങ്ങളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും ടൈറ്റസ് കാർത്തികപ്പള്ളി മറുപടി പറയുന്നു. മറുപടി-വിശദീകരണം ആവശ്യമുള്ളവർ മതിയായ സ്റ്റാമ്പൊട്ടിച്ച മടക്കകവർ സഹിതം കാര്യങ്ങൾ വ്യക്തമാക്കി കത്ത് അയയ്ക്കേണ്ടതാണ്.

നിങ്ങളുടെ അഭിപ്രായം ദയവായി അറിയിക്കുക.


ടൈറ്റസ് കാർത്തികപ്പള്ളി
പുന്നൂത്തറ
കേരള 690516
ഇന്ത്യ
ഫോൺ : 0479 3201787, 9847232598, 9847990939

*e-mail : vedabimani@gamil.com*
*e-paper : vedabhimani*